# സത്യദൂതൻ

2015 മെയ് | ലക്കം 4

വില ₹ 20




## മതത്തിന്റെ ഉത്ഭവം ഭയത്തിൽ നിന്നോ?

## പ്രകൃതിദുരന്തങ്ങളുടെ നാനാർത്ഥങ്ങൾ

**ദൈവാസ്തിക്യം: ശാസ്ത്രജ്ഞന്മാരുടെ വീക്ഷണങ്ങൾ**

**മാംസാഹാരം ഹിന്ദുമതഗ്രന്ഥങ്ങളിൽ**

**യമൻ: കത്തിയെരിയുന്ന മറ്റൊരു പശ്ചിമേഷ്യൻ ഭൂമി**




# ഇസ്‌ലാമും സമകാലീനപ്രശ്നങ്ങളും

Islam's Response to Cotemporary Issues
എന്ന വിഖ്യാത കൃതിയുടെ പരിഭാഷ

ഗ്രന്ഥകർത്താവ്
**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**
(ഖലീഫത്തുൽ മസീഹ് നാലാമൻ)

വിവ: എ. എം മുഹമ്മദ് സലീം
**പ്രസാ: മജ്‌ലിസ് അൻസാറുല്ലാഹ്, കേരള**

**യാഥാസ്ഥിതിക മുസ്‌ലിം മതവീക്ഷണങ്ങളെ സമൂലം തിരുത്തിക്കുറിച്ചു കൊണ്ട് ദൈവിക വചനങ്ങളിലെ വിസ്മയകരമായ യുക്തിയും നീതിയും പ്രമാണമാക്കി ലോക പ്രശ്നങ്ങൾക്ക് പരിഹാര നിർദ്ദേശങ്ങൾ.**

**മുസ്‌ലിം ചിന്തകന്മാർ വഴിമുട്ടി നിൽക്കുന്ന ആധുനിക സമസ്യകൾക്ക് പ്രമാണികവും അനിഷേധ്യവുമായ ഉത്തരങ്ങൾ!**

**വിമർശകരെ കീഴടക്കുന്ന വാദമുഖങ്ങൾ!**

**ആധുനിക ചിന്തകരെ നിഷ്പ്രഭമാക്കുന്ന നിരീക്ഷണങ്ങൾ!**

**സമകാലീനലോകസമൂഹത്തിന് സ്വർഗീയ ശാന്തിയുടെ നൂതനപ്രകാശം പകരുന്ന അത്യപൂർവവും ഉജ്ജ്വലവുമായ കൃതി!!**

لاالٰہ الااللّٰہ محمد رسول اللّٰہ

# സത്യദൂതൻ

The Sathyadoothan Monthly

2015 മെയ്
ഹി.ശ.1395 – ഹിജറത്ത്
1436 – ഹിജറ – റജബ്
പുസ്തകം 87 ലക്കം 5
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം



5 എഡിറ്റോറിയൽ

6 യുഗശബ്ദം



7 ഖുത്ബ
**മതാധ്യാപനങ്ങൾ മനുഷ്യന് ഐശ്വര്യ സമൃദ്ധികൾ നൽകുന്നു**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

11 കവിത
**ശുഹദാക്കൾ**
റൗഫ് റൂമി, കൂടാളി

12 **മതത്തിന്റെ ഉത്ഭവം ഭയത്തിൽ നിന്നോ?**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

18 **ദൈവാസ്തിക്യം: ശാസ്ത്രജ്ഞന്മാരുടെ വീക്ഷണങ്ങൾ**
പ്രൊഫ: സാലേ മുഹമ്മദ് അല്ലാദീൻ

23 **മഹ്ദി ഇമാമിന്റെ ആവിർഭാവം**
മുഹമ്മദ് ഉമർ, കോഴിക്കോട്

26 **മാംസാഹാരം ഹിന്ദുമതഗ്രന്ഥങ്ങളിൽ**
മഹാശ: മുഹമ്മദ് ഉമർ ശർമ. എച്ച്. എ.

28 **പ്രകൃതിദുരന്തങ്ങളുടെ നാനാർത്ഥങ്ങൾ**
എ. എം. മുഹമ്മദ് സലീം

32 **വാഗ്ദത്ത മസീഹ് (അ) ആര്യസമാജവുമായി നടത്തിയ തൂലികാ സമരം**
എ. ക്യു. മഹ്ദി

36 **ഖലീഫ: ഭീതിയുടെ ആൾ രൂപമോ? സ്വർഗീയ ശാന്തിയുടെ ഉറവിടമോ?**
മുഈൻ അഹ്മദ് സിദ്ദീഖ്, പഴയങ്ങാടി

39 **യമൻ: കത്തിയെരിയുന്ന മറ്റൊരു പശ്ചിമേഷ്യൻ ഭൂമി**
മുസാഫിർ

43 **വാർത്തകൾ**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി – 682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ**: 9497343704

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250


Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്

'മനുഷ്യരേ, നിങ്ങളുടെ നാഥനെ സൂക്ഷിച്ചുകൊള്ളുക. ആ നിശ്ചിത സമയത്തെ പ്രകമ്പനം ഒരു ഭയങ്കര സംഭവം തന്നെയാണ്, നിങ്ങൾ അത് കാണുന്ന നാളിൽ മുല കൊടുക്കുന്ന എല്ലാ മാതാക്കളും അവർ മുലയൂട്ടുന്ന ശിശുക്കളെ വിസ്മരിച്ചുപോകും. എല്ലാ ഗർഭിണികളും തങ്ങളുടെ ഗർഭം പ്രസവിച്ചുപോകും. ജനങ്ങളെ മത്തു പിടിച്ചവരായി നിനക്ക് കാണാം. യഥാർഥത്തിൽ അവർ മത്തുപിടിച്ചവരായിരിക്കില്ല. അല്ലാഹുവിന്റെ ശിക്ഷ കഠിനമാണ്.' **(22:2–3)**



## നബിവചനം



ഖിയാമത്തു നാളിൽ അല്ലാഹു ഭൂമിയെ കൈയിലെടുക്കും. ആകാശത്തെ വലത് കൈയിൽ ചുരുട്ടിപ്പിടിക്കുകയും ചെയ്യും. എന്നിട്ട് അവൻ ചോദിക്കും. "ഞാനാണ് രാജാവ്. ഭൂമിയിലെ രാജാക്കന്മാർ എവിടെ?" **(ബുഖാരി, മുസ്‌ലിം)**

## വാഗ്ദത്ത മസീഹിന്റെ വചനം

മനുഷ്യനുണ്ടായ നാൾ മുതൽ നാളിതുവരെ സംഭവിച്ചിട്ടില്ലാത്ത വിധം അത്യന്തം ഭയങ്കരമായ നാശം ഭൂമുഖത്തുണ്ടാകാൻ പോകുന്നു. അധികമായ സ്ഥലങ്ങളും അവിടങ്ങളിൽ ഒരിക്കലും ജനവാസം ഉണ്ടായിട്ടില്ലെന്ന് തോന്നുമാറുള്ള തരത്തിൽ അടിമേൽമറിഞ്ഞുപോകും... ഖിയാമത്തിന്റെ കാഴ്ച ലോകം കാണുന്നതാണ്. ഭയങ്കരമായ വിപത്തുകൾ ആകാശത്തുനിന്നും ഭൂമിയിൽ നിന്നും വെളിപ്പെടും. ആകയാൽ പശ്ചാത്തപിച്ച് മാനസാന്തരപ്പെടുന്നവർക്ക് അഭയവും രക്ഷയും ലഭിക്കും.

അല്ലയോ യൂറോപ്പേ, നീ രക്ഷയിലല്ല! അല്ലയോ ഏഷ്യാ, നീയും രക്ഷയിലല്ല! ഓ ദ്വീപുകളിൽ വസിക്കുന്നവരേ, നിങ്ങളാൽ നിർമിതമായ ഒരു ദൈവവും അന്നാളിൽ നിങ്ങളെ സഹായിക്കുകയില്ല! മഹാനഗരങ്ങൾ മറിഞ്ഞുവീഴുന്നതായി ഞാൻ കാണുന്നു. ജനബാഹുല്യമുള്ള ദേശങ്ങൾ ജനശൂന്യങ്ങളായി ഭവിക്കുന്നതും ഞാൻ കാണുന്നു. ഈ രാജ്യത്തിന്റെ അവധിയും സംഭവിച്ചുകൊണ്ടിരിക്കുന്നു. നൂഹിന്റെ കാലം നിങ്ങളുടെ കൺമുമ്പിൽ വരും. ലൂത്തിന്റെ രാജ്യത്ത് സംഭവിച്ചത് നിങ്ങളുടെ സ്വന്തം കണ്ണുകൾ കൊണ്ട് കാണും. **(ഹഖീഖത്തുൽ വഹ്‌യ്, പേജ് 28)**



എഡിറ്റോറിയൽ

# ഭൂകമ്പങ്ങളും മനുഷ്യനും

2015 ഏപ്രിൽ 28 ശനിയാഴ്ച 11.41 ന് റിക്ടർ സ്കെയിലിൽ 7.9 രേഖപ്പെടുത്തിയ ഒരു മിനിറ്റ് നീണ്ടു നിന്ന ഭൂകമ്പത്തിൽ നേപ്പാൾ തലസ്ഥാനം കാഠ്മണ്ഡു അടിമേൽ മറിഞ്ഞത് പോലെയായി. മരണസംഖ്യ പതിനായിരം കവിയുമെന്നാണ് നേപ്പാൾ പ്രധാനമന്ത്രി പറഞ്ഞത്. ഇന്ത്യാ ഗവൺമെന്റ് ശ്ലാഘനീയമായ ദുരിതാശ്വാസ പ്രവർത്തനമാണ് നേപ്പാളിൽ നടത്തുന്നത്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിലുള്ള ഹ്യുമാനിറ്റി ഫസ്റ്റ് എന്ന ആഗോള ജീവകാരുണ്യ സംഘടന ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി നേപ്പാളിലേക്ക് തിരിച്ചിട്ടുണ്ട്.

തിളച്ചുമറിയുന്ന അകക്കാമ്പിനുമീതെ മന്ദഗതിയിൽ ചലിച്ച്കൊണ്ടിരിക്കുന്ന ഏഴു മുഖ്യ ഭൂഫലകങ്ങളും (പ്ലെയിറ്റ്) മറ്റനേകം ചെറു ഫലകങ്ങളും കൊണ്ട് നിർമിക്കപ്പെട്ടതാണ് നമ്മുടെ ഭൂമി. വിശുദ്ധ ഖുർആൻ പറയുന്നു. ***'ഭൂമിയിൽ അടുത്തടുത്ത് കിടക്കുന്ന ഖണ്ഡങ്ങളുമുണ്ട് (13:5)'*** അതുകൊണ്ട് ഭൂമിയുടെ അന്തർഭാഗം സജീവവും ചലനാത്മകവുമാണ്. ഭൂകമ്പങ്ങൾക്കും അഗ്നിപർവതങ്ങൾക്കും കാരണം ഇതാണ്. ഈ ഭൂഫലകങ്ങൾ ഇളകിത്തെറിച്ച് പോകാതെ മണിക്കൂറിൽ 1670 കിലോ മീറ്റർ വേഗതയിൽ സ്വയം ഭ്രമണവും 107200 കി.മി സൂര്യനെ ചുറ്റിയുള്ള പരിക്രമണവും ശാന്തസുന്ദരമായി ഭൂമി നിർവഹിക്കുന്നു. ഖുർആൻ പറയുന്നു: ***'അവൻ ഭൂമിയിൽ ഉറച്ച പർവതങ്ങൾ സ്ഥാപിച്ചിരിക്കുന്നു. നിങ്ങളെയും കൊണ്ട് ഭൂമി ഇളകാതിരിക്കാൻ'( 16:18) 'സൂര്യന് ചന്ദ്രനെ എത്തിപിടിക്കാനാവുകയില്ല. രാവ് പകലിനെ മറികടക്കുന്നതുമല്ല. എല്ലാം (എല്ലാ ഗോളങ്ങളും) അതാതിന്റെ ഭ്രമണ പഥത്തിൽ അനായാസം സഞ്ചരിച്ചുകൊണ്ടിരിക്കുന്നു.'(36:49)***

മനുഷ്യകരങ്ങൾക്കതീതമായ ഈ ഗോളചലനം പരമകാരുണികനായ അല്ലാഹുവിന്റെ ഔദാര്യം മാത്രമാണ്. മനുഷ്യനേയും പ്രപഞ്ചത്തേയും സൃഷ്ടിച്ചു പരിപാലിക്കുന്ന കാരുണ്യവാനായ അല്ലാഹു ഭൂകമ്പങ്ങളിൽ മനുഷ്യന് നാശം വരുത്തുന്നില്ല. ഭൂമിയുടെ കുലുക്കം കൊണ്ട് മാത്രം മനുഷ്യരാരും മരിക്കുന്നില്ല. മറ്റു ജീവജാലങ്ങൾക്കും കാര്യമായ ജീവഹാനി സംഭവിക്കുന്നില്ല. മരണവും നാശവും മനുഷ്യന്റെ കരങ്ങളുടെ നിർമിതികൊണ്ടാണ്. ആത്മീയവും ഭൗതികവുമായ മനുഷ്യന്റെ അപഭ്രംശങ്ങളാണ് നാശഹേതു. പ്രകൃതി ദുരന്തങ്ങളിൽ നിന്ന് ആത്മീയവും ധാർമികവുമായ പാഠങ്ങളും വിജ്ഞാനങ്ങളും ഉൾകൊണ്ട് മനുഷ്യൻ പുരോഗമിക്കുകയാണ് ചെയ്യേണ്ടത്.

പ്രകൃതിയുടെ സൃഷ്ടിപ്പിൽ തന്നെ സൂക്ഷ്മമായ നിലയിൽ ലീനമായിക്കിടക്കുന്ന ഒരു ധാർമിക നിയമം കൂടി ദൈവം സൃഷ്ടിച്ചിരിക്കുന്നു. മനുഷ്യൻ ധാർമികതയുടെ അതിരുകൾ ലംഘിക്കുമ്പോൾ പ്രകൃതി വിജ്രംഭിതമാവുന്നു. മനുഷ്യ ചരിത്രം അതിന് സാക്ഷിയാണ്. അങ്ങനെ മണ്ണടിഞ്ഞു പോയ നിരവധി നാഗരികതകൾ അവസാന കാലം ധാർമികമായ അപചയം സംഭവിച്ചതായി ചരിത്ര ദാർശനികന്മാർ സാക്ഷ്യം നിൽക്കുന്നു. അത്തരം ശിക്ഷാ രൂപത്തിലുള്ള ഭൂകമ്പങ്ങളെ പറ്റി വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്( അ) പറയുന്നു:

*ഈ ഭയങ്കരമായ വിപത്ത് മതപരമയ ഭിന്നിപ്പ് കാരണമായി ആരുടെയെങ്കിലും മേൽ ആപതിക്കുന്നതല്ല. ഹിന്ദുവോ ക്രിസ്ത്യാനിയോ ആയതിന്റെ പേരിലും ഈ വിപത്ത് ഇറങ്ങുകയില്ല. ആരെങ്കിലും എന്റെ അനുയായി വൃന്ദത്തിൽ പ്രവേശിച്ചിട്ടില്ലാത്തതിനാലും സംഭവിക്കുന്നതുമല്ല. ഇവരെല്ലാം ഈ അസ്വാസ്ഥ്യത്തിൽ നിന്ന് മുക്തരാകുന്നു. ഏതെങ്കിലും മതവുമായി ബന്ധപ്പെട്ടവരായിരിക്കെ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സ്വഭാവക്കാരും ചതിയിലും വഞ്ചനയിലും മുഴുകിയവരും വ്യഭിചാരിയും കൊലയാളിയും കള്ളനും ദ്രോഹിയും ദുർഭാവനക്കാരനും ദുർഭാഷിയും ദുർവൃത്തനും ആരോ അവർ അതിനെ തൊട്ട് പേടിക്കേണ്ടതാണ്. അവർ പശ്ചാത്തപിച്ച് മടങ്ങുന്നുവെങ്കിൽ അവർ വ്യസനിക്കേണ്ടതില്ല. നന്മ പ്രവർത്തിക്കുകയും സദ്വൃത്തരുമാണെങ്കിൽ ഈ വിപത്ത് ഒഴിഞ്ഞു പോകുന്നതാണ്. (ബറാഹീനെ അഹ്മദിയ്യാ പേജ് 120)*

എല്ലാ പ്രകൃതി ദുരന്തങ്ങളും ദൈവത്തിന്റെ ശിക്ഷയല്ല. വിഷം കഴിച്ചാൽ മരിക്കുമെന്നത് പ്രകൃതി നിയമമാണ്. പക്ഷേ മരിക്കുന്നവരെല്ലാം വിഷം കഴിച്ചവരാകണമെന്നില്ല. ആത്മീയവും ധാർമികവുമായി മനുഷ്യനെ സംസ്കരിക്കാൻ വേണ്ടി മാത്രമല്ല മനുഷ്യന് കൂടുതൽ അറിവും ഭൗതിക പുരോഗതിക്കുള്ള സാഹചര്യങ്ങളും പ്രയാസങ്ങളും ദുരന്തങ്ങൾ നൽകുന്നു എന്നാണ് അനുഭവം. ജപ്പാനിൽ 1923 ൽ ഉണ്ടായ ഭൂകമ്പത്തിൽ 1,40,000 ആളുകൾ മരിച്ചു. നൂറ്റാണ്ടുകളായി നിരന്തരം ഭൂകമ്പങ്ങൾക്ക് വിധേയമാവുന്ന ജപ്പാൻ ഭൂകമ്പത്തെ അതിജീവിക്കാനുള്ള കെട്ടിട നിർമാണ വിദ്യയിൽ ബഹുദൂരം മുന്നോട്ടുപോയതിന്റെ ഫലമായി റിക്ടർ സ്കെയിലിൽ 9 രേഖപ്പെടുത്തിയ 2011 ലെ വൻഭൂകമ്പത്തിൽ 20,000 പേർ മാത്രമാണ് മരിച്ചത്!. 2003 ലെ മറ്റൊരു വലിയ ഭൂകമ്പത്തിൽ ഒരാളാണ് മരിച്ചത്! അവികസിതമായ ആഫ്രിക്കയിലെ ഹെയ്ത്തിയിൽ 2010 ലെ ഭൂകമ്പത്തിൽ മരിച്ചതോ മൂന്ന് ലക്ഷം പേരും!!

***എല്ലാ പ്രകൃതി ദുരന്തങ്ങളിൽ നിന്നും അല്ലാഹു നമ്മെ രക്ഷിക്കട്ടെ (ആമീൻ)***



ഹദ്റത്ത് അഹ്മദ് (അ)

# കിടിലം കൊള്ളിക്കുന്ന പ്രകമ്പനങ്ങൾ

"**അ**ല്ലാഹുവിന്റെ വഹ്‌യിൽ ഭൂകമ്പങ്ങളെ പറ്റി അടിക്കടി പറയപ്പെട്ടിരിക്കുന്നു. ഖിയാമത്തിന്റെ മാതൃകയിലുള്ള ഭൂകമ്പങ്ങൾ ആയിരിക്കുമെന്നും വിവരിച്ചിരിക്കുന്നു. വിശുദ്ധ ഖുർആൻ 99-ാം അധ്യായം (സൂറ: അസ്സിൽസാൽ) തുടക്കത്തിൽ വിവരിച്ചത് പോലുള്ള ഭൂകമ്പമാണ് ഖിയാമത്തിന്റെ മാതൃകയിലുള്ള ഭൂകമ്പം. ഇത് സാധാരണ ഭൂകമ്പം അല്ലാതിരിക്കാൻ സാധ്യതയുണ്ട്. ഖിയാമത്തിന്റെ ദൃശ്യം അവതരിപ്പിക്കുന്ന മറ്റെന്തെങ്കിലും ഭയങ്കരമായ വിപത്ത് ആയിരിക്കുകയും ചെയ്യാം. അത്തരം ഒരു വിപത്ത് ഈ കാലം കണ്ടിരിക്കുകയില്ല. ജീവനും കെട്ടിടങ്ങൾക്കും ഭയങ്കര നാശം സംഭവിക്കും. അത്തരം അസാധാരണമായ അടയാളം വെളിപ്പെടാതിരിക്കുകയും ജനങ്ങൾ സ്വയം സംസ്കരണത്തിന് തയ്യാറാകാതിരിക്കുകയുമാണെങ്കിൽ ഞാൻ ഒരു കള്ളവാദി തന്നെയായിരിക്കും. ദൈവം ഭൂകമ്പം എന്ന പദം കൊണ്ട് വ്യവച്ഛേദിച്ചിരിക്കുന്ന ഈ ഭയങ്കരമായ വിപത്ത് മതപരമായ ഭിന്നിപ്പിന്റെ കാരണമായി ആരുടെയെങ്കിലും മേൽ ആപതിക്കുന്നതല്ല. ഹിന്ദുവോ, ക്രിസ്ത്യാനിയോ ആയതിന്റെ പേരിലും ഈ വിപത്ത് ഇറങ്ങുകയില്ല. ആരെങ്കിലും എന്റെ അനുയായി വൃന്ദത്തിൽ പ്രവേശിച്ചിട്ടില്ലാത്തതിനാൽ സംഭവിക്കുന്നതുമല്ല. ഇവരെല്ലാം ഈ അസ്വാസ്ഥ്യത്തിൽ നിന്നും മുക്തരാകുന്നു. ഏതെങ്കിലും മതവുമായി ബന്ധപ്പെട്ടവരായിരിക്കെ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സ്വഭാവക്കാരും ചതിയിലും വഞ്ചനകളിലും മുഴുകിയവരും വ്യഭിചാരിയും കൊലയാളിയും കള്ളനും ദ്രോഹിയും ദുർഭാവനക്കാരനും ദുർഭാഷിയും ദുർവൃത്തനും ആരോ അവരും അതിനെതൊട്ട് പേടിക്കേണ്ടതാകുന്നു. അവർ പശ്ചാത്തപിച്ച് പിന്മാറുന്നുവെങ്കിൽ അവർക്കും വ്യസനിക്കേണ്ടിവരില്ല. നന്മ പ്രവർത്തിക്കുന്നവരും സദ്‌വൃത്തരുമാണെങ്കിൽ ഈ വിപത്ത് ഒഴിഞ്ഞുപോകാവുന്നതാണ്." (ബറാഹീൻ. പേജ് 120)

"ഇത് എപ്പോഴാണ് സംഭവിക്കുക? കുറച്ച് നാളുകൾക്കുള്ളിലോ കുറച്ച് ആഴ്ചകൾക്കുള്ളിലോ കുറച്ച് മാസങ്ങൾക്കുള്ളിലോ കുറച്ച് കൊല്ലങ്ങൾക്കുള്ളിലോ എന്ന് എന്നോട് പറയപ്പെട്ടിട്ടില്ല. അടുത്തോ അകലത്തോ എപ്പോൾ അത് സംഭവിച്ചാലും അത് ഒരു ഭൂകമ്പമോ മറ്റേതെങ്കിലുമോ ആയാലും അത് അതിന്റെ കാഠിന്യത്തിൽ ഭയാനകം തന്നെയായിരിക്കും. എന്റെ സഹജീവികളായിട്ടുള്ളവരോടുള്ള അഗാധമായ അനുകമ്പ കാരണം ഞാൻ നിർബന്ധിതനായിത്തീർന്നിട്ടില്ലെങ്കിൽ ഞാനിത് പറയുമായിരുന്നില്ല. അതുകൊണ്ട് കേട്ട്കൊണ്ടാലും: ഞാനിതാ നിങ്ങൾക്ക് മുന്നറിയിപ്പ് നൽകിക്കഴിഞ്ഞിരിക്കുന്നു; ഭൂമിയിതാ കേൾക്കുന്നു. സദ്‌വൃത്തിയിൽ നിന്ന് ആർ വ്യതിചലിക്കുന്നുവോ അകൃത്യങ്ങളിലേക്ക് ചാഞ്ഞിരിക്കുന്നുവോ ഭൂമിയെ തന്റെ പാപങ്ങളാൽ പങ്കിലമാക്കുന്നുവോ അവൻ പിടിക്കപ്പെടും. തന്റെ കോപം ഭൂമിയിൽ പതിക്കാൻപോകുന്നതായി സർവശക്തൻ താക്കീത് ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, ഭൂമിയിൽ പാപവും തിന്മയും നിറഞ്ഞിരിക്കുന്നു. പൂർവപ്രവാചകന്മാർ ദീർഘദർശനം ചെയ്തതിൻവണ്ണം അന്ത്യം അടുത്തിരിക്കുന്നതായി അറിഞ്ഞുകൊൾവിൻ. എന്നെ അയച്ചിരിക്കുന്നവനെ സാക്ഷിയാക്കികൊണ്ട് ഞാനിതാ പറയുന്നു. ഇതെല്ലാം ദൈവത്തിൽ നിന്നുള്ള അറിയിപ്പുകളത്രെ; എന്നിൽ നിന്നുള്ളതല്ല. എന്റെ ഈ മുന്നറിയിപ്പുകൾ കുറേയെല്ലാം ശ്രദ്ധിച്ചുവെങ്കിൽ ഹാ, എത്ര നന്നായിരുന്നു! എങ്കിൽ ലോകം നാശത്തിൽ നിന്ന് രക്ഷപ്പെടുമായിരുന്നു. മനുഷ്യരെ ഭ്രാന്തരാക്കിക്കളയുന്ന ആ നാളുകൾ ഇതാ അടുത്തിരിക്കുന്നു. നിർഭാഗ്യവാനായ ബുദ്ധിഹീനർ പറയുന്നു. ഇതെല്ലാം കള്ളമാണെന്ന്. സൂര്യൻ ഉദിക്കാറായിരിക്കെ അവർ ഉറക്കത്തിലായിരിക്കുന്നതെന്തേ?" ('അൽ ഇൻദാർ' 1905)

"ആകാശത്തിലാകെയും ഘോരാരവങ്ങളാണ്; എന്നാൽ നിങ്ങൾ അതറിയുന്നില്ല. പകൽ പ്രകാശപൂർണമായിരുന്നു. എന്നാൽ മേഘപടലങ്ങളാൽ അന്തരീക്ഷങ്ങൾ കനത്തുപോയി. കുറച്ചുനാളുകൾക്ക് ശേഷം ഒരു ദൃഷ്ടാന്തം വെളിപ്പെടുന്നതാണ്. അത് മൂലം ഗ്രാമങ്ങളും നഗരങ്ങളും സമതലങ്ങളുമെല്ലാം അടിമേൽ മറിഞ്ഞുപോകും. ദൈവത്തിന്റെ ക്രോധംമൂലം സൃഷ്ടിജാലങ്ങളിൽ ഒരു വിപ്ലവം സംഭവിക്കുന്നതാണ്. വിവസ്ത്രനായ ഒരാൾക്ക് തന്റെ കൗപീനം ധരിക്കുവാൻ പോലും സമയം കിട്ടുകയില്ല. ഒരു ഭൂകമ്പം പെട്ടെന്ന് മനുഷ്യരെയും വൃക്ഷങ്ങളെയും പാറകളെയും സമുദ്രങ്ങളെയും കുലുക്കിക്കളയുകയും ഒരു ഇമവെട്ടിനിടയിൽ ഭൂമി അടിമേൽ മറിയുകയും വേലിയേറ്റങ്ങൾപോലെ രക്തപ്പുഴയൊഴുകുകയും ചെയ്യും. മുല്ലപ്പൂപോലുള്ള തൂവെള്ള വസ്ത്രങ്ങൾ രാത്രിയിൽ അണിഞ്ഞവർ രക്താഭമായ വസ്ത്രങ്ങളുമായി ഉറക്കമുണരും. മനുഷ്യരും ജനങ്ങളും ബോധമറ്റവരായി മാറും. കുയിലുകളും രാപ്പാടികളും പാട്ടു മറക്കും. എല്ലാ യാത്രക്കാർക്കും ആ മുഹൂർത്തം കഠിനതരമായിരിക്കും. സഞ്ചാരികൾ പ്രാണസങ്കടത്താൽ തന്നത്താനറിയാതെ സ്വയം വഴിമറക്കുകയും ചെയ്യും. മരിച്ചുവീഴുന്നവരുടെ ചോരയിൽ പുഴകളിലെ വെള്ളം ചെമന്ന വീഞ്ഞുപോലെ രക്താഭമായിത്തീരും.... ആ ദൈവീക ദൃഷ്ടാന്തം രോഷപ്രകടനത്തിന്റെ ഒരു മാതൃകയായിമാറും. ആകാശം അതിന്റെ ഊരിപ്പിടിച്ച കഠാരയുമായി ഭൂമിയെ ആക്രമിക്കും. ഓ വിവരം കെട്ടവനേ, നീ എന്നെ നിഷേധിക്കുന്നതിന് ധൃതിപ്പെടരുത്. ഈ ദൃഷ്ടാന്തങ്ങളുടെ പൂർത്തീകരണത്തെയാണ് എന്റെ സത്യം ആശ്രയിച്ചിരിക്കുന്നത്. ഇതെല്ലാം സത്യദൈവത്തിൽ നിന്നുള്ള വെളിപാടുകളത്രെ. അവ തെറ്റാതെ പുലരുക തന്നെ ചെയ്യും."

(ബറാഹീനെ അഹ്മദിയ്യാ 5-ാം ഭാഗം, പേജ് 120)




അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2015 ഏപ്രിൽ 24ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബ യുടെ സംഗ്രഹം

# മതാധ്യാപനങ്ങൾ മനുഷ്യന് ഐശ്വര്യ സമൃദ്ധികൾ നൽകുന്നു

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...)**

**മ**തവിരുദ്ധമായ ഒരു ചോദ്യം ഈയ്യിടെ അധികധികമായി പ്രചരിച്ചുവരുന്നുണ്ട്. സൽസ്വഭാവം ഉണ്ടെങ്കിൽ, അല്ലെങ്കിൽ ഭൗതികവിദ്യാഭ്യാസം സൽസ്വഭാവത്തിലേക്ക് നയിക്കന്നുവെങ്കിൽ പിന്നെ മതത്തിൽ വിശ്വസിക്കേണ്ട ആവശ്യമെന്ത് എന്നതാണ് ആ ചോദ്യം. മതവും പറയുന്നത് അത് നിങ്ങളെ സൽസ്വഭാവം പഠിപ്പിക്കുന്നുവെന്നാണ്. മതവിശ്വാസികൾ പറയുന്നത് സൽസ്വഭാവം തങ്ങളിലുണ്ടായിരിക്കുന്നു എന്നാണ്. മതമൊന്നും ഇല്ലാത്തവരുടെ എന്നല്ല ലൗകികരിൽ അധികമാളുകളുടേയും സൽസ്വഭാവം മതവിശ്വാസികളുടേതിനെക്കാൾ മെച്ചപ്പെട്ടതാണെന്നും പറഞ്ഞു വരുന്നുണ്ട്. ഇതൊക്കെ ഇസ്‌ലാമിനെയാണ് കുറിമാനമാക്കിക്കൊണ്ടിരിക്കുന്നത്. മറ്റു മതങ്ങളിലെ അധികമാളുകളും മതവുമായി ബന്ധമില്ലാത്തവരായി തീർന്നിട്ടുണ്ട്. ഇസ്‌ലാം മതലെ മുസ്‌ലീം ഭൂരിപക്ഷം മാത്രമാണ് മത വിശ്വാസം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്. മതകർമങ്ങൾ അനുഷ്ഠിക്കാത്ത മുസ്‌ലീംകൾപോലും തങ്ങൾ ഇസ്‌ലാംമതവിശ്വാസികളാണെന്ന് പറയുന്നവരാണ്.

മതത്തിൽനിന്ന് അകറ്റാനുള്ള ശ്രമത്തിൽ പ്രത്യേകിച്ചും പാശ്ചാത്യ രാജ്യങ്ങളിൽ വിവിധ രീതികളിൽ വിവിധ കാര്യങ്ങൾ പറഞ്ഞ് നമ്മുടെ കുട്ടികളുടേയും യുവാക്കളുടേയും മനസ്സുകളിൽ വിഷം കുത്തിനിറയ്ക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. എന്തായാലും യുവാക്കളോ കൗമാരക്കാരോ ആയ ആൺകുട്ടകളോ പെൺകുട്ടികളോ തങ്ങളുടെ മാതാപിതാക്കളുടേയും ബന്ധുക്കളുടെയും അടുക്കൽ വിവിധ ചോദ്യങ്ങൾക്ക് മറുപടി അന്വേഷിച്ച് ചെല്ലുമ്പോൾ അവരുടെ ചോദ്യങ്ങൾക്ക് മറുപടി നല്കുന്നതിനു പകരം അവരെ ചില സമയത്ത് അടിച്ചമർത്താൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. ഇതുമുഖേന യുവത്വത്തിലേക്ക് കാലെടുത്തുവെക്കുന്ന കുട്ടികളും മനസ്സിലാക്കുന്നത് -ഇസ്‌ലാം മതം സത്യമാണെന്നും എല്ലാ പ്രശ്നങ്ങൾക്കും അതിൽ പരിഹാരമുണ്ടെന്ന് വാദിക്കുന്നുവെങ്കിലും കാലത്തിനനുസൃതമായി കർമപരമായ പരിഹാരം അതിൽ ഇല്ലെന്നാണ്. അല്ലെങ്കിൽ അതിൽ മറുപടിയില്ലെന്നാണ്! അതുമല്ലെങ്കിൽ വലിയവരുടെ പ്രവൃത്തി കുട്ടികൾക്കുനല്കുന്ന പാഠത്തിൽ വ്യത്യാസമുണ്ടെന്നുമാകാം. കുട്ടികൾ ഒരു സമയം വരെ അധ്യാപനങ്ങൾക്ക് മുമ്പിൽ മൗനം പാലിക്കാറുണ്ട്. പക്ഷേ, അവർക്ക് മുതിർന്ന് സ്വാതന്ത്രരാവുമ്പോൾ ദീനിൽനിന്ന് അകന്നുപോകുന്നു. പിന്നീട് അവർ ചെന്നുപെടുന്നത് മതത്തിൽനിന്ന് അകറ്റിക്കൊണ്ടു

പോകുന്ന ശക്തികളുടെ കൈയിലാണ്. ഇക്കാരണത്താലാണ് ഇസ്‌ലാം മനോഹരങ്ങളായ അധ്യാപനങ്ങളടങ്ങിയതും ജീവസുറ്റ മതവുമായിരുന്നിട്ടും ഇപ്പോൾ മുസ്‌ലീംകളിലും മതത്തേയും ദൈവത്തേയും നിഷേധിക്കുന്ന ആളുകൾണ്ടാവുന്നത്. അതിനാൽ ഇക്കാര്യത്തില നാം കൂടുതൽ ശ്രദ്ധതിരിക്കേണ്ടതുണ്ട്. എങ്ങനെ നമ്മളെ സ്വയം ദീനനുസരിച്ച് കർമങ്ങൾ ചെയ്യുന്നവരാക്കാം? എങ്ങനെ നമ്മുടെ മക്കളെ നിയന്ത്രിച്ചു നിറുത്താം? ഈ പ്രശ്നങ്ങളുടെ പരിഹാരത്തിന്നായി ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചുകൊണ്ട് അല്ലാഹു ഇക്കാലഘട്ടത്തിൽ നമ്മളിൽ ഔദാര്യം ചെയ്തിരിക്കുന്നു. ആ മഹാത്മാവ് (അ) ഇതു മനസ്സിലാക്കുന്നതിനുള്ള ഗ്രാഹ്യം നമ്മളിൽ ഉണ്ടാക്കിയിരിക്കുന്നു. ഈ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അതു പരിഹരിക്കുന്നതിനും നമുക്ക് അനുഗ്രഹം ചെയ്തിരിക്കുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരിക്കൽ ഈ അദ്ധ്യാപനത്തിന്റെ വെളിച്ചത്തിൽ ഒരു ഖുത്ബ നല്കി. അതിൽ സ്വഭാവങ്ങൾ എങ്ങനെയാണ് സംസ്കരിച്ചെടുക്കാൻ കഴിയുക, ഭൗതികാഭിവൃദ്ധികളും മതവുമായിട്ടുള്ള ബന്ധം എന്താണ്, ഇസ്‌ലാം അത് എങ്ങനെയാണ് നോക്കിക്കാണുന്നത്, നബി(സ)തിരുമേനി എങ്ങനെയാണ് തന്റെ കർമങ്ങൾകൊണ്ടും പ്രവർത്തനപരമായ മാതൃകകൾകൊണ്ടും അവ മനസ്സിലാക്കിത്തന്നത്, അതിന്റെ യാഥാർഥ്യമെന്താണ് തുടങ്ങിയ കാര്യങ്ങൾ വിശദീകരിക്കുകയുണ്ടായി.

ഇസ്‌ലാം പ്രകൃതിമതമാണെന്ന കാര്യം മുന്നിൽവച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:"മതവും സൽസ്വഭാവവും മനുഷ്യന്റെ ശരീരവുമായി ബന്ധപ്പെട്ട രണ്ടു ആവശ്യങ്ങളാണ്. എത്രമാത്രം ബന്ധംണ്ടെബന്നാൽ അവയെ വേർപെടുത്തുക ദുഷ്കരമാണ്. മതത്തിൽ വിശ്വസിക്കുന്നവന് സൽസ്വഭാവങ്ങളെ മതത്തിൽനിന്ന് വേർപെടുത്താൻ സാധിക്കുകയില്ല. തന്നെ, മതം ഭൗതികതയിൽനിന്ന് അശ്രദ്ധനാക്കിയെന്നും നിരാശ്രയനാക്കിയെന്നും അതുകൊണ്ട് ഇതിന്റെ ആവശ്യമില്ലെന്ന് പറയാനും പറ്റുകയില്ല. തനിക്ക് ഇനി ഒന്നിന്റേയും ആവശ്യമില്ല എന്ന ചിന്തയാണെങ്കിൽ മാനുഷികാഭിവൃദ്ധിയുടെ അതായത് ഭൗതികാഭിവൃദ്ധിയുടെ ചക്രം നിലച്ചുപോകുന്നു. മതവും സൽസ്വഭാവവും ഭൗതികാഭിവൃദ്ധിയുമെല്ലാം പരസ്പരം കൂടിച്ചേർന്നു നില്ക്കുന്നതാണ്. എന്നിരുന്നാലും അവ തമ്മിൽ വ്യത്യാസമുണ്ട്. മതത്തിൽ വിശ്വസിക്കാത്തവർ സൽസ്വഭാവവും ഭൗതികാഭിവൃദ്ധിയും മനുഷ്യന്റെ ആവശ്യമാണ് എന്നു പറഞ്ഞുകൊണ്ട് സ്വതന്ത്രരാകാൻ ശ്രമിക്കുന്നു. എന്നാൽ, ഒരു യഥാർഥ മുസൽമാൻ പറയുന്നത് മതം അല്ലാഹുവിന്റെ പ്രാപിക്കാനുള്ള മാർഗ്ഗം കാണിക്കുന്നതുകൊണ്ട് മതത്തിന്റെ ആവശ്യമുണ്ടെന്നാണ്.

ചിന്താഗതികൾ തമ്മിലുള്ള വ്യത്യാസമാണിത്. ഇക്കാര്യങ്ങളെ നമ്മൾ എങ്ങനെയാണ് കാണേണ്ടത്? ഇതിനെ എങ്ങനെയാണ് പരസ്പരം ബന്ധിപ്പിക്കേണ്ടത്? മറ്റുള്ള മതങ്ങൾ മൃതങ്ങളായിക്കൊണ്ടിരിക്കുന്നു. മനുഷ്യനും മതവും തമ്മിലുള്ള ബന്ധം സ്ഥാപിക്കുന്നത് ഇസ്‌ലാം മാത്രമാണ്. പക്ഷേ, ഭൂരിപക്ഷ മുസ്‌ലീംകളും മതത്തിന്റെ യാഥാർഥ്യം മനസ്സിലാക്കാതെ തെറ്റായ സ്വഭാവരീതികളുമായി സ്വാംശീകരിക്കുന്നു. അവർ മതത്തെ മനോഹരമാക്കി സമർപിച്ച അതിലേക്ക് ആളുകളെ ആകർഷിച്ചെടുക്കുന്നതിനു പകരം ആത്യന്തിക വാദമുയർത്തി ആളുകളെ മതത്തിലനിന്ന് അകറ്റിക്കൊണ്ടു പോകുന്നു. ഇക്കാരണത്താലാണ് വിവിധ ഭീകരവാദ സംഘങ്ങൾ തങ്ങളുടെ ഇസ്‌ലാം നടപ്പിൽ വരുത്തുന്നതിനുവേണ്ടി തങ്ങളുടേതായ സ്വഭാവ ചട്ടങ്ങളും തങ്ങളുടെ മുദ്രയിലുള്ള ്യമങ്ങളും ഉണ്ടാക്കി കൊല്ലും കൊലയും ചെയ്തുകൊണ്ടിരിക്കുന്നത്. യമനിലെ സംഭവങ്ങളുടെ പശ്ചാത്തലവും ഇതാണ്. അതായത് തങ്ങൾക്ക് തോന്നുന്ന ഫത്‌വകൾ മതത്തിന്റെ പേരിൽ നൽകി നിരാപരാധികളുടെ മേൽ അക്രമണം നടത്തിക്കൊണ്ടിരിക്കുന്നു. ഇപ്രകാരം അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതൊന്നും യഥാർഥ ഇസ്‌ലാമിൽ കാണാൻ കഴിയുകയില്ല. ഇതുകൊണ്ടാണ് ഈ ഉലമാക്കളുടേയും ഫത്‌വ നല്കുന്നവരുടേയും പിന്നാലെ പോയി ഭൂരിപക്ഷ മുസ്‌ലീംകളും ഇസ്‌ലാമിൽനിന്ന് ദൂരപ്പെട്ടു പോകുന്നത്. ശരിയായ മതം സ്വായത്തമാക്കിയാൽ ഒരു പരിധിവരെ ധാർമികപരമായ ഉയർച്ച അവരിൽ ഉണ്ടാകും. പക്ഷേ, സൽസ്വഭാവം സ്വായത്തമാക്കിയവന് മതത്തിന്റെ ആവശ്യമെന്ത്? എന്ന് ചോദിക്കാറുണ്ട്. എന്നാൽ, ഭൗതികതകൾ സൽസ്വഭാവത്തിന്റേയും മതത്തിന്റേയും എത്രമാത്രം അടുത്താണെന്നുവച്ചാൽ സാധാരണക്കാരന് അതിന്റെ ഒരറ്റം എവിടെന്ന് ആരംഭിക്കുകയും എവിടെ അവസാനിക്കുകയും ചെയ്യുന്നുവെന്ന് മനസ്സിലാക്കാൻ പറ്റുകയില്ലെന്ന് ഇത് സംബന്ധിച്ച് കൂടുതൽ ചിന്തിക്കുമ്പോൾ മനസ്സിലാകും.

ഇതു മനസ്സിലാക്കുാൻ നമ്മൾ നബി(സ)തിരുമേനിയുടെ പരിശുദ്ധ ജീവിതത്തിൽ പരിശോധഇ ക്കേണ്ടിയിരിക്കുന്നു. നബി(സ)തിരുമേനി ലോകത്തിന്റെ ആധ്യാത്മിക പരിഷ്കർത്താവും ഭൗതിക പരിഷ്കർത്താവുമാണ്. നബി(സ)തിരുമേനിയുടെ പരിശുദ്ധ ജീവിതം എല്ലാത്തിന്റേയും സമുച്ചയമാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ പക്കൽ ദുആയിൽ മൂന്നു കാര്യങ്ങൾ ഉണ്ടാകേണ്ടത് നിർബന്ധമാണ്. ഒന്നാമത്തേത് ദുആ സ്വീകരിക്കപ്പെടുമെന്ന് ദൃഢമായും വിശ്വസിക്കുക. രണ്ടാമത്തേത് താൻ വിളിക്കുന്നവന്ന് സഹായിക്കാനുള്ള ശക്തിയുണ്ടെന്ന് വിശ്വസിക്കുക. മൂന്നാമത്തേത് മറ്റു വിഷ്യങ്ങളിൽ സ്വാഭാവികമായ ചായ്‌വോ സ്വാഭാവികമായ സ്നേഹമോ ഉണ്ടെങ്കിൽ അത് നിറുത്തുകയും യഥാർഥ പ്രണേതാവിലേക്ക് അതു കൊണ്ടു

പോകുകയും ചെയ്യുക. അമ്മയുടേയും കുഞ്ഞിന്റേയും ഉദാഹരണം പറയാം. അമ്മയും കുഞ്ഞും തമ്മിലുള്ളത് പ്രകൃതിപരമായ ബന്ധമാണ്. അമ്മ കുഞ്ഞിനെ സഹായിക്കാൻ പ്രാപ്തയാണെങ്കിലും അല്ലെങ്കിലും കുഞ്ഞ് മാതാനെ മാത്രമേ വിളിക്കൂ. എത്രത്തോളമെന്നാൽ കടലിൽ മുങ്ങിത്താഴുന്ന കുട്ടിയും തന്റെ മാതാവിന്ന് നീന്താൻ അറിയുകയില്ല എന്നറിയുന്നെങ്കിലും അവന്റെ അമ്മ അടുത്തുണ്ടെങ്കിൽ ആ അമ്മയെ മാത്രമേ സഹായത്തിനായി വിളിക്കുകയുള്ളു. മറ്റാരേയും വിളിക്കുകയില്ല. ഇതൊരു വൈകാരികമായ ബന്ധമാണ്. ഇതിനെ സംബന്ധിച്ചാണ് നബി(സ)തിരുമേനി പറഞ്ഞത്, **അദ്ദുആഉ മുഖ്ഖുൽ ഇബാദത്തി** എന്ന്. അതായത് ദുആ കൂടാതെ മനുഷ്യന്റെ വിശ്വാസത്തെ പൂർണമാക്കാൻ പറ്റുകയില്ല. അതിനാലാണ് നബി(സ)തിരുമേനി മനുഷ്യനും അല്ലാഹുവും തമ്മിലുള്ള ബന്ധത്തെ അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധമായി പറഞ്ഞിട്ടുള്ളത്. അതായത് കണ്ണടച്ചുകൊണ്ട് അവനിലേക്ക് ഓടുക. അവനിലേക്ക് പോകുക. പിന്നീടുള്ള രണ്ടാമത്തെ കാര്യം സൽസ്വഭാവങ്ങളാണ്. നബി(സ)തിരുമേനിയുടെ മാർഗദർശനം കൂടാതെ സൂക്ഷ്മദൃഷ്ടിയുള്ള ആൾക്കുപോലും ദർശിക്കാൻ പറ്റാത്ത അതിസൂക്ഷ്മങ്ങളായ സൽസ്വഭാവങ്ങൾ അവിടത്തെ ജീവിതത്തിൽ ഉണ്ടായിരുന്നു എന്നാണ് നമ്മൾ കാണുന്നത്.

നബി(സ)തിരുമേനിയുടെ ജീവിതചരിത്രം വായിക്കുമ്പോൾ, സൽസ്വഭാവങ്ങളുടെ വലിയവലിയ കാര്യങ്ങളിലും അവിടന്ന് അധ്യാപനങ്ങൾ നല്കിയിരിക്കുന്നുവെന്ന് മനസ്സിലാകുന്നു. അതിൽ എങ്ങനെയുള്ള മാതൃക കാണിച്ചുവെന്നാൽ, അതു നോക്കുമ്പോൾ അവിടന്ന് ആയുസ്സ് മുഴുവൻ സൽസ്വഭാവങ്ങളെക്കുറിച്ച് പഠനം നടത്തിക്കൊണ്ടിരുന്നുവെന്നും ദർസുകൊടുത്തുകൊണ്ടിരുന്നുവെന്നുമാണ് മനസ്സിലാകുന്നത്. മനുഷ്യരുടെ പരസ്പരമുള്ള ബന്ധങ്ങൾ, ബന്ധുക്കൾ തമ്മിലുള്ള പരസ്പര ബന്ധങ്ങൾ, മനുഷ്യന്റെ വ്യക്തിപരമായ കാരക്ടറിന്റെ വിശദീകരണങ്ങൾ, കളവ്, വിശ്വാസവഞ്ചന, ദുർഭാവനയിൽനിന്ന് വിട്ടുനില്ക്കൽ തുടങ്ങിയവയിലെല്ലാംതന്നെ അവിടത്തെ ജീവിത മാതൃകയും അധ്യാപനങ്ങളും പൂർണവും തികവുറ്റതുമാണ്. നിരവധികാലം ജീവിച്ചിരുന്നാലും നബി(സ)തിരുമേനി കാണിച്ചിരുന്നതുപോലുള്ള മാതൃക ആർക്കും കാണിക്കാൻ കഴിയുകയില്ല.

മൂന്നാമത്തെ കാര്യം ലൗകികതയാണ്. നബി(സ)തിരുമേനിയുടെ അധ്യാപനം ഈ ഭാഗത്തേക്കും നമുക്ക് മാർഗനിർദേശം നല്കുന്നു. ഉദാഹരണത്തിന് നാഗരിക ജീവിതത്തിൽ വഴികൾ വിസ്താരമുളളതാക്കിവെക്കേണ്ടതുണ്ട്. ശുദ്ധജലം ഏർപാട് ചെയ്യേണ്ടതുണ്ട്. പട്ടണം ആൾപാർപ്പുളളതാക്കിമാറ്റണം. അല്ലെങ്കിൽ ജനവാസം പുതിയതായി ഉണ്ടാക്കണം. അതിലേക്ക് വിദഗദരായ ആളുകൾ ആളുകൾ ചിന്തിക്കുകയും ശ്രദ്ധിക്കുയും ചെയ്യുന്നു. നബി(സ) ഇക്കാര്യത്തെക്കുറിച്ചെല്ലാം നമ്മോടു പറഞ്ഞിട്ടുണ്ട്. വഴികൾ വൃത്തിയായി വെക്കുന്നതിനെക്കുറിച്ചും വീടുകൾ വിശാലവും വായുസഞ്ചാരമുള്ളതുമാക്കുന്നനെക്കുറിച്ചും പറഞ്ഞു. എല്ലാ ഭൗതിക വസ്തുക്കളെക്കുറിച്ചും ഭൗതിക കാര്യങ്ങളെക്കുറിച്ചും അവിടന്ന് പറഞ്ഞു. ഭരണപരമായ കാര്യങ്ങൾ, സാംസ്കാരിക കാര്യങ്ങൾ, വാണിജ്യം, വ്യാവസായികം തുടങ്ങി എല്ലാ കാര്യങ്ങളും അതാതിന്റെ അവസരത്തിൽ അവിടന്ന് വിശദീകരിച്ചു. അതിന്റെ വലിയ വിശദീകരണങ്ങൾ അവിടത്തെ ജീവിത്തിൽനിന്ന് നമുക്ക് ലഭിക്കുന്നുണ്ട്.

മറുഭാഗത്ത് ആ പാശ്ചാത്യർ അല്ലെങ്കിൽ പുരോഗമനക്കാരാണുള്ളത്. അവരുടെ പക്കൽ മതത്തിൽ വിശ്വസിക്കേണ്ടത് നിർബന്ധമുളള കാര്യമല്ല. മതാധ്യാപനങ്ങൾക്ക് ഒട്ടും ആദരവുമില്ല. സൽസ്വഭാവങ്ങൾക്ക് ഒരു മാന്യതയുമില്ല. അവർ എല്ലാ കാര്യങ്ങളും ഭ ഊതിക വത്ക്കരിക്കുകയാണ് ചെയ്യുന്നത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'അവരുടെ തത്ത്വചിന്തകന്മാർ അക്കാലഘട്ടത്തിൽ പറഞ്ഞു, 'ദൈവം ലോകത്തെ എങ്ങനെ സൃഷ്ടിച്ചു എന്നതല്ല പ്രശ്നം. മറിച്ച് മനുഷ്യൻ എങ്ങനെ ദൈവത്തെ സൃഷ്ടിച്ചു എന്നതാണ്.' നഊദുബില്ലാഹ്. അവരുടെ പക്കൽ ദൈവം മനുഷന്റെ മാനസിക സൃഷ്ടിയാണ്. ഈ ചിന്താഗതി കാരണത്താൽ ദൈവം ഒരു സാങ്കൽപ്പിക മൂർത്തിയാണ് എന്ന് കരുതി ഇന്നത്തെ ഫിലോസഫർമാർ നിരീശ്വരത്ത്വത്തിലേക്ക് പോയി. എന്നല്ല വിദ്യാഭ്യാസത്തിന്റേയും ഭൗതിക ചിന്തയുടെയും പേരിൽ പാശ്ചാത്യ രാജ്യങ്ങളിൽ വസിക്കുന്നവരിൽ ഭൂരിഭാഗവും ദൈവനിഷേധികളായികഴിഞ്ഞിരിക്കുന്നു. വെറും സൽസ്വഭാവങ്ങളേയും ഭൗതിക പുരോഗതിയേയും എല്ലാമായി മനസ്സിലാക്കുന്നു. ഈ നിരീശ്വര തൽപരരായ ആളുകളുടെ വീക്ഷണഗതികളെ ഇക്കാലത്തെ മൗലവിമാർ ശതഗുണീഭവിപ്പിക്കുകയാണ് ചെയ്യുന്നത്. .ഇതിന്റെ അടിസ്ഥാനത്തിൽ നമ്മൾ നോക്കുകയാണെങ്കിൽ ഇക്കാലത്തെ ഉലമാക്കളും അസത്യം പേറുന്നവരാണ്. മതത്തേയും ഭൗതികതയേയും മനസ്സിലാക്കുന്നവരും അതിനെ നിഷേധിക്കുന്നവരും അബദ്ധം പിണഞ്ഞവരുമാണ്.

നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ യാഥാർഥ്യം പറഞ്ഞു തന്നിരിക്കുന്നതുകൊണ്ട് അഹ്മദികളായ നമ്മൾ ഭാഗ്യവാന്മാരാണ്. അതായത് എല്ലാ കാര്യങ്ങളോടുമുള്ള കടമ അതിന്റെ മധ്യമനിലയോടുകൂടി നിറവേറ്റേണ്ടതാണ്. ഇതാണ് യഥാർഥമായ മതം. അവിടന്ന് പറഞ്ഞു: 'ഇബാദത്ത് നിർബന്ധമാണെന്നത് ശരിതന്നെയാണ്. അത് അങ്ങേയറ്റം നിർബന്ധമാണ്. സൃഷ്ടിപ്പിന്റെ ഉദ്ദേശ്യമാണ്. പക്ഷേ, **വ ലി നഫ്സക്ക അലയ്ക്ക**

**ഹഖ്ഖുൻ വ ലിസൗജിക്ക അലയ്ക്ക ഹഖ്ഖുൻ വ ലി ജാരിക്ക അലയ്ക്ക ഹഖ്ഖുൻ** നിന്റെ ശരീരത്തിന് നിന്നിൽ അവകാശമുണ്ട്, നിന്റെ ഭാര്യക്ക് നിന്നിൽ അവകാശമുണ്ട്, നിന്റെ അയൽവാസിക്കും നിന്നിൽ അവകാശമുണ്ട്. അത് കരസ്ഥമാക്കാൻ നമുക്ക് മൂന്നു രീതിയിലുള്ള മാർഗങ്ങൾ ഉപയോഗിക്കേണ്ടത് നിർബന്ധമാണ്. ഒന്നാമത്തെ കാര്യം ദുആ. അല്ലാഹുവിലേക്ക് കുനിയുക. അത് ഇബാദത്താണ്. രണ്ടാമത്തേത് ആത്മാവിനുമേൽ നിയന്ത്രണം സ്ഥാപിക്കുക. വികാരങ്ങളെ അടിച്ചമർത്തുക. ശരീരേച്ഛകളെക്കുറിച്ച് ചിന്തിക്കുക. മൂന്നാമത്തേത് വിശ്വസ്തതയോടെ നമ്മുടെ ജോലിയും പ്രവൃത്തിയും ചെയ്യുക. ഭൗതികവും ശാസ്ത്രീയവുമായ അറിവ് സമ്പാദിക്കേണ്ടത് നിർബന്ധമാണ്. മുസ്‌ലീംകളുടെ മോശമായ അവസ്ഥയ്ക്കുകാരണം അവർ അല്ലാഹുവിനേയും അല്ലാഹുവിന്റെ മതത്തേയും മുന്തിക്കുകയും ഞാൻ ഇപ്പോൾ പറഞ്ഞ കാര്യങ്ങളിൽ ചിന്തിക്കാതിരിക്കുകയും ചെയ്തു എന്നതാണ്. പ്രത്യുത തങ്ങളുടെ ശാരീരികാവേശങ്ങളുടെ പേര് മതമെന്ന് വെച്ചു. അല്ലാഹുവിന്റെ യഥാർത്ഥ മത ആദ്ധ്യാപനങ്ങളെ ശ്രദ്ധിച്ചില്ല. തങ്ങളുടെ ശാരീരികാവേശത്തിന് മതം എന്ന് പേരിട്ട് അതനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി–മറ്റുള്ളവർക്ക് ഇസ്‌ലാമിന്റെ നന്മകൾ പറഞ്ഞുകൊടുക്കാൻ അവർക്ക് ആവുന്നില്ല. ശാരീരികാവേശത്തിന്റെ സ്വയംകൃത മതത്തെ പിൻപറ്റി മുസ്‌ലിം മുസ്‌ലിമിന്റെ കഴുത്തറുത്തുകൊണ്ടിരിക്കുന്നു. അവർക്ക് ദീനും കിട്ടിയില്ല. ദുൻയാവും കിട്ടിയില്ല. ഇതിനുപകരം ഭൗതിക ശക്തിക ശക്തികളുടൈ മുമ്പിൽ തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കൈനീട്ടുകയാണ്. ഇതാണ് ഇക്കാലത്ത് മുസ്‌ലിം ലോകത്ത് നാം കണ്ടുവരുന്നത്. പാശ്ചാത്യജനതകൾ മതത്തെ ഭൗതികതയ്ക്ക് വിധേയമാക്കി. അവരുടെ ചിന്തയിൽ മതം ഒരു വിഷ്യമല്ല. ലോകം തന്നെയാണ് സർവവും. പക്ഷേ, അവർ ദുൻയാവ് കരസ്ഥമാക്കി. ഇവരും മാർഗഭ്രംശം സംഭവിച്ചവരാണെന്നതിൽ സംശയമില്ല. പക്ഷേ, അവർ മനസ്സിലാക്കിയിട്ടുളള ഉദ്ദേശ്യം അവർ തെറ്റായ രീതിയിലാണെങ്കിലും കരസ്ഥമാക്കിയിട്ടുണ്ട്. പക്ഷേ, മുസ്‌ലീംകൾക്ക് ദീനും കിട്ടിയില്ല ദുൻയാവും കിട്ടിയില്ല.

ഈ രണ്ടുതരത്തിലുളള ആളുകളുടെ പരിഷ്കരണത്തിനായി ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അല്ലാഹു അയച്ചു. ഇത്തരം ഘട്ടങ്ങളിൽത്തന്നെയാണ് അല്ലാഹു തന്റെ ആളുകളെ നിയോഗിക്കുന്നത്. അവർ ശരിയായ മാർഗദർശനം നല്കി. ബാഹ്യമായി നോക്കുമ്പോൾ അവർ ആത്മീയ സന്ദേശങ്ങളുമായിട്ടാണ് വരുന്നത്. എന്നാൽ, ഈ മൂന്നു കാര്യങ്ങൾക്കും തമ്മിൽ അഗാധമായ ബന്ധമുണ്ട്. ആത്മീയ ജീവിതത്തിൽ സ്വഭാവങ്ങൾ നന്നാവേണ്ടത് നിർബന്ധമാണ്. സ്വഭാവങ്ങളുടെ ശിക്ഷണം കൊണ്ട് ഭൗതികതയുടെ പരിഷ്കരണവും നിർബന്ധമാണ്. എന്നാൽ, ദുൻയാവ് ശരിയായിട്ടുള്ളവന് എല്ലാം കിട്ടിക്കൊള്ളണമെന്ന് നിർബന്ധമില്ല. അത് അസാധ്യവുമാണ്. അവൻ ഭൗതികമായി അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടാവും, അവന്റെ സ്വഭാവങ്ങളും ശരിയായതായിരിക്കും. സ്വഭാവം ശരിയായിട്ടുള്ളവന്റെ മതവും ശരിയായതായിരിക്കും. ഇതിനുകാരണം അല്ലാഹുവിന്റെ ഇച്ഛ മനുഷ്യനെ തന്റെ സമീപസ്തനാക്കുക എന്നതാണ്. അവന്റെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യവും ഇതുതന്നെയാണ്. അതുകൊണ്ട് അവനിലേക്ക് ശ്രദ്ധിക്കുന്നവന് മറ്റുളളതെല്ലാം സ്വയമേവ കിട്ടുന്നതിനുവേണ്ടി അവൻ സ്വഭാവസംസ്കരണത്തേയും ഭൗതികാഭിവൃദ്ധിയേയും മതത്തിന് വിധേയമാക്കി. സമ്പൂർണനായ സത്യവിശ്വാസിക്ക് എല്ലാ അഭിവൃദ്ധികളും ലഭിക്കുന്നുവെന്ന് അല്ലാഹു പറയുന്നു. എന്നാൽ, വെറും ലൗകികനെ സംബന്ധിച്ച് അല്ലാഹു പറയുന്നു, **ളല്ല സഅ്‌യുഹും ഫിൽ ഹയാത്തിദ്ദുൻയാ**(18:105)അവരുടെ എല്ലാ ശ്രമങ്ങളും ദുൻയാവിൽതന്നെ അപ്രത്യക്ഷമായിപ്പോയി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഇതിനുദാഹരണം നല്കിക്കൊണ്ട് പറഞ്ഞു:''ആത്മീയത കൈക്കൊളളുന്നവർക്കുവേണ്ടി അതായത് മുകളിൽനിന്ന് താഴേക്ക് വരുന്നവർക്ക് ഗോവണിയുണ്ട്. എന്നാൽ, താഴത്തുനിന്ന് മുകളിലേക്ക് പോകുന്നവർക്ക് ഗോവണിയില്ല.''

ലോകത്ത് ഈ മൂന്നുകാര്യങ്ങളും മനസ്സിലാക്കുന്നതിനുവേണ്ടി വെവ്വേറെ മാർഗങ്ങളാണുളളതെന്ന് ഇതിൽനിന്ന് മനസ്സിലാകുന്നു. എന്നാൽ, ഒരു മാർഗം എല്ലാം കൂടി ച്ചേർന്നതുമാണ്. അത് അല്ലാഹുവുമായി പൂർണബന്ധം ഉണ്ടാക്കുക എന്നതാണ്. സ്വഭാവങ്ങൾക്കുവേണ്ടി പരിശ്രമിച്ചാൽ സ്വഭാവങ്ങൾ കിട്ടും.ഭൗതികതയ്ക്കുവേണ്ടി ശ്രമിച്ചാൽ ഭൗതികത കിട്ടും. ഭൗതികമായ ഉയർച്ച ലഭിക്കുന്നതാണ്. എന്നാൽ, എല്ലാ ശ്രമത്തിന്റേയും ഫലം ഒരു വൃത്തത്തിനുളളിൽ പരിമിതമായിരിക്കും. അതിൽനിന്ന് പുറത്തു വരികയില്ല. എന്നാൽ, ആത്മീയത നന്നാക്കിയെടുക്കുന്നവന് എല്ലാം ലഭിക്കുന്നു. മനുഷ്യൻ അല്ലാഹുവിലേക്ക് അടുക്കാൻ തുടങ്ങിയാൽ, ഏതുപോലെ അവൻ മുൻകഴിഞ്ഞു കടന്നവരോടൊപ്പം ചേർന്നിരുന്നുവോ അതുപോലെ ഇവരോടൊപ്പവും ചേർന്നിരിക്കും. ഇക്കാലത്തും അത് നടക്കാവുന്നതേയുളളു. മനുഷ്യൻ യഥാർഥത്തിൽ അതിനുവേണ്ടി ശ്രമിക്കുമ്പോഴാണ് ഇതുണ്ടാകുന്നത്. അല്ലാഹുവിന് ആരോടും ശത്രുതയൊന്നുമില്ല. നമ്മൾ പരിപൂർണമായ നിലയിൽ നമ്മളെ അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിക്കുകയാണ് വേണ്ടത്. അവന്റെ തിരുസന്നിധിയിൽ നമ്മളെ പ്രണമിക്കുക. എന്നാൽ, സ്വയംതന്നെ എല്ലാം കിട്ടുന്നതാണ്. നമുക്ക് അനിവാര്യമായിട്ടുളള അഭിവൃദ്ധി നമുക്ക് സ്വയം ലഭിക്കുന്നതാണ്. തീയുടെ അടുത്തിരിക്കുന്നവന്റെ എല്ലാ അവയവങ്ങളും ചൂടുപിടിക്കുന്നു. ഇങ്ങനെ

വരുമ്പോൾ എല്ലാ ഉപേക്ഷിച്ചു കൊണ്ട് അല്ലാഹുവിന്റെയടുക്കൽ വരികയും അല്ലാഹുവിന്റെ അനുഗ്ര ഹത്തിൽനിന്ന് മനുഷ്യൻ ഓഹരി എടുക്കാതിരിക്കുകയും ചെയ്യുന്ന തെങ്ങനെ. അതുകൊണ്ട് അല്ലാഹു വിനെ കരസ്ഥമാക്കാൻ നമ്മൾ ശ്രമി ക്കേണ്ടതാണ്. അല്ലാഹു അയച്ച മതത്തിന്റെ യാഥാർഥ്യം മനസ്സിലാ ക്കുക. അല്ലാഹുവിനോടുള്ള സ്നേഹം സ്വാഭാവികം ആയിത്തീ രുംവിധം ആക്കിത്തീർക്കുക. ഇക്കാര്യം നമ്മുടെ സ്വഭാവങ്ങ ളേയും ഉന്നതമാക്കിത്തീർക്കുന്നതാ ണ്. ഭൗതികമായ അഭിവൃദ്ധികളും നമ്മൾ കരസ്ഥമാക്കിക്കൊണ്ട് പോകും. അല്ലാഹുവിന്റെ പ്രകാശ ത്തിൽനിന്ന് നമ്മൾ പങ്കുപറ്റാൻ ശ്രമിക്കുകയാണെങ്കിൽ അപ്പോ ഴാണ് നമ്മൾ യഥാർഥത്തിൽ അനു ഗ്രഹം പ്രാപിക്കുന്നവരാകുന്നത്. നമ്മൾ ഉത്സാഹത്തോടുകൂടി ആ പ്രകാശത്തിൽ ഭാഗഭാക്കാകാൻ ശ്രമി ച്ചാൽ നാമും ആ പ്രകാശത്തിന്റെ ഭാഗമാകും അന്ധകാരം നമ്മിൽ നിന്നും അകന്ന് പോകും. അലസ ത, ചതി, വഞ്ചന മറ്റുള്ളവരുടെ അവകാശം പിടിച്ചെടുക്കൽ-ഇ തെല്ലാം അന്ധകാരങ്ങളാണ്-അതു പോലുള്ള മറ്റു ദുഷ്കർമങ്ങളും അല്ലാഹുവിന്റെ പ്രകാശം കാരണ ത്താൽ ഇവയെല്ലം സ്വയം അകന്നു പോകുന്നതാണ്. നമ്മുടെ സ്വഭാവ ങ്ങളും ഉയർന്നുകൊണ്ടിരിക്കുന്നതാ ണ്. ഭൗതികാഭിവൃദ്ധിയും കിട്ടിക്കൊ ണ്ടിരിക്കുന്നതാണ്. ഈ സമൂഹ ത്തിൽ ജീവിച്ചുകൊണ്ട് നമ്മുടെ മക്കളെ ദുൻയാവിന്റെ ദുസ്സ്വാധീന ത്തിൽനിന്ന് രക്ഷിക്കണമെങ്കിൽ മത വും സ്വഭാവ ശീലങ്ങളും തമ്മിലു ള്ള ബന്ധം അവർക്ക് മനസ്സിലാക്കി ക്കൊടുക്കണം. ഭൗതികമായ അഭിവൃ ദ്ധിയേയും യഥാർഥ മതത്തിന്റെ കീഴിൽകൊണ്ടുവന്ന് മതവുമായി ബന്ധിപ്പിക്കേണ്ടതാണ്. അതായത് അവരുടെ മക്കളെ അല്ലാഹുവു മായി ബന്ധിപ്പിക്കുന്നതിന് നമ്മൾ സ്വയവും പരിശ്രമിക്കേണ്ടതാണ്. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നല്കുമാറാകട്ടെ.

**കവിത**

# ശുഹദാക്കൾ

– റൗഫ് റൂമി, കൂടാളി

അന്ധകാരത്തിൽ വിളക്കുതെളിഞ്ഞപ്പോൾ
കാവൽ നിന്നെരിഞ്ഞുതീർന്നവർ
പ്രാണൻ ബലി നൽകി സാക്ഷ്യം പറഞ്ഞു
അടർക്കളത്തിൽ നബി പൂങ്കവന്റെ മുന്നിലും പിന്നിലും

ചുട്ടമണലിൽ ചാട്ടവാർ പുളപ്പിൽ
ഉടലുതുണ്ടമാക്കി അമരത്വം നേടിയവർ
കൊടുങ്കാറ്റിലും പേമാരിയിലും പ്രളയത്തിലും
നിണം കൊണ്ട് വിളക്കെണ്ണ തീർത്തവർ ശുഹദാക്കൾ

പ്രാണബലികൊണ്ട് സമാധാനം പടുത്തവർ
നിന്റെ പൂർവികരെന്നോ പുലമ്പുന്നു
നീ, ബോംബ് വിതച്ച് പ്രാണം കൊയ്യുന്നവൻ
തലയറുത്തു താണ്ഡവമാടുന്നവൻ
നീയെന്തറിഞ്ഞു ശുഹദാക്കൾ തൻ ദിവ്യമഹാത്മ്യം?

ഞങ്ങളാ സഹാബിവര്യർ തൻ പിൻതലമുറക്കാർ
നീ ഉതിർത്ത വെടിയുണ്ടകളേറ്റുവാങ്ങിയവർ
ദൗത്യമേറ്റവരെന്റെ ഉടപ്പിറന്നോർ
അഴിഞ്ഞുവീണല്ലോ നിന്റെ മുഖംമൂടി
കണ്ണടച്ചാൽ ഇരുട്ടു പരക്കുമോ?

നീ സഖ്യം ചേർന്ന് കൊൾക
ശത്രുവെ മിത്രമാക്കിക്കൊൾക
വിളക്കുമരങ്ങളായ് ഞങ്ങളുണ്ട്
സഹാബി വര്യർ തൻ പിൻതലമുറക്കാർ

സമർപ്പിതം ! ഞങ്ങൾ തൻ
സിരയിലോടുന്നോരോതുള്ളിച്ചോരയും
ധീരശുഹദാക്കൾ കാത്തുവെച്ചൊരാ
സത്യവിളക്കിൻ സംരക്ഷണത്തിനായ്

ഇതോർമയിരിക്കട്ടെ!
ഞങ്ങളാ ധീര ശുഹദാക്കൾ തൻ പിൻതലമുറക്കാർ!

# മതത്തിന്റെ ഉത്ഭവം ഭയത്തിൽ നിന്നോ?

**ഭയത്തിൽ നിന്നാണ് ദൈവാരാധന ഉത്ഭവിച്ചതെന്നും ബഹുദൈവങ്ങളെ ആരാധിച്ചിരുന്ന പ്രാകൃത മനുഷ്യൻ ക്രമേണ ഏക ദൈവാരാധനയിൽ എത്തിച്ചേരുകയായിരുന്നുവെന്നുമുള്ള സോഷ്യോളജിസ്റ്റുകളുടെ വാദം നിരർഥകവും അയുക്തികവും അശാസ്ത്രീയവുമാണ്. അക്കാദമിക ഗർവോടുകൂടി അവർ തട്ടിവിടുന്ന ഈ പടുജൽപ്പനങ്ങൾ ഈ ലേഖനത്തിൽ വിശകലനം ചെയ്യപ്പെടുന്നു.**

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

സോഷ്യോളജിസ്റ്റുകൾ (സാമൂഹിക ശാസ്ത്രജ്ഞന്മാർ) അവതരിപ്പിക്കുന്ന മതവികാസ സിദ്ധാന്തവും, ദൈവവിശ്വാസം എങ്ങനെ ഉടലെടുത്തു എന്ന അവരുടെ സങ്കൽപവും പ്രാഥമികമായി അവരുടെ സാമൂഹ്യ- മന:ശാസ്ത്ര ധാരണകളുടെ അടിസ്ഥാനത്തിലുള്ളതാണ്. സാമൂഹിക ജീവിതത്തിലുള്ള മനുഷ്യന്റെ പെരുമാറ്റത്തിലെ പൊതുവായ പ്രവണതകളെ നിരീക്ഷിച്ചുകൊണ്ട്, മനുഷ്യൻ ഭയപ്പെടുന്നതിന് നേരെ അവൻ ബഹുമാനാദരം പ്രദർശിപ്പിക്കുന്നു എന്ന നിഗമനത്തിൽ സോഷ്യോളജിസ്റ്റുകൾ എത്തിച്ചേർന്നതായികാണുന്നു. മാത്രമല്ല മനുഷ്യൻ ഇഷ്ടപ്പെടുന്നതിന് നേരെ അവൻ നിയന്ത്രിതവും ബഹുമാനിതവുമായ ഒരു സമീപനം കൈക്കൊള്ളുകയും ചെയ്യുന്നു. അല്ലെങ്കിൽ അങ്ങനെയൊരു സമീപനം ആവശ്യമായി വരുന്നു എന്ന് അവർ ഊഹിക്കുകയും ചെയ്യുന്നു. പരസ്പരം വാങ്ങിയും കൊടുത്തുമുള്ള മനുഷ്യന്റെ പെരുമാറ്റത്തിലൂടെയാണ് സാമൂഹിക ക്രമം രൂപപ്പെടുന്നത്. സാമൂഹ്യ ശാസ്ത്രജ്ഞൻമാരുടെ ഈ സങ്കൽപം മതത്തിന്റെ കാര്യത്തിലും അവർ ആരോപിക്കുന്നു. അതായത് ഭയത്തിന്റെയും ആർത്തിയുടെയും പ്രവണതകളാണ് മതത്തെ രൂപപ്പെടുത്തിയതെന്ന് അവർ മനസ്സിലാക്കുന്നു.

മനുഷ്യന്റെ പരിണാമശ്രേണിയിൽ മനുഷ്യന്റെയും കുരങ്ങിന്റെയും വിഭജനരേഖക്കടുത്ത് നിൽക്കുന്ന പുരാതന മനുഷ്യൻ അവന് ചുറ്റും കണ്ടതിനെയെല്ലാം ആശയക്കുഴപ്പത്തോടെയും ഭയപ്പാടോടും കൂടി നിഷ്കളങ്ക ഭാവത്തിൽ നോക്കിക്കണ്ടതായി സോഷ്യോളജിസ്റ്റുകൾ വിശ്വസിക്കുന്നു. പ്രകൃതിയിലെ സംഭ്രാന്തിയുണ്ടാക്കുന്ന നിരവധി പ്രശ്നങ്ങൾക്ക് ഉത്തരം തേടാൻ ശ്രമിക്കവെ വസ്തുതകളുടെ യാഥാർഥ്യം ഗ്രഹിക്കുന്നതിൽ പ്രാക്തന മനുഷ്യൻ പരാജയപ്പെട്ടു. മനുഷ്യന്റെ ബുദ്ധിപരമായ വളർച്ചയുടെ ഘട്ടത്തിൽ പ്രകൃതിയുടെ അത്ഭുതകരമായ ശക്തി അവനെ ഹഠാദാകർഷിക്കുകയുണ്ടായി. മനുഷ്യജീവിതത്തെ സ്വാധീനിക്കുന്ന പ്രകൃതിപ്രതിഭാസങ്ങൾ ഗ്രഹിക്കാൻ കഴിയാത്ത അതീത ശക്തികളുടെ പ്രകടനമാണെന്ന് അവൻ ധരിച്ചു.

ഇതേതുടർന്ന് അത്തരം ശക്തികൾക്ക് മനുഷ്യൻ ദേവന്മാരുടെ സ്ഥാനം നൽകി. കൊടുങ്കാറ്റിന്റെ സംഹാരാത്മകമായ ശക്തിയും ചുഴലിക്കാറ്റും കാണുമ്പോൾ അവ അവനെ കീഴ്പ്പെടുത്തിക്കളയുമോ എന്ന ഭീതി കാരണം ഈ ശക്തികൾക്ക് നേരെ അവൻ ഭയത്താൽ തലകുനിച്ചു. വീണ്ടും അവൻ സൂര്യപ്രകാശം കാണുകയും സൂര്യന്റെ സൃഷ്ടിപരമായ പ്രവർത്തനങ്ങളുമായി പരിചയപ്പെടുകയും ചെയ്തപ്പോൾ ദൈവത്തിന്റെ ദയാപരമായ പ്രഭാവം അവന്റെ ഭാവനയിൽ രൂപം കൊണ്ടു. പ്രകൃതി പ്രതിഭാസങ്ങളാകുന്ന കണ്ണാടിയിലൂടെ ഈ പ്രകടനങ്ങൾ നോക്കിക്കണ്ട പൗരാണിക മനുഷ്യന് ഇതെല്ലാം ഭയവും കാരുണ്യവുമായി അനുഭവപ്പെട്ടു. അങ്ങനെ പ്രകൃതിയിലെ വേലിയേറ്റം, കൊടുങ്കാറ്റ്, മിന്നൽ കൊണ്ടുവരുന്ന മഴക്കാറ്റ്, അതേതുടർന്ന് വരുന്ന വെള്ളപ്പൊക്കവും ഇടിനാദവും മുതലായ ഇരുട്ടിന്റെ ശക്തികളെ ശത്രുക്കളായും ദുഷ്ടശക്തികളായും കണക്കാക്കപ്പെട്ടു.

അപകടകാരികളായ മൃഗങ്ങളും ഇക്കാര്യത്തിൽ പിന്നിലായിരുന്നില്ല. കാട്ടിലെ വന്യമൃഗങ്ങൾ, കാട്ടു പൂച്ചകൾ, സർപ്പങ്ങൾ, തേളുകൾ മുതലായവക്ക് കൂടി ദുഷ്ടശക്തികൾ ആവഹിച്ച സാങ്കൽപിക ദൈവങ്ങളുടെ കൂട്ടായ്മയിലെ പങ്ക് വക

വെച്ചു കൊടുത്തിരുന്നു. തണുത്ത മന്ദമാരുതൻ, നീരാവി വഹിച്ചുള്ള കാറ്റ്, ആഹ്ലാദകരവും ജീവൽദായകവുമായ മഴ തുടങ്ങിയ പ്രകൃതിയുടെ കാരുണ്യത്തിന്റെ പ്രകടനങ്ങൾ കരുണാദായകന്മാരായ സൽദൈവങ്ങളായിരുന്നു നിയന്ത്രിച്ചിരുന്നത്. പ്രാക്തന മനുഷ്യന്റെ പ്രാകൃത ചിന്തകളിൽ അതെല്ലാം തന്നെ വിവിധ മനോഭാവങ്ങളും അഭിരുചികളും സ്വഭാവങ്ങളുമുള്ള ദൈവങ്ങളോ ദൈവത്തിന്റെ പ്രതിനിധികളോ ആയി കാണപ്പെട്ടു. തന്റെ ഭാവനയിലുള്ള അത്തരത്തിലുള്ള എല്ലാ ദൈവങ്ങളേയും അവന് പ്രീതിപ്പെടുത്തേണ്ടതുണ്ടായിരുന്നു. ഏതെങ്കിലും ദൈവത്തിന്റെ കോപം സമ്പാദിച്ചെങ്കിലോ അല്ലെങ്കിൽ സ്നേഹം നഷ്ടപ്പെട്ടെങ്കിലോ എന്ന് അവൻ ഭയപ്പെട്ടു. സമുജ്ജ്വലശോഭയോടെയുള്ള സൂര്യൻ, ചന്ദ്രൻ, നിഗൂഢമായ രാശികളോടെയുള്ള നക്ഷത്രങ്ങൾ മുതലായ വാനലോകത്തെ അത്ഭുതങ്ങൾ പ്രാക്തന മനുഷ്യന്റെ അഗാധമായ ബഹുമാനാദരങ്ങൾ പിടിച്ചു പറ്റിയിരുന്നു. ഇങ്ങനെ ദൈവത്തെ സംബന്ധിച്ച പുരാതന മനുഷ്യന്റെ ആശയം മുകളിലേക്ക് കുതിച്ചു കയറി. ദൈവങ്ങൾ ആരോഹണക്രമത്തിലും അവരോഹണക്രമത്തിലും വർഗീകരിക്കപ്പെട്ടു.

പുരാതന മനുഷ്യൻ എല്ലാറ്റിനെയും അമിതമായി വിശ്വസിക്കുന്നവനാണെന്ന സോഷ്യോളജിസ്റ്റുകളുടെ സങ്കൽപത്തിനെതിരെ ആരെങ്കിലും ഇക്കാലത്ത് വിമർശനമുന്നയിച്ചേക്കാം. ഈ വിമർശനത്തിനെതിരെ സോഷ്യോളജിസ്റ്റുകളുടെ മറുപടി, പ്രാകൃത മനുഷ്യന്റെ പരിപക്വമാവാത്തതും വ്യക്തത നേടിയിട്ടില്ലാത്തതുമായ മനസ്സിന്റെ സ്വാഭാവിക ചിന്തകളുടെ ഫലമായിരുന്നു ഈ അമിത വിശ്വാസം എന്നാണ്. ഇത് തന്നെയാണ് മതത്തിന്റെ ഉത്ഭവത്തെക്കുറിച്ചും അതിന്റെ പരിണാമത്തെക്കുറിച്ചുമുള്ള സമുന്നതരായ സോഷ്യോളജിസ്റ്റുകൾ പരക്കെ സ്വീകരിക്കപ്പെട്ട വീക്ഷണം.

പുരോഹിത ഗണത്തിന്റെ ചതിയെ കൂടുതൽ പാപപങ്കിലമാക്കുവാനുള്ള ഒരു ഉപായം എന്ന നിലക്കാണ് വെളിപാടുകൾ രംഗപ്രവേശം ചെയ്തത്. മതസമൂഹ ശ്രേണിയിലെ പുരോഹിതൻമാർ എന്ന ഈ ശ്രേഷ്ഠ വർഗം സമുന്നത സ്ഥാനത്ത് നിന്ന് സന്ദേശങ്ങൾ സ്വീകരിക്കുന്നവർ എന്ന നിലക്ക് പ്രത്യേക പദവിയുള്ളവരാണെന്ന് അവകാശപ്പെട്ടു. ദൈവവും അഥവാ ദൈവങ്ങളുമായുള്ള മനുഷ്യസമൂഹത്തിന്റെ വിനിമയത്തിൽ മധ്യവർത്തിയുടെ പങ്കാണ് അവർക്കുള്ളതെന്ന് വാദിക്കുകയും ചെയ്തു.

ഈ പ്രാകൃതമായ ചിന്താപ്രക്രിയയാണ് ആത്യന്തികമായി ഒരു ഏക സ്രഷ്ടാവ് എന്ന സങ്കൽപത്തെ ഉണ്ടാക്കിയതെന്ന് കൂടി സോഷ്യോളജിസ്റ്റുകൾ അഭിപ്രായപ്പെടുന്നു. ബഹുദൈവങ്ങളുടെ സങ്കൽപത്തിൽ നിന്ന് ക്രമേണയാണ് ഏകദൈവ സങ്കൽപം രൂപപ്പെട്ടതെന്നും അവർ കരുതുന്നു. എന്നാൽ ഇത് അവരുടെ ഒരു ജൽപനം മാത്രമായിരുന്നു. ഈ ബഹുദൈവങ്ങളെല്ലാം പൊരുത്തപ്പെടാത്ത ഒരു സമവാക്യത്തിലായിരുന്നു സഹവർത്തിച്ചു നിന്നിരുന്നത്. മേധാവിത്വത്തിനു വേണ്ടിയുള്ള ദൈവങ്ങളുടെ ഈ പോരാട്ടം സ്ഥിരമായ യുദ്ധങ്ങളിൽ അവരെ തളച്ചിട്ടു. വിശ്വഘടികാരത്തിന്റെ സ്പന്ദനങ്ങൾക്കൊപ്പം ഒരു സങ്കൽപ്പമില്ലെങ്കിൽ മറ്റൊന്ന് എന്ന വിധത്തിൽ ഏകദൈവത്തെയോ, ബഹുദൈവങ്ങളെയോ ആരാധിച്ചു കൊണ്ട് ക്രമേണ മതങ്ങൾ നിലവിൽ വന്നു. തങ്ങൾ വെറും അഭ്യൂഹങ്ങളെ മാത്രമാണ് ആരാധിക്കുന്നതെന്ന വസ്തുത അവരുടെ അജ്ഞത മൂലം കുറച്ച് മാത്രമെ അവർക്ക് ഗ്രഹിക്കാൻ സാധിച്ചുള്ളൂ.

അത്കൊണ്ട് അവരായിരുന്നു ദൈവങ്ങളെ സൃഷ്ടിച്ചത്. മറിച്ച് ഒരു ദൈവവും അവരെ സൃഷ്ടിച്ചില്ല. ഇങ്ങനെ ലളിതവും പ്രാകൃതവുമായ ഈ ചിന്താപ്രക്രിയ വികസിച്ചു. അത് പെരുകുകയും പുഷ്ക്കലമാവുകയും ചെയ്തു. ഇത് അതിമാനുഷരായ നിരവധി ദൈവിക യജമാനൻമാരുടെ ബിംബങ്ങളെ ഉത്പാദിപ്പിച്ചു കൊണ്ട് കൂടുതൽ അമ്പരപ്പും ആശയക്കുഴപ്പവും സൃഷ്ടിച്ച് സങ്കീർണമായി വളരുകയും ചെയ്തു.

മതത്തെപ്പറ്റി ദൈവ നിഷേധികളുടെ പ്രസ്തുത വീക്ഷണം ഒരു പടി കൂടി കടന്നുകൊണ്ട് മതസ്ഥാപകരെല്ലാം തന്നെ കരുതിക്കൂട്ടിയുള്ള വ്യാജവും വഞ്ചനയും പ്രാവർത്തികമാക്കുകയായിരുന്നുവെന്ന് ആരോപിക്കുകയും ചെയ്യുന്നു. മതത്തിന്റെ പിന്നീടുള്ള വളർച്ചയുടെ ഘട്ടത്തിൽ അത് സാധാരണക്കാരുടെ അന്ധവിശ്വാസങ്ങളുടെ ഏടാകൂടമായി മാത്രം അവശേഷിച്ചില്ല. സംഘടിതമായ ഒരു പുരോഹിത വർഗം പിന്നീട് ഉടലെടുത്തു. ഈ ഘട്ടത്തിലാണ് വെളിപാടുകൾ എന്ന ആശയം രംഗപ്രവേശനം ചെയ്യുന്നത്. പുരോഹിത ഗണത്തിന്റെ ചതിയെ കൂടുതൽ പാപപങ്കിലമാക്കുവാനുള്ള ഒരു ഉപായം എന്ന നിലക്കാണ് വെളിപാടുകൾ രംഗപ്രവേശം ചെയ്തത്. മതസമൂഹ ശ്രേണിയിലെ പുരോഹിതൻമാർ എന്ന ഈ ശ്രേഷ്ഠ വർഗം സമുന്നത സ്ഥാനത്ത് നിന്ന് സന്ദേശങ്ങൾ സ്വീകരിക്കുന്നവർ എന്ന നിലക്ക് പ്രത്യേക പദവിയുള്ളവരാണെന്ന് അവകാശപ്പെട്ടു. ദൈവവും അഥവാ ദൈവങ്ങളുമായുള്ള മനുഷ്യസമൂഹത്തിന്റെ വിനിമയത്തിൽ മധ്യവർത്തിയുടെ പങ്കാണ് അവർക്കുള്ളതെന്ന് വാദിക്കുകയും

ചെയ്തു. അത്തരത്തിലുള്ള അവകാശവാദങ്ങളുമായി നിരവധിപേർ അക്കാലത്ത് ഉയർന്നുവന്നു. മനുഷ്യന്റെ വിധിയെ രൂപപ്പെടുത്തുന്ന പ്രകൃത്യാതീത ശക്തികളുമായി തങ്ങൾക്ക് അടുത്ത ബന്ധമുണ്ടെന്ന് ഓരോരുത്തരും വാദിച്ചു.

ഗ്രീക്ക് മതേതിഹാസങ്ങളിലും നിരവധി പ്രാകൃത മതങ്ങളിലെ ആചാരങ്ങളിലും സോഷ്യോളജിസ്റ്റുകൾ പ്രതിഫലിച്ച് കണ്ടത് ഇതായിരുന്നു. അതായത് ചുറ്റുമുള്ള പ്രകൃതിയുടെ സങ്കീർണമായ നിഗൂഢതകളുടെ പരിഹാരത്തിനു വേണ്ടി പ്രാക്തന മനുഷ്യൻ നടത്തിയ ആത്മാർഥമായ ശ്രമങ്ങൾ ദൈവത്തിന്റെയും ദൈവങ്ങളുടെയും പേരിൽ ജനങ്ങളെ ചതിക്കുകയും വഞ്ചിക്കുകയും ചെയ്യുന്ന ആളുകളുള്ള ശ്രേണീബദ്ധമായ സംഘടിത മതങ്ങളുടെ ബോധപൂർവമായ ശ്രമങ്ങളിലാണ് കലാശിച്ചത്.

ക്രമേണ വികസിച്ചു കൊണ്ടിരുന്ന മനുഷ്യന്റെ ബോധം സമാന്തരമായി മറ്റൊരു രീതിയിലും പരിണമിച്ചു. സോഷ്യോളജിസ്റ്റുകളുടെ അഭിപ്രായപ്രകാരം ചുറ്റുപാടുമുള്ള ഭൗതിക ലോകത്തെ സംബന്ധിച്ച് അവന്റെ ധാരണകൾ മെച്ചപ്പെടുകയുണ്ടായി. അതിനാൽ അവന്റെ ദൈവസങ്കൽപത്തിലും പുനർചിന്തയിലും മാറ്റങ്ങൾ പ്രത്യക്ഷപ്പെട്ടു. ഇതിനു മുമ്പേ നിർജീവങ്ങളായ ബിംബങ്ങളും പ്രതിമകളുമായിരുന്നു ദൈവങ്ങളായി കരുതപ്പെട്ടിരുന്നത്. ഇപ്പോൾ അവ ആകാശത്തിലിരിക്കുന്ന യഥാർഥ ദൈവത്തെ പ്രാപിക്കാനുള്ള മാധ്യമങ്ങൾ മാത്രമാണെന്ന് കരുതാൻ തുടങ്ങി. അങ്ങനെ അവ ഉന്നത സ്ഥാനത്തിരിക്കുന്ന ദൈവങ്ങളുടെ, മാറിക്കൊണ്ടിരിക്കുന്ന കോപങ്ങളും സന്തോഷങ്ങളും പ്രകടിപ്പിക്കുന്ന മാധ്യമങ്ങളായി മാറി. പതുക്കെ ദൈവസങ്കൽപം സമൂർത്തമായ ഒരു ജഡികാസ്തിത്വം എന്ന നിലയിൽ നിന്ന് കൂടുതൽ സൂക്ഷ്മവും അമൂർത്തവുമായ ഒരു സങ്കൽപമായി മാറി. ഇതേ പ്രക്രിയ തന്നെ കൂടുതൽ സങ്കീർണമായ മറ്റൊരു ദൈവികശ്രേണിക്ക് രൂപം നൽകി. ഇതിൽ ഓരോ ദൈവത്തിനും മറ്റേതിനെ അപേക്ഷിച്ച് പ്രപഞ്ച ഭരണത്തിൽ ഓരോ പ്രത്യേക സ്ഥാനങ്ങൾ നൽകപ്പെട്ടു. ദൈവങ്ങളുടെ ഈ വർഗീകരണവും തരംതിരിവും അവസാനം മറ്റെല്ലാ ദൈവങ്ങൾക്കും ഉപരിയായ ഒരു പരമോന്നത ദൈവത്തിൽ ചെന്നവസാനിച്ചു. ഇങ്ങനെയായിരിക്കാം ദൈവത്തെ മനുഷ്യമനസ്സ് സൃഷ്ടിച്ചതെന്ന് സോഷ്യോളജിസ്റ്റുകൾ കരുതുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഇങ്ങനെയാണ് ദൈവത്തെ ഉദ്പാദിപ്പിക്കുന്ന ജോലി അവർ നിർവഹിച്ചത്. തീർച്ചയായും അവർക്ക് ഇതിന് ഒരുപാട് സമയം ആവശ്യമായി വന്നിരിക്കും.

സോഷ്യോളജിസ്റ്റുകൾ അവരുടെ ഈ സിദ്ധാന്തം പടുത്തുയർത്തിയിരിക്കുന്നത് ദൈവം ഇല്ല എന്ന മുൻവിധിയിലാണ്. അതായത് അവരുടെ ഈ അഭ്യൂഹങ്ങൾ ഒരു സത്യസന്ധമായ അന്വേഷണത്തിന്റെയും ഫലമായുള്ളതല്ല. നിരീശ്വരവാദിയുടെ മനസ്സിന്റെ ആവിഷ്കാരം മാത്രമാണ്. നിഷ്പക്ഷമായ ഒരു ധൈഷണികാന്വേഷണമാണിതെന്ന് പറഞ്ഞ് അവർ നടത്തിയ ഈ പ്രഖ്യാപനം അവരുടെ മുൻവിധി മാത്രമാണ്. സിദ്ധാന്തങ്ങൾ രൂപീകരിക്കുകയും അതിനെ ചരിത്രത്തിന്റെ സാങ്കൽപിക വസ്തുതകളുമായി ബന്ധിപ്പിക്കുകയും ചെയ്യുന്ന രീതിയിലെ പരസ്പര വൈരുദ്ധ്യങ്ങളും വൈകല്യങ്ങളും കാണുന്നതിൽ അവർ പരാജയപ്പെടുന്നു. പുരാതന മനുഷ്യന്റെ ചിന്തയുടെ വികാസ ചരിത്രം രേഖപ്പെടുത്തപ്പെട്ടിട്ടില്ല. അത് അവ്യക്തതകൾ നിറഞ്ഞതും ഫലത്തിൽ അസ്തിത്വമില്ലാത്തതുമാണ്. ഒരു കാലഘട്ടത്തിന്റെ ജീവിത ശൈലിയിലെ സൂചനകൾ ഭൂതകാലത്തിന്റെ അവശിഷ്ടങ്ങളിൽ തെളിവുകളായി കാണപ്പെട്ടാൽ മാത്രമേ നാം അതിനെ ചരിത്രം എന്ന് വിളിക്കാറുള്ളൂ. അവരുടെ ഈ ചരിത്രം ആരംഭിക്കുന്നത് കഴിഞ്ഞ രണ്ട് നൂറ്റാണ്ടുകൾക്ക് മുമ്പേ അല്ലെങ്കിൽ കവിഞ്ഞാൽ ആയിരം വർഷങ്ങൾക്ക് മുമ്പേ ആണ്. എന്നാൽ മതങ്ങളുടെ യഥാർഥ ചരിത്രം ആരംഭിക്കുന്നത് ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പാണ്. സാമൂഹ്യശാസ്ത്രജ്ഞൻമാർ അവരുടെ സിദ്ധാന്തങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത് തികച്ചും ഊഹങ്ങളിലാണ്. പുരാതന മനുഷ്യന്റെ മനസ്സുകളെ തുറന്ന് കാട്ടാനുള്ള അവരുടെ ശ്രമം തികച്ചും മായിക ചിറകുകളുടെ സഹായത്താലുള്ള സാങ്കൽപിക കുതിച്ചു ചാട്ടങ്ങളാണ്. ഈ ചാട്ടം മുൻകൂട്ടിയുറപ്പിച്ച നിരീശ്വരത്വത്തിന്റെ ഭാഗത്തേക്കാണ്. സോഷ്യോളജിസ്റ്റുകളുടെ ഈ കുതിച്ചു ചാട്ടങ്ങൾ അവരുടെ നിഗമനങ്ങൾ മനുഷ്യയുക്തികൊണ്ട് ബലപ്പെടുത്തിയതല്ല. യുക്തി മാത്രമാണ് ചിന്താപ്രക്രിയയെ പരിശോധിക്കുവാനുള്ള വിശ്വസനീയമായ ഉപകരണം.

ഭയപ്പെടുന്നതിനെ യഥാർഥത്തിൽ നാം ആരാധിക്കാറുണ്ടോ? നിരന്തരമായ അത്യാഗ്രഹം ഒരു വസ്തുവിനു മുന്നിൽ ആരാധനാപൂർവം തലകുനിക്കാൻ നമ്മെ പ്രേരിപ്പിക്കുമോ? ഈ രണ്ട് ഘടകങ്ങൾക്കും പ്രാകൃതമായ ഒരു മതത്തെ പോലും സൃഷ്ടിക്കാൻ സാധ്യമല്ല. ഭയം അത് ഉണ്ടാക്കുന്ന വസ്തുവിൽ നിന്ന് ഒരാളെ ഓടിയകലാൻ പ്രേരിപ്പിക്കുന്നു. നിസ്സഹായനും ഹതഭാഗ്യനുമായി പീഡിപ്പിക്കപ്പെട്ടവനും ഓടിയകലാൻ കഴിയാത്തവരുമായ ഇരകൾ അവരുടെ മർദകരോട് കരുണക്ക് യാചിക്കും എന്ന് ഒരാൾക്ക് തീർച്ചയായും സങ്കൽപിക്കാം. പക്ഷേ, ആ ഇരകൾ മർദകരെ ആരാധിക്കുമെന്ന് സങ്കൽപിക്കുവാൻ സാധ്യമല്ല. തന്റെ മർദകരിൽ നിന്ന് മോചിതനായാൽ ആ ഇര മർദകനെ അങ്ങേയറ്റം ഹീനവും സഭ്യേതരവുമായ ഭാഷയിൽ ചീത്ത വിളിച്ചേക്കാം. ആ മർദകനെ ആരാധിക്കണമെന്ന് വിദൂരമായ ഒരു സങ്കൽപം പോലും അയാളുടെ മനസ്സിൽ വരില്ല. ഭീഷണി കൊണ്ട് പ്രവർത്തനനിരതനാകുന്ന ഒരു എം. ഐ-5 ഏജന്റ് തന്റെ മർദകനായ കെ.ജി.ബി ക്കാര

നെ ആരാധിക്കാൻ ആരംഭിക്കുമെന്ന് ഒരു ചാരകഥയിലും നാം വായിച്ചിട്ടില്ല. വെളിപാടു മതങ്ങളിൽ പ്രതിപാദിക്കപ്പെട്ട ദൈവഭയം കാട്ടു മൃഗങ്ങളിൽ നിന്നുണ്ടാകുന്ന ഭീതിയോ മറ്റു ഭയമുണ്ടാക്കുന്ന വസ്തുക്കളുമായി ബന്ധപ്പെട്ട ഭയമോ അല്ല. ദൈവിക ശിക്ഷയെക്കുറിച്ചുള്ള താക്കീത് കുറ്റങ്ങൾ ചെയ്യാതിരിക്കാനുള്ള ഒരു പ്രതിരോധകമായിട്ടാണ് ഉപയോഗിക്കപ്പെടുന്നത്. അത് ആളുകളെ പാപങ്ങൾ ചെയ്യുന്നതിൽ നിന്ന് സ്വയം തടയുന്നു. പ്രാകൃത സമൂഹങ്ങളിലുണ്ടായിരുന്ന കാട്ടുമൃഗങ്ങളെക്കുറിച്ചുള്ള ഭയമോ ഇടിമിന്നലിനെ കുറിച്ചുള്ള ഭയമോ, മനുഷ്യനെ പാപരഹിതനായി ജീവിക്കാൻ പ്രേരിപ്പിക്കുന്ന ഒരു ശിക്ഷയെക്കുറിച്ചുള്ള ഭയമായി ഗണിക്കാൻ സാധ്യമല്ല. ദൈവവിശ്വാസം മൂലമുണ്ടാകുന്ന കുറ്റകൃത്യം ചെയ്യുന്നതിലുള്ള ഭീതിയോ, കുറ്റം ചെയ്താൽ ഭാവിയിൽ ശിക്ഷിക്കപ്പെടുമെന്ന താക്കീതോ കാട്ടുമൃഗങ്ങളെ സംബന്ധിച്ച ഭയത്തിൽ നിന്നോ, പ്രകൃതിയുടെ സംഹാരശക്തിയിലെ ഭയത്തിൽ നിന്നോ പ്രാകൃത സമൂഹത്തിന് ലഭിച്ചിരുന്നതായി നമുക്കറിയില്ല. പോലീസ് അധികാരികൾ, ട്രാഫിക് പാലകൻമാർ, മജിസ്ട്രേറ്റുമാർ മുതലായവരെ ഭയപ്പെടുകയും അവർ വെറുക്കപ്പെടുകയും ചെയ്തിട്ടുണ്ട്. പക്ഷേ, അവരാരും ആരാധിക്കപ്പെട്ടിട്ടില്ല! അതിപുരാതന കാലത്ത് പോലും അപകടകാരിയായ ഒരു സിംഹത്തെ പേടിച്ചു കൊണ്ട് ഒരാൾ അതിന്റെ മുന്നിൽ നിന്ന് ജീവനും കൊണ്ട് ഓടുകയാണ് ചെയ്യുക. പകരം അതിന്റെ മുന്നിൽ മുട്ടുകുത്തി സാഷ്ടാംഗ പ്രണാമം നടത്തുകയോ അതിനോട് കാരുണ്യത്തിന് യാചിക്കുകയോ, അതിന്റെ മഹത്ത്വവും രാജത്വവും വാഴ്ത്തുകയോ ചെയ്യാറില്ല. ഭയങ്കരമായ ഇടിമിന്നലും പേമാരിയും കത്തുന്ന വേനൽ സൂര്യന്റെ കൊടും താപവും പുരാതന മനുഷ്യനെ എവിടെയെങ്കിലും സുരക്ഷിത സ്ഥാനം തേടാനോ അല്ലെങ്കിൽ എന്തെങ്കിലും രക്ഷാസംവിധാനങ്ങൾ ചെയ്യാനോ പ്രേരിപ്പിക്കുകയാണ് ചെയ്യാറ്. ശക്തമായ ഇടിമിന്നൽ നടക്കുന്ന അവസരത്തിൽ അഭയത്തിനായി ഇടം തേടുന്നതിന് പകരം ആദിമ മനുഷ്യൻ ഗുഹയിൽ നിന്നു ചാടി പുറത്ത് വന്ന് സാഷ്ടാംഗ പ്രണാമം ചെയ്തിരുന്നുവെന്ന് ഒരു സോഷ്യോളജിസ്റ്റിന് യഥാർഥത്തിൽ വിശ്വസിക്കാനാവുമോ? സൂര്യാരാധനയും നക്ഷത്രാരാധനയും യാതൊരു വിധത്തിലും തന്നെ ഭീതിയിൽ നിന്നോ അത്യാഗ്രഹത്തിൽ നിന്നോ ക്രമേണ രൂപം കൊണ്ട ആരാധനാ രീതിയല്ല. ചെറിയ ഭൗമിക വസ്തുക്കളിൽ നിന്നു കാലക്രമേണ പരിണമിച്ചാണ് കൂടുതൽ ഉന്നതവും ഭാവാത്മകവുമായ അസ്തിത്വവുമായി ബന്ധപ്പെട്ട ആരാധനകളിലേക്ക് മനുഷ്യനെ നയിച്ചത് എന്നതിന് യാതൊരു തെളിവുമില്ല.

സോഷ്യോളജിസ്റ്റുകൾ അവരുടെ സാങ്കൽപിക സിദ്ധാന്തം തെളിയിക്കാൻ യാതൊരു ശാസ്ത്രീയ മാർഗവും അവലംബിക്കാതെ പരിണാമത്തെക്കുറിച്ച് വെറുതെ വാചകമടിക്കുകയാണ്. ശാസ്ത്രജ്ഞൻമാർ ജീവിപരിണാമത്തെക്കുറിച്ച് പറയുമ്പോൾ അവർ കോടിക്കണക്കിന് വർഷത്തെ പരിണാമ രൂപരേഖ പരിശോധിച്ച് ഘട്ടം ഘട്ടമായുള്ള ജീവന്റെ വ്യക്തമായ വളർച്ച വിവരിക്കുന്നു. അപ്രകാരം ദൈവത്തെ സംബന്ധിച്ച ഭാവന രൂപപ്പെട്ടുവന്ന പരിണാമപ്രക്രിയയുടെ ഒരു തെളിവെങ്കിലും സമർപ്പിക്കാൻ അവർക്ക് കഴിയുമോ? അന്ധവിശ്വാസികളും ബിംബാരാധകരുമായ ഏത് സമൂഹമാണ് ഏകദൈവ വിശ്വാസികളായി പരിണമിച്ചത്? ഒരിക്കലും അത് സംഭവിച്ചിട്ടില്ല.

എന്നിട്ടും സോഷ്യോളജിസ്റ്റുകൾ ശഠിച്ചു പറയുന്നത് മനുഷ്യനിലെ അവികസിതമായ ഗ്രഹണശേഷിയാണ് ദൈവത്തെ സൃഷ്ടിക്കുന്നതിൽ കലാശിച്ചതെന്ന്. മുകളിൽ പ്രസ്താവിച്ചത് പോലെ അറിയാത്തതിനെ സംബന്ധിച്ച ഭീതി ദൈവരൂപങ്ങളെ സൃഷ്ടിക്കുന്നതിൽ പങ്കുവഹിച്ചിട്ടുണ്ടെന്ന് അവർ ദുശ്ശാഠ്യത്തോടെ കടിച്ചുതൂങ്ങി വിശ്വസിക്കുന്നു. അജ്ഞത അതിന്റെ വിളയാട്ടം നടത്തിയെന്നാണ് അവർ പറയുന്നത്. മനുഷ്യൻ അവന്റെ അജ്ഞത കാരണം മനസിലാക്കാൻ കഴിയാതെ മറഞ്ഞു കിടന്നിരുന്ന വിപത്തുകളെ ബഹുമാനിക്കാൻ ആരംഭിച്ചു. പുരാതന മനുഷ്യൻ സർപ്പം, തേൾ, കാട്ടുപൂച്ച, നരി, സിംഹം, മുതായവയെ ആരാധിക്കാൻ തുടങ്ങി. ഭൂമികുലുക്കം ഭൂമിയെ വിറപ്പിച്ചു, ഇടിമിന്നൽ മരങ്ങളെ നെടുകെ പിളർത്തി, കൊടുങ്കാറ്റ് നിർദയമായും വന്യമായും അടിച്ചു വീശി; അങ്ങനെ ദൈവത്തിന്റെ ആശയം ഉടലെടുത്തു പോലും! മനുഷ്യന്റെ ഹൃദയത്തിൽ ഭീതി ആഞ്ഞു പതിച്ചപ്പോൾ പ്രകൃതി പ്രതിഭാസങ്ങളെ ആരാധിക്കുന്നതിൽ നിന്ന് ഭൗതിക വസ്തുക്കളെ ആരാധിക്കുന്ന നിലയിലേക്ക് അവൻ പുരോഗമിച്ചു. ക്രമേണ അജൈവവസ്തുക്കളെ ആരാധിക്കുന്നതിൽ നിന്ന് ജീവികളെ ആരാധിക്കുന്നതിലേക്ക് അത് പുരോഗമിച്ചു. തേൾ, സർപ്പം മുതലായവയെ ആരാധിക്കുന്നതിൽ നിന്ന് പൂച്ചയേയും മറ്റ് കാട്ടു മൃഗങ്ങളേയും ആരാധിക്കുന്നതിലേക്ക് അത് ഗതിമാറി. കുരങ്ങൻമാർ വരെ ദൈവങ്ങളായി മാറി. മിന്നൽ പിണറിന്റെ ഉന്നതമായ ഉത്ഭവ കേന്ദ്രം അവർക്ക് എത്തിപ്പിടിക്കാനായില്ല. അവരെ സൃഷ്ടിച്ച പ്രകൃതിശക്തികൾ എന്താണെന്ന് അവർക്ക് അറിയാൻ കഴിഞ്ഞിരുന്നില്ല. പക്ഷേ, അവയെല്ലാം അവർ ഒരുപോലെ ഭയപ്പെട്ടു.

മേഘത്തിരശ്ശീലയുടെ പിന്നിലിരിക്കുന്ന ചില ഭയാനകങ്ങളായ ദൈവങ്ങളുടെ ക്രോധത്തിന്റെ പ്രകടനങ്ങളാണ് പ്രകൃതിയിലെ ശക്തിമത്തായ എല്ലാ പ്രതിഭാസങ്ങളും എന്നവർ കരുതിയിരുന്നിരിക്കണം. ആയതിനാൽ അവരുടെ പ്രാകൃത മനസ്സ് അന്ധവിശ്വാസങ്ങൾ നെയ്തെടുക്കാൻ ആരംഭിച്ചു. ക്രുദ്ധരായ ദൈവത്തെ പ്രീതിപ്പെടുത്താനും

ചുരുങ്ങിയത് അവരുടെ കോപത്തിൽ നിന്ന് രക്ഷനേടാനും ആദിമനുഷ്യൻ ധാർമികാദ്ധ്യാപനങ്ങളും സ്വഭാവ സംഹിതകളും കണ്ടുപിടിച്ചു.ആരാധനാലയങ്ങൾ പണിതു. ബലികൾ അർപ്പിച്ചു. നന്മതിന്മകളെപ്പറ്റിയുള്ള ആശയങ്ങൾക്ക് രൂപം കൊണ്ടു. നിരവധി ആചാരങ്ങളും ചടങ്ങുകളും ഉത്ഭവിച്ചു. അവസാനം വേദഗ്രന്ഥങ്ങളും ആവിർഭവിച്ചു. തീർച്ചയായും ആദിമ മനുഷ്യരുടെ പ്രാകൃതമായ ധാരണകൾക്ക് അത്യന്തം അതിരു കവിഞ്ഞ സ്തുതിയാണ് ഇവിടെ സോഷ്യോളജിസ്റ്റുകൾ നൽകിയിരിക്കുന്നത്. ഈ സ്തുതി കൂടുതൽ യോജിക്കുക പ്രാകൃതമായ ധാരണകൾ പുലർത്തിയ ആദിമ മനുഷ്യന്റെ പേരിൽ ഇത്തരം ആകാശക്കോട്ടകൾ പണിതുകൂട്ടിയ സോഷ്യോളജിസ്റ്റുകളുടെ ബുദ്ധി വൈഭവത്തിനാണ്.

പ്രാകൃത സമൂഹങ്ങളിലെ വിശ്വാസങ്ങളും ലോകത്തിലെ വെളിപാട് മതങ്ങളിലെ വിശ്വാസങ്ങളും തമ്മിലുള്ള അന്തരം വിവേചിച്ചറിയുന്നതിൽ സോഷ്യോളജിസ്റ്റുകൾ പരാജയപ്പെട്ടു. പൗരാണിക പരമ്പരാഗത പ്രാകൃത വിശ്വാസങ്ങളിലെല്ലാം കാണുന്ന മുഖ്യതന്ത്രിയും സഹതന്ത്രികളും വെളിച്ചത്തിലുള്ള ഒരു പുതിയ ജീവിത സംഹിത ലഭിച്ചതായി അവകാശപ്പെടുന്നില്ല. അതുപോലെ ഇക്കൂട്ടരുടെ ദൈവിക മാധ്യമം എന്ന ആധികാരികത സമൂഹത്തിൽ ആരാലും ചോദ്യം ചെയ്യപ്പെടുന്നില്ല. കാരണം അവരുടെ ആ സ്ഥാനം പൂർവികരിൽ നിന്ന് പരമ്പരാഗതമായി ലഭിച്ചതാണ്. അത് സമൂഹം അതേപടി അംഗീകരിക്കുകയാണ് ചെയ്തത്. അവർ തങ്ങളുടെ ദൈവമാധ്യമം എന്ന അവകാശവാദത്തിന് തെളിവിനായി ദിവ്യദൃഷ്ടാന്തങ്ങൾ കാണിക്കാൻ ഒരിക്കലും വെല്ലുവിളിക്കപ്പെട്ടിട്ടില്ല എന്നു മാത്രമല്ല തങ്ങൾക്കനുകൂലമായി ചെപ്പടി വിദ്യകൾ കാണിക്കുന്നതിന് അവർ സ്വതന്ത്രരുമായിരുന്നു. അതിൽ കൂടുതലായി എന്തും എളുപ്പത്തിൽ വിശ്വസിക്കുന്ന ദുർബല വിശ്വാസികൾ, ഈ സിദ്ധൻമാർക്കുണ്ടെന്ന് പറയപ്പെടുന്ന ദൈവത്തെ പ്രാപിക്കാനുള്ള കഴിവുകളിൽ ആകൃഷ്ടരാണ്. ഇത് അവരുടെ കൗശലമല്ലാതെ മറ്റൊന്നുമല്ല താനും. വ്യാജദൈവങ്ങൾ വ്യാജവാദികളാൽ പിന്തുണക്കപ്പെടുകയാണ് ചെയ്യുന്നത്.

മേൽ പറഞ്ഞ രീതിയിലുള്ള സിദ്ധൻമാരും ലോകത്തിലെ മഹത്തായ മതങ്ങളുടെ സ്ഥാപകൻമാരും തമ്മിലുള്ള വ്യത്യാസം ഗ്രഹിക്കാൻ താഴെപറയുന്ന വസ്തുതകൾ മനസ്സിലാക്കുന്നത് നന്നായിരിക്കും. ആ പ്രത്യേകതകൾ ഇപ്രകാരമാണ്.

1. വിഗ്രഹാരാധകരായ പുരോഹിതൻമാർ സ്ഥാപനവത്കൃതമായ ഒരു ആരാധനാലയത്തിനുള്ളിലെ അംഗീകരിക്കപ്പെട്ട ആളായിരിക്കും.

2. പഴയ മതവ്യവസ്ഥയുമായി വിവാദത്തിലേർപെടുകയോ അതിന്റെ പ്രാബല്യത്തെ ചോദ്യം ചെയ്യുന്നതോ ആയ ഒരു മതസിദ്ധാന്തവും അവർ ആവിഷ്ക്കരിച്ചിട്ടില്ല. സമൂഹത്തിന്റെ മൂല്യങ്ങളും സ്വഭാവങ്ങളും മാറ്റുവാൻ അവർ ശ്രമിക്കാറില്ല. അവർ ചെയ്യുന്നത് പഴയ വിശ്വാസങ്ങളേയും ആചാരങ്ങളേയും നിലനിറുത്തുകയാണ്. ഒരിക്കലും തന്നെ ജനകീയവും വ്യാപകവുമായ അന്ധവിശ്വാസങ്ങളേയും മിഥ്യാവിശ്വാസങ്ങളേയും അവർ എതിർക്കുന്നില്ല.

3. അവർ നിലവിലുള്ള രാഷ്ട്രീയ സംവിധാനത്തെ മിക്കവാറും അംഗീകരിക്കുന്നു. ഭരണാധികാരിയുടെ മതവിശ്വാസത്തെ ഒരിക്കലും ചോദ്യം ചെയ്യുന്നില്ല. എന്നിരുന്നാലും ചില രാജാക്കൻമാർക്കെതിരിൽ അക്കാലത്തെ മതനേതാക്കൻമാർ കലാപമഴിച്ചു വിടുന്നതായി കണ്ടെന്നു വരാം. ഇത് മതകാര്യങ്ങളിൽ രാജാക്കൻമാർ പരിധി കവിഞ്ഞ് ഇടപെടുന്നത് കൊണ്ടാണെന്ന് കാണാം. ചിലപ്പോൾ മതനേതാക്കൻമാരുടെ രാഷ്ട്രീയ വ്യാമോഹങ്ങൾ കൊണ്ടാണെന്നും വരാം. എങ്കിലും ഇതെല്ലാം ഒറ്റപ്പെട്ട സംഭവങ്ങളാണ്. കളങ്കങ്ങൾ നിറഞ്ഞ വിഗ്രഹാരാധകരുടെ നേതൃത്വം, അധികാരത്തിന്റെ ശക്തമായ തറയിൽ വേരോട്ടമുള്ള ജനങ്ങൾക്കിടയിലെ വ്യാപകമായ മിത്തുകളേയും തത്ത്വങ്ങളേയും താങ്ങി നിറുത്തുന്നവരായിട്ടാണ് സാർവത്രികമായി കാണപ്പെടുന്നത്.

ദൈവത്തിന്റെ ഏകത്വം ഉയർത്തിപ്പിടിച്ച ജൂത, ക്രൈസ്തവ, ഇസ്‌ലാം, സൊറോസ്ട്ര മതങ്ങളുടെ സ്ഥാപകരുടെ ചരിത്രം ഇതിൽ നിന്ന് അടിസ്ഥാനപരമായി എത്രയോ വ്യത്യസ്തമാണ്. മോസസ്(അ), ജീസസ്(അ), മുഹമ്മദ്(സ)എന്നിവരുടെയും അതുപോലെ ദൈവത്താൽ അയക്കപ്പെട്ട മറ്റു പ്രവാചകൻമാരുടെയും ജീവിതം നാം പരിശോധിക്കുകയാണെങ്കിൽ അവരാരും തന്നെ അക്കാലത്തെ വ്യവസ്ഥാപിതവും ജനകീയവുമായ മത സംവിധാനത്തെ പ്രതിനിധാനം ചെയ്തിരുന്നില്ല. അവരുടേത് വിപ്ലവത്തിന്റെ ഒറ്റപ്പെട്ട ശബ്ദമായിരുന്നു. അവരുടെ വാദങ്ങൾ മുഴുവനും തന്നെ ദിവ്യവെളിപാടുകളെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു. അവരാകട്ടെ പുതിയൊരു ജീവിത വഴി ആവശ്യപ്പെടുന്ന ഒരു പുത്തൻ തത്ത്വശാസ്ത്രത്തിന്റെ വക്താക്കളായിരുന്നു. നിലവിലുള്ള ആചാരത്തിനും നാട്ടുനടപ്പുകൾക്കും വിഭിന്നമായ മൂല്യങ്ങളാണ് അവർ പ്രബോധിച്ചിരുന്നത്. അവർ ഒരു നവലോകക്രമത്തിന്റെ മുന്നൊരുക്കക്കാരായിട്ടായിരിക്കും എപ്പോഴും തന്നെ പ്രത്യക്ഷപ്പെടുക. നിലവിലുള്ള മതത്തിന്റെ അധികാരികളെ അവർ വെല്ലുവിളിക്കാനാഗ്രഹിക്കുകയും ചെയ്യുന്നു. അക്കാലത്തെ പ്രബലമായ മതങ്ങളിൽ ഭിന്നിപ്പുണ്ടാവുകയും അത് പല ഭാഗങ്ങളും ചേരികളുമായി പിരിയുകയും ചെയ്യുന്നു. അജ്ഞരായ സാധാരണക്കാരുടെ ഭൂരിപക്ഷത്തെ തങ്ങളുടെ വരുതിയിലാക്കാൻ അവർ പരസ്പരം പോരടിക്കുന്ന ഒരു കാലഘട്ടത്തിലായിരിക്കും ഈ ദൈവദൂതൻമാർ പ്രത്യക്ഷപ്പെടുക. അത്തരം ഒരു കാലഘട്ടത്തിലാണ് മേൽ പറഞ്ഞ രൂപത്തിലുള്ള

ദൈവിക സന്ദേശവാഹകർ ആവിർഭവിക്കുക. ഇതിന്റെ ഫലമായി അദ്ദേഹത്തിന്റെ എതിരാളികൾ കൃത്രിമമായ ഒരു ഐക്യനിര സൃഷ്ടിക്കുന്നു. തൽക്കാലത്തേക്ക് അവർ തമ്മിലുള്ള ഭിന്നിപ്പ് മറക്കുകയും പുതുതായി വന്ന ആത്മീയ സംവിധാനത്തിനെതിരെ അവരുടെ ശക്തികൾ സമാഹരിച്ചുകൊണ്ട് ഒരു വമ്പിച്ച പ്രതിരോധനിര കെട്ടിപ്പടുക്കുകയും ചെയ്യുന്നു. അങ്ങനെ കഠിനമായ എതിർപ്പ് പ്രകടിപ്പിക്കുന്ന ഒരു ഐക്യമുന്നണി രൂപപ്പെടും. ദൈവദൂതന് മനുഷ്യരുടെ ഭാഗത്ത് നിന്ന് യാതൊരു സഹായവും ലഭ്യമാകുന്നില്ല. സാധാരണക്കാരായ ജനങ്ങളുടെയോ അധികാരിവർഗത്തിന്റെയോ പിന്തുണ അദ്ദേഹത്തിന് കിട്ടുന്നില്ല. അദ്ദേഹം ഒരു രാഷ്ട്രീയ ശക്തിയുടെയും സംപ്രീതനായിരിക്കയില്ല. അദ്ദേഹം ഏകനായി ഉപേക്ഷിക്കപ്പെട്ടവനും, പരിത്യക്തനും നിരാകരിക്കപ്പെട്ടവനുമായിരിക്കും.

അന്ധവിശ്വാസങ്ങളുടെ വന്യമായ പ്രവണതയോടെ വളർന്നു വികസിക്കുന്ന മലിനപൂരിതമായ സമൂഹങ്ങളിലാണ് അത്തരം മഹാന്മാരായ മനുഷ്യർ ഉയർന്നുവരുന്നത്. നവലോകക്രമത്തിന്റെ ഈ മാർഗദർശകന്മാർ ഏകദൈവത്തിന്റെ സിദ്ധാന്തം പ്രബോധിക്കുകയും എല്ലാ രൂപങ്ങളിലുമുള്ള വിഗ്രഹാരാധനയേയും വിപാടനം ചെയ്യുകയും ചെയ്തവരായിരുന്നു. ദൈവദൂതൻമാരുടെ ശത്രുക്കളുടെ ഐക്യം എന്ത് തന്നെയായിരുന്നാലും അത് അവരിൽ തന്നെ വ്യാജത്വം സൃഷ്ടിക്കുന്നു. അത് പ്രവാചകൻമാർക്കെതിരായ കൃത്രിമമായ ഐക്യം മാത്രമാണ്. അവർ മുമ്പേയെന്നപോലെ തന്നെ അഗാധമായ ഭിന്നിപ്പിൽ തന്നെയാണ്. ദൈവത്തിന്റെ ഏകത്വം ഉയർത്തിപ്പിടിക്കുന്നവർ വ്യാജവാദികളാണെങ്കിൽ അവരുടേത് ഒരു അസാധ്യമായ ദൗത്യമായിരിക്കും. ഒരു വ്യാജവാദിക്കും തന്റെ ദൃഷ്ടിയിൽ നിന്ന് മറഞ്ഞിരിക്കുന്ന ലക്ഷ്യത്തിനു വേണ്ടി സുസ്ഥിരമായ ദൃഢചിത്തതയോടെ നിൽക്കുവാൻ സാധ്യമല്ല. എന്നാൽ പ്രവാചകൻമാരുടെ വിശ്വാസം ദൈവത്തിന്റെ യാഥാർഥ്യത്തിനുമേൽ അത്യഗാധമായി കെട്ടിപ്പടുത്തതാണ്. അല്ലാത്തപക്ഷം അവർ നശിപ്പിക്കപ്പെടുകയോ അവരുടെ അസ്തിത്വം തന്നെ തുടച്ചു നീക്കപ്പെടുകയോ ചെയ്യപ്പെടുമായിരുന്നു. ദൈവം ഇല്ലായിരുന്നുവെങ്കിൽ ഒരു ഭ്രാന്തനെ പോലെ ദൈവദൂതൻമാർ സമൂഹത്താൽ നിരാകരിക്കപ്പെടുമായിരുന്നു. മൂന്നാമതൊരു വിധി ഇക്കാര്യത്തിലുണ്ടാകുമായിരുന്നില്ല. അവർ ഭ്രാന്തന്മാരല്ലെങ്കിൽ അവരുടെ വിശ്വാസങ്ങളിൽ ഇത്രയും ദൃഢമാനസരായി സർവവും ത്യജിച്ച് നിഷ്ഫലവും അയഥാർഥവുമായ ഒരു കാര്യത്തിന് വേണ്ടി എങ്ങനെ അവർക്ക് പിടിച്ചു നിൽക്കാൻ കഴിയും? അവരെ ഭ്രാന്തൻമാരാണെന്ന് പറഞ്ഞ് എഴുതിത്തള്ളാനാവുമോ? മാനസികഭ്രമം ഉള്ളവരുടെ അസ്ഥിരബുദ്ധി അങ്ങോട്ടും ഇങ്ങോട്ടും ചാഞ്ചാടിക്കൊണ്ടിരിക്കും. പ്രവാചകൻമാരുടെ നേരെ അദ്ദേഹത്തിന്റെ കാൽപാദങ്ങളിലെ ഭൂമി നഷ്ടപ്പെട്ടുമാറ് സമൂഹം അതിഭീകരമായി പ്രതികരിക്കുന്നു. പാവപ്പെട്ടവരോ പണക്കാരോ ആയ യാതൊരു മനുഷ്യന്റെ പിന്തുണയും അവർക്ക് ലഭിക്കുന്നില്ല. ശക്തൻമാരിൽ നിന്നോ അശക്തൻമാരിൽ നിന്നോ സമൂഹത്തിന്റെ രൂക്ഷമായ എതിർപ്പിനെതിരെ ചെറുസഹായം പോലും പ്രവാചകൻമാർക്ക് ലഭിക്കുന്നില്ല. അവരുടെ സന്ദേശത്തിന്റെ മഹത്ത്വവും സ്വഭാവത്തിന്റെ വൈശിഷ്ട്യവും കഠിനമായ ആകുലാവസ്ഥയും അന്തിമ വിജയത്തെക്കുറിച്ചുള്ള അചഞ്ചലമായ വിശ്വാസവും എല്ലാം തന്നെ അവരുടെ സത്യത്തിന്റെ സാക്ഷ്യങ്ങളാകുന്നു.

അവരുടേത് ആത്യന്തികമായ ത്യാഗത്തിന്റെ കഥയാണ്. അത്യാർത്തിയുടേതല്ല. അവരുടെ ഉദാത്തലക്ഷ്യത്തിനു വേണ്ടി അവർ നേടിയതെല്ലാം നഷ്ടപ്പെടുത്തി. അവർ മാത്രമല്ല അവരുടെ അനുയായികളായി അനുസ്യൂതം ചേർന്നു കൊണ്ടിരിക്കുന്നവർ എല്ലാ പ്രയാസങ്ങളേയും അതിജീവിച്ചു കൊണ്ട് പരമമായ ത്യാഗത്തിന്റെ അതേപാത തന്നെ പിന്തുടരുന്നു. ആക്ഷേപിച്ചുകൊണ്ടു ചൂണ്ടിയ വിരലുകളൊന്നും തന്നെ അത്തരം ആളുകളെ നിരുത്സാഹപ്പെടുത്തിയില്ല.

മനുഷ്യന്റെ അജ്ഞതയിൽ നിന്ന് വ്യാജദൈവങ്ങൾ സൃഷ്ടിക്കപ്പെട്ടു എന്ന ഈ സിദ്ധാന്തം മനുഷ്യചരിത്രത്തിലെ അജ്ഞതയും അപക്വതയും മുറ്റി നിൽക്കുന്ന ചില പ്രത്യേക സന്ദർഭങ്ങളിൽ ഭാഗികമായി ശരിയായിരിക്കാം. അജ്ഞരായ സാധാരണക്കാരെ മതപുരോഹിതൻമാർ ചൂഷണം ചെയ്യുന്നത് നിഷേധിക്കപ്പെടാൻ കഴിയാത്ത ഒരു യാഥാർഥ്യമാണ്. പക്ഷേ, ഈ പ്രക്രിയ ആശയങ്ങളുടെ ക്രമികമായ പരിണാമത്തെ സൃഷ്ടിച്ചുവെന്നും അത് അവസാനം ഏകദൈവ വിശ്വാസത്തിലെത്തിച്ചു എന്ന അഭിപ്രായവും ഞങ്ങൾ തള്ളിക്കളയുന്നു. വിഗ്രഹാരാധകരുടെ അന്ധവിശ്വാസങ്ങൾ പരിണമിച്ചാണ് ഏകദൈവാരാധന ഉണ്ടായത് എന്ന വാദം ചരിത്ര വസ്തുതകളുടെ പിൻബലമില്ലാത്തതാണ്. അത് സോഷ്യോളജിസ്റ്റുകളുടെ ചപല മോഹങ്ങളുടെ ഒരു സങ്കൽപം മാത്രമാണ്.

ബഹുദൈവാരാധന രൂപാന്തരപ്പെട്ടാണ് ഏകദൈവാരാധന ഉണ്ടായത് എന്ന സിദ്ധാന്തത്തിന് ചരിത്രത്തിൽ നിന്ന് യാതൊരു തെളിവും ലഭ്യമല്ല. ബഹുദൈവാരാധനയിൽ നിന്ന് ഏകദൈവാരാധനയിലേക്കുള്ള ഏതെങ്കിലുമൊരു സമൂഹത്തിന്റെ രൂപാന്തരഘട്ടത്തെ സംബന്ധിച്ച് ഒരു സാക്ഷ്യവും ലഭ്യമല്ല. മറിച്ച് പൊടുന്നനെ ഒരു മഹാത്മാവ് പ്രത്യക്ഷപ്പെടുകയാണ് ചെയ്യുക. അതോടെ അദ്ദേഹത്തെ പിന്തുടരാനാഗ്രഹിക്കുന്നവർക്ക് മുമ്പിൽ ഉജ്ജ്വല ത്യാഗങ്ങൾ ആവശ്യപ്പെടുന്ന വമ്പിച്ച യാതനകളുടെ സംഭവപരമ്പരകൾ ചലിച്ചു തുടങ്ങുകയും ചെയ്യുന്നു.

(തുടരും)

# ദൈവാസ്തിക്യം: ശാസ്ത്രജ്ഞന്മാരുടെ വീക്ഷണങ്ങൾ

ഉസ്മാനിയാ യൂണിവേഴ്സിറ്റിയിലെ ആസ്ട്രോണമി വകുപ്പ് ഫാക്കൽട്ടി അംഗമായിരുന്ന ലേഖകൻ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പ്രസിഡന്റായിരുന്നു. 1963 ൽ ചിക്കാഗോ യൂണിവേഴ്സിറ്റിയിൽ നിന്ന് ആസ്ട്രോ ഫിസിക്സിലും ആസ്ട്രോണമിയിലും ഗവേഷണ ബിരുദം നേടിയ അദ്ദേഹം വിശുദ്ധ ഖുർആൻ മുഴുവനും ഹൃദിസ്ഥമാക്കിയ പരമ ഭക്തനായിരുന്നു. മുഹമ്മദ് അല്ലാദീൻ സാഹിബ് 2011 മാർച്ച് 20ന് ഖാദിയാനിൽ വെച്ച് ദിവംഗതനായി. ദൈവത്തിന്റെ അസ്തിത്വം സംബന്ധിച്ച് പ്രഗല്ഭരായ ശാസ്ത്രപ്രതിഭകളുടെ അഭിപ്രായങ്ങൾ അദ്ദേഹം ഈ ലേഖനത്തിൽ അവതരിപ്പിക്കുന്നു.


## പ്രൊഫ: സാലേ മുഹമ്മദ് അല്ലാദീൻ

**വിവ: കെ. വി. ഹസ്സൻ കോയ, കോഴിക്കോട്**


മതത്തിന്റെ കേന്ദ്രതത്ത്വം എന്ന നിലക്ക് സർവശക്തനായ ദൈവത്തിന്റെ അസ്തിത്വം എന്ന വിഷയം അടിസ്ഥാനപരമായി പ്രാധാന്യമർഹിക്കുന്നതാണ്. അതുകൊണ്ട് ഈ വിഷയം മതങ്ങൾ തമ്മിലുള്ള സൗഹാർദം പരിപോഷിപ്പിക്കുന്നതും വിവിധ മതാനുയായികൾക്കിടയിലുള്ള പൊതുവായ ലക്ഷ്യം അതായത് സർവശക്തനായ ദൈവത്തിലുള്ള വിശ്വാസം ഊട്ടിയുറപ്പിച്ചു അവരെ ഒരുമിച്ചു കൂട്ടുകയും ചെയ്യുന്നു. നമ്മുടെ ജീവിതത്തിന്റെ ആത്യന്തികമായ ലക്ഷ്യം അതാണ്.

വിശുദ്ധ ഖുർആൻ പറയുന്നു:

***'പറയുക, ഓ ഗ്രന്ഥാനുസാരികളെ! (കുറഞ്ഞ പക്ഷം) ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ തുല്യമായ ഒരു കാര്യത്തിലേക്ക് അതായത് അല്ലാഹു അല്ലാതെ നാം ആരെയും ആരാധിക്കുകയില്ലെന്നും അവനോട് പങ്കുചേർക്കുകയില്ലെന്നും നമ്മളിൽ ചിലർ മറ്റു ചിലരെ അല്ലാഹുവിന് പുറമെ രക്ഷാധികാരികളാക്കുകയില്ലെന്നും (ഉള്ള തത്ത്വത്തിലേക്ക്) വരിക.' (വി. ഖുർആൻ 3:65)***

ജനഹൃദയങ്ങളിൽ ഉറച്ച ദൈവവിശ്വാസത്തിന്റെ അഭാവമാണ് ഇന്ന് ലോകത്ത് കാണുന്ന കുറ്റങ്ങളുടെയും അസ്വസ്ഥകളുടെയും കാരണമെന്ന് കണ്ടെത്താൻ സാധിക്കും. അങ്ങനെ നോക്കിയാൽ ലോകത്ത് സമാധാനം സ്ഥാപിക്കുന്നതുമായി വളരെ അടുത്ത ബന്ധപ്പെട്ട ഒരു വിഷയം കൂടിയാണിത്. വിശുദ്ധ ഖുർആൻ പറയുന്നു:

***'ദൈവം സമാധനത്തിന്റെ ഉറവിടവും രക്ഷാപരിപാലകനുമാണ് ' (വി. ഖുർആൻ. 59:24)***

നമ്മുടെ പ്രഭുവും യജമാനനുമായ മുഹമ്മദ് നബി (സ) മഹത്തായ ദൗത്യം ജനങ്ങളെ ദൈവത്തിലേക്ക് വിളിക്കുകയെന്നതായിരുന്നു. തിരുമേനി(സ)യെ അഭിസം ബോധന ചെയ്തു കൊണ്ട് വിശുദ്ധ ഖുർആൻ പറയുന്നു:

***'പറയുക, ഇത് എന്റെ മാർഗമാണ്, ഔചിത്യ ബോധത്തോടു കൂടി ഞാനും എന്നെ പിന്തുടരുന്നവരും അല്ലാഹുവിങ്കലേക്ക് (ജനങ്ങളെ) ക്ഷണിക്കുന്നു. ഞാൻ അല്ലാഹുവിന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. ഞാൻ ബഹുദൈവ വിശ്വാസികളിൽ പെട്ടവനല്ല.' (വി. ഖുർആൻ 12: 109)***

അവസാന കാലത്ത് ആഗതനാവുന്ന വാഗ്ദത്ത മസീഹിന്റെ സുപ്രധാന ജോലി ദൈവത്തിലുള്ള വിശ്വാസം പുനസ്ഥാപിക്കുകയായിരിക്കുമെന്ന് നബി തിരുമേനി (സ) പ്രസ്താവിച്ചിട്ടുണ്ട്. 'വിശ്വാസം ഭൂമിയിൽ നിന്ന് കാർത്തിക നക്ഷത്രത്തിലേക്ക് ഉയർന്ന് പോയാലും വാഗ്ദത്ത മസീഹ് (അ) അതിനെ തിരിച്ചുകൊണ്ടു വരുന്നതാണ്' എന്ന് നബി (സ) പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. (ബുഖാരി മുസ്‌ലിം ശരീഫ്, ഹദീഖത്തു സാലിഹീൻ, മാലിക്ക് സൈഫുർറഹ്മാൻ)

അഹ്മദിയ്യാ ജമാഅത്തിന്റെ വിശുദ്ധ സ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) യാണ് വാഗ്ദത്ത മസീഹെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ലോകത്തിന്റെ ആത്മീയ പുനരുജ്ജീവനം അദ്ദേഹം മുഖേന യാണ് വിധിക്കപ്പെട്ടിരിക്കുന്നത്.

ആയതിനാൽ ദൈവാസ്തിത്വം എന്ന വിഷയം അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന് വളരെ പ്രിയങ്കരമാണ്. വാഗ്ദത്ത മസീഹിന്റെ രണ്ടാം ഖലീഫയായിരുന്ന ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) താഴെപ്പറയുന്ന വാക്കുകളിൽ ഇക്കാര്യം മനോഹരമായി പ്രകടിപ്പിച്ചിരിക്കുന്നു.

രാവും പകലും ഇത്രമാത്രമാണ് ഞാൻ പറയുന്നത് അതായത് ഈ പ്രപഞ്ചത്തിന് തീർച്ചയായും ഒരു ദൈവമുണ്ട്.

ദൈവത്തിന്റെ അസ്തിത്വത്തിന് തെളിവായി വിശുദ്ധ ഖുർആൻ ഈ പ്രപഞ്ചത്തെ അവതരിപ്പിച്ചിരിക്കുന്നു. അത് പറയുന്നു: ***'ആകാശഭൂമികളുടെ രൂപസന്ദായകനായ അല്ലാഹുവിനെ സംബന്ധിച്ച് നിങ്ങൾ സംശയാലുക്കളാണോ?' (വി.ഖുർആൻ14:11)***

***'ആകാശഭൂമികളുടെ സൃഷ്ടിപ്പും രാപ്പകൽ മാറി മാറി വരുന്നതിലും കാര്യങ്ങൾ ഗ്രഹിക്കുന്നവർക്ക് തീർച്ചയായും ദൃഷ്ടാന്തങ്ങളുണ്ട്.' (വി. ഖുർആൻ 3:141)***

***'ആകാശഭൂമികളുടെ സൃഷ്ടിപ്പ് അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്. അതുപോലെ തന്നെ അവന്റെ ഭാഷകളുടെയും നിറങ്ങളുടെ വൈവിധ്യവും. തീർച്ചയായും അതിൽ വിജ്ഞാനം ഉള്ളവർക്ക് ദൃഷ്ടാന്തങ്ങളുണ്ട്. (വി. ഖുർആൻ 30:23)***

ഈ ഖുർആൻ സൂക്തങ്ങൾ തീർച്ചയായും ആകാശ ഭൂമികളുടെ സൃഷ്ടിപ്പിനെ സംബന്ധിച്ച് പഠനം സർവശക്തനായ ദൈവത്തിലേക്ക് നയിക്കുന്നു എന്ന് വ്യക്തമായി ചൂണ്ടിക്കാണിക്കുന്നു. ദൈവിക സഹായം തേടിക്കൊണ്ട് ശാസ്ത്രത്തിന്റെ ചില വശങ്ങളിലും ഈ വിഷയത്തിൽ ശാസ്ത്രജ്ഞന്മാരുടെ വീക്ഷണങ്ങളും അവതരിപ്പിക്കുവാൻ ഞാൻ ശ്രമിക്കാം.

## മതവും ശാസ്ത്രവും

ശാസ്ത്രജ്ഞാനങ്ങളുടെ പുരോഗതിക്കും വർധനക്കും മുസ്ലിംകൾ നൽകിയ സംഭാവന

ബൈബിളിലെ അദ്ധ്യാപന ങ്ങളുടെ അക്ഷരാർഥത്തിലുള്ള വിവരണത്തിനായിരുന്നു അമിതമായ ഊന്നൽ നൽകപ്പെട്ടിരുന്നത്. (ബൈബിളിന്റെ മൂലരുപത്തിൽ കാലം ചെല്ലും തോറും വ്യതിയാനം വരുത്തിയിരുന്നു എന്ന വസ്തുത കൂടുതൽ സങ്കീർണതകളുണ്ടാക്കുകയും ചെയ്തു.) അത് കാരണം പ്രത്യക്ഷത്തിൽ ശാസ്ത്രവും മതവും തമ്മിൽ വൈരുദ്ധ്യങ്ങൾ സൃഷ്ടിക്കപ്പെട്ടു. ആധുനിക ക്രിസ്തീയ ചിന്താഗതി ഇതിൽ നിന്ന് വിഭിന്നമാണ്.

വളരെ പ്രസിദ്ധമാണ്. യഥാർഥത്തിൽ ഇത് അവരുടെ ദൈവ വിശ്വാസത്തെ ശക്തിപ്പെടുത്തുകയാണ് ചെയ്യുന്നത്. പ്രശസ്തമായ അറബി ഗോളശാസ്ത്രജ്ഞൻ അബ്ദുല്ലാഹ് ഇബ്നു മുഹമ്മദ് ഇബ്നു ജരീർ അൽബത്താനി തന്റെ ജീവിതത്തിൽ 40 വർഷക്കാലം അതായത് ക്രിസ്ത്വാബ്ദം 870 മുതൽ 918 വരെ ചെലവഴിച്ചത് ആകാശ ഗോളങ്ങളെ നിരീക്ഷിച്ചും അവയെക്കുറിച്ച് പഠിച്ചുമായിരുന്നു. അദ്ദേഹം പറയുന്നു:

'നക്ഷത്രത്തിന്റെ ശാസ്ത്രം ......ദൈവത്തിന്റെ ഏകത്വവും അത്യുന്നതമായ ദൈവിക ജ്ഞാനവും തിരിച്ചറിയാൻ പ്രേരിപ്പിക്കുന്നു.' (History of Astronomy by A. Pannekoek, Inter Science New York, 1961)

ക്രിസ്ത്വാബ്ദം പതിനേഴാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പ്രപഞ്ചത്തിന്റെ കേന്ദ്രം ഭൂമിയല്ലെന്ന വീക്ഷണം ശാസ്ത്രജ്ഞന്മാർ മുന്നോട്ട് വെച്ചപ്പോൾ യൂറോപ്യൻ പുരോഹിതന്മാർ ഈ ആശയത്തെ എതിർത്തു. ശാസ്ത്രവും മതവും തമ്മിൽ വൈരുദ്ധ്യമുണ്ടെന്ന് പൊതുവിൽ തോന്നലുണ്ടായി. എന്തെന്നാൽ ശാസ്ത്രീയ പഠനം പുരോഹിതന്മാരുടെ മതാദ്ധ്യാപനങ്ങളുമായി യോജിക്കുന്നില്ലായിരുന്നു. ആ സമയത്ത് ശാസ്ത്രീയ കണ്ടുപിടിത്തങ്ങളും അറിവും യഥാർഥത്തിൽ ഒരു സ്രഷ്ടാവുണ്ടെന്ന ആശയത്തെ ബലപ്പെടുത്തുകയാണ് ചെയ്യുന്നതെന്ന കാര്യം മനസ്സിലാക്കുന്നതിൽ അവർ പരാജയപ്പെട്ടു.

ബൈബിളിലെ അദ്ധ്യാപനങ്ങളുടെ അക്ഷരാർഥത്തിലുള്ള വിവരണത്തിനായിരുന്നു അമിതമായ ഊന്നൽ നൽകപ്പെട്ടിരുന്നത്. (ബൈബിളിന്റെ മൂല രുപത്തിൽ കാലം ചെല്ലും തോറും വ്യതിയാനം വരുത്തിയിരുന്നു എന്ന വസ്തുത കൂടുതൽ സങ്കീർണതകളുണ്ടാക്കുകയും ചെയ്തു.) അത് കാരണം പ്രത്യക്ഷത്തിൽ ശാസ്ത്രവും മതവും തമ്മിൽ വൈരുദ്ധ്യങ്ങൾ സൃഷ്ടിക്കപ്പെട്ടു. ആധുനിക ക്രിസ്തീയ ചിന്താഗതി ( ഉൽപ്പത്തി പുസ്തകത്തിലെ സൃഷ്ടിപ്പ് വിവരണത്തെ അക്ഷരാർഥത്തിൽ എടുക്കുന്ന സൃഷ്ടിവാദികൾ ഒഴികെ) ഇതിൽ നിന്ന് വിഭിന്നമാണ്. ദൈവത്തിലുള്ള വിശ്വാസം കൂടുതൽ ഉറപ്പിക്കുന്നതിന് ശാസ്ത്രീയ ജ്ഞാനം മറ്റൊരുറവിടമാണെന്ന കാര്യം അവർ അംഗീകരിച്ചിട്ടുണ്ട്. മേൽ പ്രസ്താവിച്ച ഇസ്ലാമിക വിശ്വാസത്തോട് യോജിച്ചു പോകുന്നതാണിത്. യുക്തിജ്ഞനായ ഒരു ദൈവത്തിലുള്ള തങ്ങളുടെ വിശ്വാസത്തിന് ശാസ്ത്രജ്ഞാനം കൂടുതൽ അടിസ്ഥാനം നൽകുന്നുവെന്ന് വിശ്വസിക്കുന്ന ശാസ്ത്രജ്ഞന്മാരുടെ എണ്ണം കൂടിവരികയാണ്.

തന്റെ പ്രശസ്തമായ **'ഹമാരാ ഹുദാ'** (നമ്മുടെ ദൈവം ) എന്ന പുസ്തകത്തിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ) അവരുടെ ഈ പ്രസ്താവനയെക്കുറിച്ച് രേഖപ്പെടുത്തുന്നു. സർവശക്തനായ ഒരു സത്തയിലുള്ള വിശ്വാസത്തെ

ശാസ്ത്രീയ വൃത്തങ്ങളിൽ നിരീശ്വരവാദം നിലനിൽക്കുന്നുവെന്നത് അനിഷേധ്യമാണ്. പക്ഷേ ശാസ്ത്രജ്ഞന്മാർക്കിടയിലാണ് ശാസ്ത്രീയ ജ്ഞാനമില്ലാത്തവരേക്കാൾ കൂടുതൽ നിരീശ്വരത്വവും കണ്ടുവരുന്നത് എന്ന വ്യപകമായ വിശ്വാസം ഒരിക്കലും തെളിയിക്കപ്പെട്ടിട്ടില്ല. യഥാർഥത്തിൽ നിരവധി ശാസ്ത്രജ്ഞന്മാർ പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായം നേരെ വിപരീത മാണ്.

സംബന്ധിച്ചിടത്തോളം നിരവധി ശാസ്ത്രജ്ഞന്മാർ ദൈവവിശാസികളായിരുന്നുവെന്ന് നമുക്ക് കണ്ടെത്താൻ സാധിക്കും. യഥാർഥത്തിൽ ദൈവാസ്തികൃത്തിൽ വിശ്വസിക്കുന്നവർ കൂടുതലും നിഷേധിക്കുന്നവർ കുറവുമാണ്.

എന്റെ വ്യക്തിപരമായ അനുഭവത്തിൽ നിരവധി ശാസ്ത്രജ്ഞന്മാർ ദൈവ വിശ്വാസികളായിരുന്നുവെന്ന് ഞാൻ കണ്ടെത്തിയിട്ടുണ്ട്. ഉസ്മാനിയാ സർവകലാശാലയുടെ മുൻ വൈസ്ചാൻസലറും ഭൗതിക ശാസ്ത്ര പ്രൊഫസറും എന്റെ റിസർച്ച് ഗൈഡുമായിരുന്ന ഡോ. റവദ സത്യനാരായണനും പി ച്ച് ഡി ക്ക് എന്റെ സൂപ്പർ വൈസർ ആയിരുന്ന പ്രൊ. നെൽസൻ ലിംബറും ഉറച്ച ദൈവവിശ്വാസികളായിരുന്നു. ഞാൻ എടുത്തു പറയാൻ പോകുന്ന മറ്റു നിരവധി പേരും ദൈവവിശ്വാസികളായിരുന്നു.

1959 ൽ അമേരിക്കയിലൊരു ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. വിവിധ ശാസ്ത്ര മേഖലകളിൽ പ്രവർത്തിക്കുന്ന പ്രസിദ്ധരായ 40 ശാസ്ത്രജ്ഞന്മാരുടെ പ്രബന്ധങ്ങൾ അതിൽ ഉണ്ട്. അവർ തങ്ങളുടെ ദൈവ വിശ്വാസം പ്രഖ്യാപിക്കുന്നു The Evidence of God in an Expanding Universe (വികസിച്ചുകൊണ്ടിരിക്കുന്ന പ്രപഞ്ചത്തിൽ ദൈവത്തിന്റെ തെളിവ്) എന്നാണ് പുസ്തകത്തിന്റെ പേര്. 1968 ൽ ഇന്ത്യയിലും ഈ പുസ്തകം പ്രസിദ്ധീകരിക്കുകയുണ്ടായി. (വിതരണം Pockets Distributing Co, 11 Oak Lane Fort, Bombay 1)

മി. ജോൺ ക്ലോവർ മോൺസ് പത്രാധിപർ മുഖവുരയിൽ എഴുതുന്നു:

'പ്രകൃതിയിലെ വസ്തുതകൾ നിരീക്ഷിച്ചുകൊണ്ടും ബുദ്ധിപരമയ വാദഗതികൾ മുഖേനയും മനുഷ്യപ്രകൃതിക്കതീതമായ ഒരു ശക്തി നിലനിൽക്കുന്നു എന്നതാണ് ഈ ഗ്രന്ഥത്തിന്റെ പ്രതിപാദ്യ വിഷയം. ശാസ്ത്രത്തിന് ആ ശക്തിയെ തിരിച്ചറിഞ്ഞ് വിവരിക്കാൻ സാദ്ധ്യമല്ല. പൊതുവായ നിലയിൽ പറയാനോ സാധ്യമല്ല. അങ്ങനെ തിരിച്ചറിയാനും വിശദമായ വിവരണത്തിനും പ്രത്യേക വെളിപാട് (ബൈബിൾ) ആവശ്യമാണ്. എന്നാൽ, അടിസ്ഥാന തത്ത്വത്തിൽ നിന്ന് പുരോഗമിച്ച് നമ്മുടെ ശാസ്ത്രജ്ഞന്മാർ നിരീശ്വരത്തെ ഫലപ്രഥമായി നേരിട്ടിട്ടുണ്ട് എന്നാണ് എനിക്ക് തോന്നുന്നത്.'

നമ്മുടെ ഏറ്റവും പ്രിയങ്കരനായ അദ്ധ്യാപകൻ നബിതിരുമേനി (സ) നമുക്ക് താഴെ പറയുന്ന തത്ത്വം പഠിപ്പിച്ചു തന്നിരിക്കുന്നു. ***'അറിവ് ഒരു വിശ്വാസിയുടെ കളഞ്ഞ് പോയ വസ്തുവാണ്. അതെവിടെ കണ്ടെത്തിയാലും അവന് അതിന് അവകാശമുണ്ട്.' (തിർമിദി)*** അതിനാൽ വിജ്ഞാനം എവിടെ കണ്ടെത്തിയാലും നാം അതെടുക്കും!.

ഇരുപതാം നൂറ്റാണ്ടിലെ ലോക പ്രശസ്ത ശാസ്ത്രജ്ഞൻ മാർക്സ് പ്ലാൻക് ആയിരുന്നു 1920 ൽ ഫിസിക്സിലെ നോബൽ സമ്മാന ജേതാവ്. ആറ്റത്തെ അടിസ്ഥാന പരമായി കണ്ടെത്തിയത് അദ്ദേഹമായിരുന്നു. മതവും ശാസ്ത്രവും സർവശക്തനായ ദൈവത്തിലേക്ക് നയിക്കുന്ന പരസ്പര സഹായികളായാണ് അദ്ദേഹം കരുതിയിരുന്നത്. അദ്ദേഹം പറയുന്നു:

മതവും പ്രകൃതി ശാസ്ത്രങ്ങളും കൂട്ടായ നിലയിൽ നിരന്തരമായി വിശ്രമമില്ലാത്ത ഒരു കുരിശു യുദ്ധമാണ് ആജ്ഞേയവാദത്തിനും, ദുശ്ശാഠ്യ വാദങ്ങളോടും, അന്ധവിശ്വാസത്തിനുമെതിരിൽ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ കുരിശു യുദ്ധത്തിൽ എപ്പോഴുമായിരുന്നതും ഇനി ഭാവിയിൽ ആയിരിക്കുന്നതുമായ മുറവിളി 'ദൈവത്തിലേക്ക്' എന്നതായിരിക്കും.
(Evidence. p. 247 )

അമേരിക്കയിലെ മിനസോട്ട് സർവകലാശാലയിലെ ഊർജതന്ത്രജ്ഞനായ ഡോ. ജോർജ് പോൾ ഡേവിസ് എഴുതുന്നു:

'ശാസ്ത്രീയ വൃത്തങ്ങളിൽ നിരീശ്വരവാദം നിലനിൽക്കുന്നുവെന്നത് അനിഷേധ്യമാണ്. പക്ഷേ ശാസ്ത്രജ്ഞന്മാർക്കിടയിലാണ് ശാസ്ത്രീയ ജ്ഞാനമില്ലാത്തവരേക്കാൾ കൂടുതൽ നിരീശ്വരത്വവും കണ്ടുവരുന്നത് എന്ന വ്യപകമായ വിശ്വാസം ഒരിക്കലും തെളിയിക്കപ്പെട്ടിട്ടില്ല. യഥാർഥത്തിൽ നിരവധി ശാസ്ത്രജ്ഞന്മാർ പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായം നേരെ വിപരീതമാണ്.' (Evidence. p.70)

അമേരിക്കയിലെ ഒഹ്യോവിൽ പെർക്കിൻ ഒബ്സർ വേറ്ററിയുടെ എച്ച്. ടി സെറ്റ്സണ് എഴുതുന്നു: 'ശാസ്ത്ര രംഗത്തെ വളരെ പ്രശസ്തരായ നിരവധി ആളുകൾ മതത്തിന്റെ ഭക്തരായ അനുയായികളാണെന്ന കാര്യം പ്രാധാന്യമർഹിക്കത്തക്കതല്ല. അങ്ങനെയുള്ളവരിൽ ഗലീലിയോ, ന്യൂട്ടൺ, ഫാരഡെ, കെൽവിൽ, പാസ്റ്റർ എന്നിവർ പെടുന്നു.' (Evidence Man and Stars - By H.T.Stetson. P.214 Mc Grow Hill. 1930)

## പ്രപഞ്ചത്തിന്റെ ഉൽപ്പത്തി

ദൈവത്തിന്റെ അസ്തിത്വത്തിലേക്ക് വിരൽ ചൂണ്ടുന്ന ശാസ്ത്രത്തിന്റെ ഉദാഹരണമായി

നമുക്ക് പ്രപഞ്ചത്തിലേക്ക് നോക്കാം. പ്രപഞ്ചത്തിന്റെ ഉൽപത്തിയിലേക്ക് മൂന്ന് സാദ്ധ്യതകളാണ് നമുക്ക് ചിന്തിക്കാൻ കഴിയുന്നത്.

1) പ്രപഞ്ചം നിത്യമായി നിലനിന്നിരുന്നു.

2) പ്രപഞ്ചത്തിന്റെ അസ്തിത്വം ഒന്നുമില്ലായ്മയിൽ നിന്ന് യാദൃച്ഛികമായുണ്ടായതാണ്.

3) നാം സർവജ്ഞാനി എന്ന് വിളിക്കുന്ന ബുദ്ധിമാനായ പരമസത്തയാൽ സൃഷ്ടിക്കപ്പെട്ടതാണ് പ്രപഞ്ചം.

ചോദ്യമിതാണ്. ആദ്യത്തെ രണ്ട് വീക്ഷണങ്ങളെ ശാസ്ത്രം പിന്തുണക്കുന്നുണ്ടോ? അല്ലെങ്കിൽ മൂന്നാമത്തെ വീക്ഷണത്തിനാണോ ശാസ്ത്രം തെളിവ് നൽകുന്നത്?

## അനന്തമായ പ്രപഞ്ചം

ഇരുപതാം നൂറ്റാണ്ടിൽ ജ്യോതിശാസ്ത്രം എത്രത്തോളം വികാസം പ്രാപിച്ചിട്ടുണ്ടെന്നാൽ പ്രപഞ്ചത്തിന്റെ വയസ്സ് നിർണയിക്കപ്പെട്ടിരിക്കുന്നു. പുതിയ നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ നിർണയിക്കപ്പെട്ട വയസ്സ് കൂടുതൽ കണിശമായ മൂല്യത്തിലേക്ക് പുനർനിർണയം ചെയ്യാമെന്നതിൽ സംശയമില്ല. എന്നാൽ നിരീക്ഷണങ്ങളുടെയും പ്രകൃതി നിയമങ്ങളുടെയും അടിസ്ഥാനത്തിൽ പ്രപഞ്ചത്തിന്റെ വയസ്സ് തീരുമാനിക്കാൻ കഴിഞ്ഞുവെന്നത് ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും മഹത്തായ നേട്ടങ്ങളിൽ ഒന്നാണ്. മാത്രമല്ല വിശുദ്ധ ഖുർആന്റെ പ്രവചന പൂർത്തീകരണത്തിന്റെ ശോഭയാർന്ന ഉദാഹരണവുമാണ്.

***'ആകാശം നഗ്നമാക്കപ്പെടുമ്പോൾ' (വി. ഖുർആൻ. 81: 12)***

പ്രപഞ്ചത്തിന്റെ കൃത്യമായ വയസ്സ് മുൻ നൂറ്റാണ്ടുകളിൽ നിർണയിക്കാൻ സാധ്യമല്ലായിരുന്നു. യാഥാർഥ്യമെന്തെന്നാൽ പത്തൊമ്പതാം നൂറ്റാണ്ടുവരെ നക്ഷത്രമണ്ഡലം (ഗാലക്സി) എന്താണെന്ന് പോലും ജ്യോതിശാസ്ത്രജ്ഞന്മാർക്ക് അറിവില്ലായിരുന്നു.

നമ്മുടെ ഇപ്പോഴത്തെ അറിവനുസരിച്ച് പ്രപഞ്ചത്തിന്റെ വയസ്സ് ഏകദേശം പതിനാല് ബില്ല്യൻ വർഷങ്ങളാണ്. കൃത്യമായ വയസ്സ് ഇവിടെ അത്യധികം പ്രാധാന്യമർഹിക്കുന്നില്ല. സമയത്തിന്റെ ഏതോ ഒരു ബിന്ദുവിലാണ് പ്രപഞ്ചം ഉത്ഭവിച്ചത് എന്നതാണ് സ്വീകാര്യം. ഇനി അതിന്റെ അർഥം പ്രപഞ്ചം നിത്യമായി നിലനിന്നിരുന്നില്ല എന്നുമാണ്.

പ്രപഞ്ചത്തിന്റെ സൃഷ്ടിപ്പും വയസ്സും സംബന്ധിച്ച് നമ്മുടെ അനുമാനം നിരീക്ഷണങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. എണ്ണമറ്റ നക്ഷത്രമണ്ഡലങ്ങളടങ്ങിയതാണ് നമ്മുടെ പ്രപഞ്ചം എന്ന് നാം പഠിച്ചിട്ടുണ്ട്. നമ്മുടെ സൂര്യനെപോലെയുള്ള കോടാനുകോടി നക്ഷത്രങ്ങൾ അടങ്ങിയതാണ് ഒരോ നക്ഷത്രമണ്ഡലവും. 1929 ൽ ഈ എടുത്തു പറയത്തക്ക കണ്ടുപിടുത്തം നടത്തിയത് പ്രഫ: എഡ്വിൻ ഹബിൾ ആണ്. നക്ഷത്രമണ്ഡലങ്ങളുടെ വർണരാജിയുടെ പഠനത്തിൽ നിന്ന് നക്ഷത്രമണ്ഡലങ്ങൾ അവ തമ്മിലുള്ള അകലത്തിന് ആനുപാതികമായി കൊണ്ട് പരസ്പരം അകന്ന് പോകുകയാണെന്ന് മനസ്സിലാക്കി. ആയതിനാൽ വിദൂരമായ ഭൂതകാലത്ത് ആ നക്ഷത്രങ്ങൾ തമ്മിൽ വളരെ അടുത്ത് ആയിരുന്നു. പൊതുവായി സ്വീകരിക്കപ്പെട്ട വീക്ഷണമനുസരിച്ച് നക്ഷത്ര മണ്ഡലങ്ങൾ (ഗാലക്സികൾ) ഉൾക്കൊള്ളുന്ന പദാർഥം 15 ബില്ല്യൻ വർഷങ്ങൾക്ക് മുമ്പ് ഒരു സ്ഥലത്ത് സാന്ദ്രീകരിക്കപ്പെട്ടിരുന്നു എന്നാണ്. അത് അത്യധികം ചൂടുള്ളതും സാന്ദ്രതയയേറിയതു മായിരുന്നു. പിന്നെ ബിഗ്ബാങ്ങ് (മഹാവിസ്ഫോടനം) സംഭവിച്ചു. പദാർഥം പൊട്ടിത്തെറിച്ച് ഛിന്നഭിന്നമായി, അവ പരസ്പരം പിൻവാങ്ങി. ഇവയിൽ നിന്ന് ക്ഷീര പഥങ്ങളും നക്ഷത്രങ്ങളുമുണ്ടായി. 1965 ൽ പെൻറോസും വിൽസണും മൂന്ന് ഡിഗ്രി കെൽവിൽ താപത്തിൽ ബ്ലാക്ക് ബോർഡിലുണ്ടാകുന്ന റേഡിയേഷന് തുല്യമായ റേഡിയേഷൻ കണ്ടുപിടിച്ചു. അത് ഈ വീക്ഷണത്തിന്ന് പിന്തുണയേകി.

ഡെലാവാർ യൂണിവേഴ്സിറ്റിയിലെ അമേരിക്കൻ ശാസ്ത്രജ്ഞനായ ഡോ. ഹാരി എൽ ഷിപ്പ്മാൻ തന്റെ Black Holes, Quarks, and Univers എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ ഉപസംഹരിക്കുന്നു:

'ബിഗ് ബാങ്ങ് സിദ്ധാന്തം മറുപടിപറയത്തക്ക ഒരു ചോദ്യം അവശേഷിപ്പിക്കുന്നു. ബിഗ് ബാങ്ങ് സ്ഫോടനത്തിനാധാരമായ പദാർഥം ആരാണ് സൃഷ്ടിച്ചത്? ഈ ചോദ്യത്തിന് ജ്യോതിശാസ്ത്രജ്ഞന്റെ പക്കൽ മറുപടിയില്ല. പ്രപഞ്ചപരിണാമത്തിന്റെ ആദ്യനിമിഷങ്ങളിലേക്ക് നമുക്കൊന്ന് തിരിഞ്ഞു നോക്കാം, പക്ഷേ നമ്മുടെ കാഴ്ച അവിടെ നിൽക്കുന്നു. സൃഷ്ടിപ്പിന്റെ പ്രശ്നം തത്ത്വജ്ഞാനിയുടെയും ദൈവ ശാസ്ത്രജ്ഞപണ്ഡിതന്റെയും മുന്നിൽ വിട്ടേച്ചുകൊണ്ടാണ് ഈ ഗ്രന്ഥം അവസാനിപ്പിക്കുന്നത്. (Black Holes, Quarks, and UniversBy Harry L. Shipman, Houhton Miffin Co, Boston USA.)

വിശുദ്ധ ഖുർആൻ വളരെ ഫലപ്രദമായി സൃഷ്ടിപ്പിനെ പരാമർശിച്ചു കൊണ്ട് ദൈവാസ്തികൃത്തിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു.

***'അവിശ്വാസികൾ കാണുന്നില്ലേ ആകാശങ്ങളും ഭൂമിയും പരസ്പരം ഒട്ടിപ്പിടിച്ചതായിരുന്നു,***

ബിഗ് ബാങ്ങ് സിദ്ധാന്തം മറുപടിപറയത്തക്ക ഒരു ചോദ്യം അവശേഷിപ്പിക്കുന്നു. ബിഗ് ബാങ്ങ് സ്ഫോടനത്തിനാധാരമായ പദാർഥം ആരാണ് സൃഷ്ടിച്ചത്? ഈ ചോദ്യത്തിന് ജ്യോതിശാസ്ത്രജ്ഞന്റെ പക്കൽ മറുപടിയില്ല.

*പിന്നെ നാം അവയെ വേർപെടുത്തുകയും ജീവനുള്ള എല്ലാ വസ്തുക്കളെയും നാം വെള്ളത്തിൽ നിന്ന് ഉണ്ടാക്കുകയും ചെയ്തു. എന്നിട്ട് അവർ വിശ്വസിക്കുന്നില്ലേ?'*
*(വി. ഖുർആൻ 21: 31)*

(ഈ ഖുർആൻ സൂക്തത്തിന്റെ മികവുറ്റ ഒരു വ്യാഖ്യാനത്തിന് മോൺസിയർ മോറിസ് ബുക്കായിൻ എഴുതിയ The Bible The Quran and Science 1980 നോക്കുക.)

ഭൗതിക ശാസ്ത്രത്തിലെ വളരെ പ്രധാനപ്പെട്ട ഒരു തത്ത്വത്തിൽ നിന്ന് അതായത് എൻട്രോപ്പി നിയമത്തിൽ നിന്ന് മനസ്സിലായിട്ടുള്ളത് പ്രപഞ്ചം നിത്യമായി അസ്തിത്വമുള്ള തായിരുന്നില്ല എന്നുള്ള തായിരുന്നു. ഈ തത്ത്വമനുസരിച്ച് ചൂടുള്ളതും തണുത്തതുമായ വസ്തുക്കൾ തമ്മിൽ ബന്ധപ്പെടുമ്പോൾ ചൂടുള്ള വസ്തുക്കളിൽ നിന്ന് ഊർജം തണുത്ത വസ്തുക്കളിലേക്കാണ് പ്രേഷണം ചെയ്യപ്പെടുക. താപം പ്രപഞ്ചത്തിലെല്ലായിടത്തും ഒരേ വിധത്തിലാവുന്നതുവരെ ഈ താപ വിനിമയം നടക്കും. ഒടുവിൽ താപം എല്ലായിടത്തും ഏകതാനമായിക്കഴിഞ്ഞാൽ ഉപയോഗയുക്തമായ ഊർജം ഉണ്ടാവില്ല. അതിനാൽ ജീവൻ തന്നെ നിലനിൽക്കില്ല. ശാസ്ത്രീയമായ അറിവിൽ പ്രത്യേകം താൽപര്യമുണ്ടായിരുന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) തന്റെ Revelation Rationality Knowlegde and Truth എന്ന ഗ്രന്ഥത്തിൽ എൻട്രോപ്പി നിയമത്തെക്കുറിച്ച് വിശദീകരിച്ചിട്ടുണ്ട്.

നാം വസിക്കുന്ന ഈ പ്രപഞ്ചം അതിന്റെ ഭൂതകാലവുമായോ ഭാവികാലവുമായോ ബന്ധപ്പെടുത്തുമ്പോൾ അത് ഒരിക്കലും അനശ്വരമല്ല എന്ന് ഗണിതശാസ്ത്രപരമായി തെളിയിക്കാൻ സാധിക്കും. ഈ വസ്തുത കൂടുതൽ വിശദീകരിക്കാൻ ഭൗതിക ശാസ്ത്രത്തിലെ എൻട്രോപി എന്ന സാങ്കേതിക പദത്തിന്റെ ശാസ്ത്രീയമായ നിർവചനം വിശദീകരിക്കേണ്ടതുണ്ട്.

എൻട്രോപ്പിയെ വിശദീകരിച്ച് കൊണ്ട് ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) എഴുതുന്നു:

ലളിതമായി പറയുകയാണെങ്കിൽ എൻട്രോപി എന്നാൽ ഏത് രൂപത്തിൽ നിലകൊള്ളുന്ന ഭൗതിക പ്രപഞ്ചവും അതിന്റെ ദ്രവ്യത്തിന്റെ അതിസൂക്ഷ്മമായ ഒരു ഭാഗം ഊർജ രുപത്തിൽ നഷ്ടപ്പെടുന്നു എന്നാണ് അർഥമാക്കുന്നത്. ഈ വിമോചിത ഊർജം (Escaped Energy) ഒരിക്കലും വീണ്ടെടുക്കൻ കഴിയാത്ത വിധം നഷ്ടപ്പെടുന്നു.

എല്ലാ വസ്തുക്കളും ചില നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി പ്രതി പ്രവർത്തിക്കുന്നു. ഇതിന്റെ ഏറ്റവും ലളിതമായ ഉദാഹരണമാണ് ഹൈഡ്രജൻ, ഓക്സിജൻ എന്നീ മൂലകങ്ങൾ പരസ്പരം പ്രതിപ്രവർത്തിച്ചുകൊണ്ട് ജലം നിർമിക്കപ്പെടുന്നു എന്നത്. ആ നിർമാണ പ്രവർത്തനത്തിൽ ഉപയോഗിക്കപ്പെടുന്ന ഊർജത്തിന്റെ ഒരു നിശ്ചിത ഭാഗം സ്വതന്ത്രമാക്കപ്പെടുന്നു.

ഓക്സിജൻ നിറച്ച ഒരു ജാറിൽ ഒരു ജെറ്റ് റ്റ്യൂബ് ഉപയോഗിച്ച് ഹൈഡ്രജൻ കടത്തി വിട്ട് കത്തിക്കുക. ഓക്സിജൻ തീരുന്നത് വരെ ആ ജാർ കത്തുന്നതാണ്. ഈ പ്രതിപ്രവർത്തനങ്ങളുടെ ഫലമായി ഓക്സിജനും ഹൈഡ്രജനും സംശ്ലേഷിച്ച് ജാറിൽ ജലം ശേഖരിക്കപ്പെടുന്നു. ഈ രാസ പ്രവർത്തനം നടക്കുമ്പോൾ നിശ്ചിത അളവ് ഊർജം പുറത്തേക്ക് വരുന്നു. ജലത്തെ വീണ്ടും ഹൈഡ്രജനും ഓക്സിജനുമായി വിശ്ലേഷിപ്പിക്കണമെങ്കിൽ ജലത്തിന്റെ വിശ്ലേഷണാവസരത്തിൽ പുറത്തേക്ക് വിട്ട അത്ര ഊർജം രണ്ടാമതും പുനർവിതരണം നടത്തിയാൽ മതി.... വിമോചിക്കപ്പെടുന്ന ഊർജത്തിന്റെ ദുർഗ്രാഹ്യമായ ഗണിതഭാഷ ഒരാൾക്ക് മനസ്സിലായാലും ഇല്ലെങ്കിലും ശരി വീണ്ടെടുക്കാൻ കഴിയാത്തവിധം എന്തോ ഒന്ന് പ്രപഞ്ചത്തിൽ നിന്ന് നിരന്തരമായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന് ഒരാൾക്ക് ഉറപ്പിച്ചു പറയാൻ സാധിക്കും. ആ നഷ്ടപ്പെടുന്ന ഊർജം പ്രപഞ്ചത്തിലെ ദ്രവ്യത്തോട് ഒരിക്കലും കൂട്ടിച്ചേർക്കപ്പെടുന്നില്ല. (Revelation Rationality Knowlegde and Truth. Islam International Publication Ltd. 1998 p. 317-19)

അങ്ങനെ അനന്ത പ്രപഞ്ചം എന്നത് ഒരു അസംഭവ്യതയാണ്. എന്തെന്നാൽ ഊർജം നഷ്ടപ്പെട്ടുകൊണ്ട് അത് നിരന്തരം നശിച്ചുകൊണ്ടിരിക്കുകയാണ്. അത് ചൂണ്ടിക്കാണിക്കപ്പെടുന്നത് ഒരിക്കൽ പ്രപഞ്ചം നശിക്കുമെന്ന് തന്നെയാണ്. അത് അനന്തമല്ലെങ്കിൽ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടത് തന്നെയായിരിക്കണം. (സാന്ദർഭികമായി അതിനെക്കുറിച്ച് പിന്നീട് ചർച്ച ചെയ്യാം)

അതേ പ്രകാരം എൻട്രോപ്പി നിയമം അഥവാ പ്രപഞ്ചത്തിന്റെ ബിഗ് ബാങ്ങ്, ഉൽപ്പത്തി എന്നിവയിലേക്ക് ശ്രദ്ധക്ഷണിച്ചു കൊണ്ട് സാൻ ഫ്രാൻസിസ്കോ സർവകലാശാലയിലെ ജന്തു ശാസ്ത്ര പ്രൊഫസറായ എഡ്വിൻ ലുതർ കെസ്സർ നടത്തിയ ഉജ്ജ്വമായ പ്രഭാഷണം നോക്കൂ:

തങ്ങളുടെ സ്വന്തം ഗവേഷണഫലങ്ങൾ മൂല്യ നിർണയം ചെയ്യുന്നത് അതേ നിഷ്പക്ഷതയോടും സത്യസന്ധതയോടും ഇപ്പോൾ വിവരിക്കപ്പെട്ട ശാസ്ത്രീയ തെളിവുകളെ എല്ലാ ശാസ്ത്രകാരന്മാരും പരിഗണിക്കുകയാണെങ്കിൽ തങ്ങളുടെ വികാരങ്ങളെ ബുദ്ധിശക്തിക്ക് കീഴ്പ്പെടുത്തുകയാണെങ്കിൽ ദൈവമുണ്ടെന്നകാര്യം അംഗീകരിക്കാൻ അവർ നിർബന്ധിതരാവും. യഥാർഥ്യത്തിന് യോജിച്ച ഒരേയൊരു നിഗമനം ഇതാണ്. തുറന്ന മനസ്സോടെ ശാസ്ത്രം പഠിക്കുകയാണെങ്കിൽ ആദ്യ കാരണത്തിന്റെ ആവശ്യകതയിലേക്ക് അത് നമ്മെ എത്തിക്കും. അതിനെ നമുക്ക് ദൈവം എന്ന് വിളിക്കാം. (Evidence p. 52)

(തുടരും)

# മഹ്ദി ഇമാമിന്റെ ആവിർഭാവം

**ഇമാം മഹ്ദി വരുമെന്ന ദിവ്യപ്രതീക്ഷകളുമായി നൂറ്റാണ്ടുകളോളമായി കാത്തിരുന്ന മുസ്‌ലിം ലോകം അദ്ദേഹത്തെ യഥാകാലം അല്ലാഹു അയച്ചപ്പോൾ നിഷേധിക്കുകയാണുണ്ടായത്. പ്രവചിതരായ ദിവ്യാത്മാക്കളെ പ്രതീക്ഷാപൂർവം കാത്തിരിക്കുകയും ആഗതരായാൽ നിഷേധിക്കുകയും ചെയ്യുക എന്നത് വിശുദ്ധ ഖുർആനിൽ വിവരിക്കപെട്ട ഒരു ലോകസമ്പ്രദായമാണ്. ഇമാം മഹ്ദിയുടെ കാര്യത്തിലും അതാണ് സംഭവിച്ചത്. പക്ഷേ കാലക്രമേണ അല്ലാഹു റസൂൽ തിരുമേനി (സ) യുടെ സത്യം അവിടുത്തെ ദാസനായ ഇമാം മഹ്ദിയിലൂടെ ലോകത്ത് അത്യുജ്ജ്വലവും അനിഷേധ്യവുമാകും വിധം സ്ഥാപിച്ചേ ചരിത്രം അവസാനിക്കൂ. അത് അല്ലാഹുവിന്റെ വാഗ്ദാനമാണ്.**

**മുഹമ്മദ് ഉമർ, കോഴിക്കോട്**

ആത്മീയ കാര്യങ്ങളെ പ്രാപഞ്ചികവും ഭൗതികവുമായ കാര്യങ്ങളോട് ഉപമിച്ച് ആലങ്കാരികമായി പ്രയോഗിക്കുക എന്നത് അല്ലാഹുവിന്റെ ഒരു സനാതന സമ്പ്രദായമാണ്. വിശുദ്ധ ഖുർആൻ മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയെ **'സിറാജുൻ മുനീർ'** (പ്രകാശിക്കുന്ന ചന്ദ്രൻ) എന്നും അദ്ദേഹത്തിന്റെ വരിഷ്ഠ ദാസനായ വാഗ്ദത്ത മഹ്ദി മസീഹിനെ **'ഖമറുൻ മുനീർ'** (പ്രകാശിക്കുന്ന ചന്ദ്രൻ) എന്നും വിശേഷിപ്പിച്ചത് ഇതിന്റെ അടിസ്ഥാനത്തിലാണ്. അല്ലാഹു പറയുന്നു:

***'ആകാശത്തിൽ രാശികളെ ഉണ്ടാക്കുകയും അതിൽ സ്വയം പ്രകാശിക്കുന്ന സൂര്യനേയും വെളിച്ചം നൽകുന്ന ചന്ദ്രനേയും സൃഷ്ടിക്കുകയും ചെയ്തവൻ അനുഗ്രഹപൂർണനാണ് '(വി. ഖുർആൻ25:62)***

മറ്റൊരിടത്ത് പറയുന്നു: ***'അവനത്രെ സൂര്യനെ ഉജ്ജ്വല തേജസ്സുള്ളതും ചന്ദ്രനെ പ്രകാശം പ്രതിഫലിപ്പിക്കുന്നതുമാക്കിയത് ' (വി. ഖുർആൻ 10:6)***

അറബി വ്യാകരണമനുസരിച്ച് മേൽ ആയത്തിൽ വന്ന **'ളിയാഅ്'** എന്ന് പദം നൂർ പദത്തെക്കാൾ ഉജ്ജ്വലവും ശക്തവുമാണ്. സ്വയം പ്രകാശിക്കുന്ന വിളക്കിന് ളിയാഅ് എന്നും പ്രകാശം പ്രതിഫലിപ്പിക്കപ്പെടുന്നതിന്ന് നൂർ എന്നും പറയുന്നതായി അഖ്റബ് എന്ന അറബി നിഘണ്ടുവിൽ കാണാം.

പ്രസ്തുത വിശദീകരണത്തിന്റെ വെളിച്ചത്തിൽ നബി (സ) തിരുമേനി കൊണ്ടുവന്ന ആത്മീയ പ്രകാശമായ ശരീഅത്ത് അഥവാ ന്യായപ്രമാണം മറ്റേതെങ്കിലും ദൈവിക ഗ്രന്ഥത്തിന്റെ പ്രതിഫലനമല്ല. എന്നാൽ ഹദ്റത്ത് മഹ്ദീ മസീഹി(അ) ന് ലഭിച്ച ആത്മീയ പ്രകാശം അദ്ദേഹത്തിന്റെ സ്വന്തമല്ല. സിറാജുൻ മുനീറായ ഹ: മുഹമ്മദ് മുസ്തഫാ തിരുമേനിയുടെ ആത്മീയ പ്രകാശത്തിന്റെ പ്രതിഫലനവും പ്രതിച്ഛായയുമാണ്.

വാഗ്ദത്ത മഹ്ദി മസീഹ് (അ) പറയുന്നു:

***'ഉസ് നൂർ പർ ഫിദാ ഹൂം ഉസ്കാഹി മെ ഹുവാ ഹൂം***
***വൊ ഹെ മേ ചീസ് കിയാഹൂം ബസ്ഫയ്സലാം യഹിഹെ'***

ബലിയാണ് ഞാൻ
ആ പ്രകാശത്തിൽ (നബി (സ) തിരുമേനിയിൽ
ആ പ്രകാശത്തിന്റേതായിട്ട് തന്നെയാണ് ഞാൻ ഉണ്ടായിട്ടുള്ളത്
ഞാനെന്തു വസ്തുവാണ്
ആ പ്രകാശം ഇന്നുണ്ടെങ്കിൽ
മതിയായ വിധിയോ;
ഇത് തന്നെയാണ്

***'വൊ പേശ്വാ ഹമാരാ ജിസ് സെ ഹെ നൂർ സാരാ***
***നാം ഉസ്കാ ഹെ മുഹമ്മദ് ദിൽബർ മേരാ യഹി ഹെ'***

**'**അദ്ദേഹമാണ് നമ്മുടെ നേതാവ്
എല്ലാ പ്രകാശവും അദ്ദേഹത്തിൽ

നിന്നാണ്.
മുഹമ്മദ് ഇതാണ് അദ്ദേഹത്തിന്റെ പേര്
എന്റെ ഹൃദയം നിറയെ ഈ നാമമാണ് '

ഈ വീക്ഷണത്തിലൂടെ നോക്കുമ്പോൾ വിശുദ്ധ ഖുർആൻ ഉപമയിലൂടെ പരിചയപ്പെടുത്തിയ സിറാജുൻ മുനീർ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ തിരുമേനി(സ) യും ഖമറുൽ മുനീർ വാഗ്ദത്ത മസീഹ് (അ) മാണെന്ന് മനസ്സിലാക്കാൻ പ്രയാസമുണ്ടാവില്ല.

ബദ്ർ എന്നാൽ പതിനാലാം രാവിലെ ചന്ദ്രന് പറയുന്ന അറബി നാമമാണ്. ഈ പതിനാലാം രാവിലെ ബദ്റിന് തുല്യനാണ് പതിനാലാം നൂറ്റാണ്ടിൽ ഇസ്ലാമിന്റെ സംരക്ഷണത്തിനായി അല്ലാഹുവിനാൽ നിയോഗിതനായ ഹദ്റത്ത് മഹ്ദി മസീഹ്(അ). ബദ്ർ എന്ന പദത്തെ നമുക്ക് അൽപ്പം ഒന്ന് വിശകലനം ചെയ്യാം.

***'നിങ്ങൾ ഏറ്റവും ബലഹീനമായ അവസ്ഥയിൽ ബദറിൽ അല്ലാഹു നിങ്ങളെ സഹായിച്ചിട്ടുണ്ട്.' ( വി. ഖുർആൻ. 3: 124)***

***'ബദർ'*** എന്നതിന് പതിനാലാം രാവിലെ ചന്ദ്രനെന്നും **'അൽഗുലാമുൽ മുബാദർ'**(യുവത്വം നിറഞ്ഞ ഗുലാം) എന്നും അർത്ഥമുള്ളതായി ലിസാനുൽ അറബും, മക്കക്കും മദീനക്കുമിടയിൽ നീരുറവുള്ള സ്ഥലത്തിന്റെ പേര് അഖ്റബ് മവാരിദും രേഖപ്പെടുത്തുന്നു.

ഈ ആയത്തിൽ ഹദ്റത്ത് റസൂൽ തിരുമേനി(സ)യുടെ പുനരാഗമനവുമായി ബന്ധപ്പെട്ട ഒരു കാലഘട്ടത്തെക്കുറിച്ചുള്ള ഒരു പ്രവചനം അടങ്ങിയിരിക്കുന്നു. **'സയ്യിദുൽ അവ്വലീൻ വൽ ആഖരിൻ'** ഹ്ദറത്ത് റസൂൽ തിരുമേനി (സ) അരുൾ ചെയ്യുന്നു: (അല്ലയോ മുസ്ലിംകളേ) നിങ്ങൾ നിങ്ങളുടെ ദീനിനെ സംബന്ധിച്ചിടത്തോളം ചന്ദ്രനെപ്പോലെയുള്ള അവസ്ഥയിൽ വരുമ്പോൾ നിങ്ങളുടെ സ്ഥിതിയെന്തായിരിക്കും. പതിനാലാം രാവിലെ ആ ബദറിനെ സൂക്ഷ്മദൃക്കുകൾക്ക് മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. (അൽ ജാമിഉസ്സഗീർ ഭാ.96)

പതിനാലാം രാവിലെ ചന്ദ്രനെ എല്ലാവർക്കും സുതരാം വ്യക്തമായികാണാമെന്നിരിക്കെ സൂക്ഷ്മദൃക്കുകൾക്ക് മാത്രമേ കാണുവാൻ സാധിക്കു എന്ന് പറഞ്ഞതിന്റെ തത്ത്വമെന്താണ് നാം മനസ്സിലാക്കേണ്ടത്? വരാൻ പോകുന്ന കാര്യത്തെ സംബന്ധിച്ച് ഹ്ദറത്ത് റസൂൽ തിരുമേനി (സ)ക്കുണ്ടായ ഒരാത്മീയ ദർശനമാണിത്. ***'ലഖദ് നസറക്കുമുല്ലാഹു ബി ബദ്റിൻ വ അൻതും അദില്ല'*** എന്ന ഖുർആൻ വചനത്തിന്റെ മറ്റൊരു വ്യാഖ്യാനമാണ് പ്രസ്തുത ഹദീസിൽ കാണുന്നത്. അതായത് അവസാന കാലത്ത് മുസ്ലിം സമുദായം ആത്മീയമായും ഭൗതികമായും എല്ലാ നിലയിലും ശോചനീയവും ദുർബലവുമായ അവസ്ഥയിൽ ആവുമ്പോൾ അവരുടെ സംരക്ഷണത്തിനായി അല്ലാഹു ഒരു ബദറുൽ മുനീറിനെ നിയുക്തനാക്കുന്നതാണെന്നും ആ കാലം ബദറുൽ മുനീറിന്റെ കാലമാണെന്നും എന്നാൽ അദ്ദേഹത്തിന്റെ സത്യത്തെ കണ്ടറിയാൻ സത്യാസത്യ വിവേചന ശക്തിയുള്ള ആത്മീയ ദൃഷ്ടികൾക്ക് മാത്രമേ സാധിക്കുകയുള്ളുവെന്നും മനസ്സിലാകുന്നു.

ആ ബദറുൽ മുനീർ ആരാണെന്നും ഹദറത്ത് നബി (സ) തിരുമേനി തന്നെ നിരവധി സ്ഥലങ്ങളിൽ വിശദീകരിച്ചിരിക്കുന്നു. അവയിൽ ചിലത് ചുവടെ ചേർക്കുന്നു.

ഒരിക്കൽ നബി (സ) തിരുമേനി കരഞ്ഞു കൊണ്ട് പറഞ്ഞു: **'ജനങ്ങൾ എനിക്ക് ശേഷം മുഹമ്മദിന്റെ സമുദായത്തോട് കഠിനമായ ദ്രോഹം ചെയ്യുന്നവരായിരിക്കും........അങ്ങനെ ലോകത്തിന്റെ ദൗർബല്യങ്ങൾ കാരണം അല്ലാഹുവിന്റെ അടിയാറുകൾ തങ്ങളനുഭവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധി മുട്ടുകളിൽ നിന്നും ദുരിതങ്ങളിൽ നിന്നും രക്ഷപ്പെടുന്ന കാര്യത്തിൽ നിരാശരായിതീരുകയും ചെയ്യുമ്പോൾ എന്റെ ആത്മീയ സുതൻ ഇമാം മഹ്ദി ഒരു ജനതയിൽ വെളിപ്പെടുകയും അവർ മൂലം അല്ലാഹു സത്യത്തിന് വിജയം നൽകുകയും ചെയ്യുന്നതാണ്. (യനാബിഉൽ മവദ്ദത്തി വാല്യം 3 ഭാ 98 മക്തബത്തുൽ ഇർഫാൻ ബൈറുത്ത്) ഇസ്ലാമിൽ അതിന്റെ നാമവും ഖുർആനിൽ അതിന്റെ ലിപിയും മാത്രം അവശേഷിക്കുന്ന ഒരു കാലം എന്റെ ജനതയിൽ വരും. അപ്പോൾ അല്ലാഹു ഇമാം മഹ്ദിയെ അയക്കും. അദ്ദേഹം മുഖേന ഇസ്ലാമിന് വിജയം നൽകുകയും അതിനെ പുനരുദ്ധരിക്കുകയും ചെയ്യും. (യനാബി ഉൽമവദ്ദത്തി വാല്യം 3 ഭാ 100)

കുഴപ്പങ്ങൾ വർധിക്കുകയും ജനങ്ങൾ പരസ്പരം അക്രമങ്ങളഴിച്ചു വിടുകയും ചെയ്യുമ്പോൾ അല്ലാഹു മഹ്ദിയെ അയക്കുന്നതാണ്. അദ്ദേഹം വഴികേടിന്റെ കോട്ടകൾ ജയിച്ചടക്കുകയും അടഞ്ഞു കിടക്കുന്ന ഹൃദയ കവാടങ്ങളെ തുറക്കുന്നതുമാണ്. അദ്ദേഹം അവസാന കാലത്താകും പ്രത്യക്ഷനാകുക . എപ്രകാരം ഭൂമി അക്രമത്തിലും അന്യായത്തിലും നിറഞ്ഞു കിടക്കുന്നുവോ അതേ പ്രകാരം തന്നെ ന്യായത്തിലും നീതിയിലും നിറക്കുന്നതായിരിക്കും. (യനാബിലുൽ മവദ്ദത്തി. വല്യം 3 ഭാ 93).

***'(മുസ്ലികളേ) നിങ്ങളിൽ ജീവിച്ചിരിക്കുന്നവർ ഇമാം മഹ്ദിയായി അവതരിക്കുന്ന ഈസബ്നു മറിയമിനെ കണ്ടെത്തുന്നതായിരിക്കും' (മുസ്നദ് അഹ്മദ്ബ്നു ഹമ്പൽ, വാല്യം 2 ഭാ 411)***

***'ലൽ മഹ്ദിയ്യ ഇല്ലാ ഈസബ്നു മർയം'***

'ഈസബ്നു മർയം അഥവാ വാഗ്ദത്ത മസീഹ് അല്ലാതെ മറ്റൊരു മഹ്ദിയില്ല തന്നെ**'** (ഇബ്നു മാജ, 302)

***'നിങ്ങൾ അദ്ദേഹത്തെ കണ്ടറിഞ്ഞാൽ മഞ്ഞിൻ കട്ടകൾക്കു മീതെ ഇഴഞ്ഞു ചെന്നെങ്കിലും***

***അദ്ദേഹത്തിന് തീർച്ചയായും ബയ്അത്ത് ചെയ്യേണ്ടതാണ്. കാരണം അദ്ദേഹം അല്ലാഹുവിന്റെ ഖലീഫയും മഹ്ദിയു മത്രെ'(അൽ മുസ്തദ്റക് വാള്യം. 4 കി താബുൽ ഫിതൻ ഭാ. 464)***

ഇവിടെ ഹദ്റത്ത് മഹ്ദി ഇമാമിനെ ഈസബ്നു മറിയമുമായി താരതമ്യപ്പെടുത്തിപ്പറഞ്ഞത് ഒരു ഉപമാലങ്കാരമായിട്ടാണ്. കാരണം വിശുദ്ധ ഖുർആനിൽ ഹദ്റത്ത് മുഹമ്മദ് നബി (സ) തിരുമേനിയെ ഹദ്റത്ത് മൂസാ നബി (സ) യുമായി താരതമ്യപ്പെടുത്തി പറഞ്ഞിട്ടുണ്ട്.

***'ഫിർഔന്റെ അടുക്കൽ നാം ഒരു ദൂതനെ (മൂസാ നബി(അ)യെ) അയച്ചതുപോലെ നിങ്ങൾക്ക് സാക്ഷിയായി നിങ്ങളിലേക്ക് ഒരു ദൂതനെ (മുഹമ്മദ് നബി(സ) യെ) നാം അയച്ചിരിക്കുന്നു.'(73:16)***

അതേ പ്രകാരം ഹദ്റത്ത് മുഹമ്മദ് നബി (സ) പതിമൂന്നു നൂറ്റണ്ടുകൾക്ക് ശേഷം തന്റെ മസീഹായി അവതരിക്കുന്ന മഹ്ദി ഇമാമിനെ ഈസാ നബി (അ) യുമായി ഉപമിച്ചു പറഞ്ഞിരിക്കുകയാണ്. വിശുദ്ധ ഖുർആനിൽ വന്ന ***'കമസ്തഖ്ലഫല്ലദീന മിൻ ഖബ്ലിഹിം' (അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയത് പോലെ) (24:56)*** എന്ന ആയത്തും ഈ യഥാർഥ്യത്തിലേക്ക് വെളിച്ചം വീശുന്നു.

മേൽ പറഞ്ഞ ഹദീസുകളിലേക്ക് സൂക്ഷ്മമായി ദൃഷ്ടി പായിക്കുന്ന ആൾക്ക് ***'വലഖദ് നസറക്കുമുല്ലാഹു ബി ബദ്റിൻ വ അൻതുൻ അദില്ല'(24:56)*** എന്ന പ്രസ്തുത ആയത്തിന്റെ പുലർച്ചയെ കുറിച്ച് ഗ്രഹിക്കാൻ പ്രയാസമുണ്ടായിരിക്കുകയില്ല. ഹദ്റത്ത് നബി (സ) തിരുമേനിയുടെ മേൽ വിവരിച്ച ഹദീസ് അനുസരിച്ച് ഈ യാഥാർഥ്യം സൂക്ഷ്മദൃക്കുകൾക്ക് മാത്രമേ മനസ്സിലാക്കാൻ സാധിക്കുകയുള്ളു.

ഈ പതിനാലാം നൂറ്റാണ്ടിൽ ബദ്റിൽ ഉണ്ടായ അവസ്ഥയാണ് സംജാതമായിട്ടുള്ളത്. അല്ലാഹു പറയുന്നു ***'വലഖദ് നസറക്കുമുല്ലാഹു ബി ബദ്റിൻ വ അൻതും അദില്ല. ഈ ആയത്തിലും ഒരു പ്രവചനം അടങ്ങിയിരിക്കുന്നു.അതായത് പതിനാലാം നൂറ്റാണ്ടിൽ ഇസ്‌ലാം ബലഹീനമാവുമ്പോൾ അല്ലാഹു തന്റെ സംരക്ഷണ വാഗ്ദാനമനുസരിച്ച് അതിനെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതാണ്. അവൻ ഇസ്‌ലാമിനെ സഹായിക്കുന്നതിൽ നിങ്ങളെന്തിന് അത്ഭുതപ്പെടുന്നു'***
***(ലക്ചർ ലുധിയാന ഭാഗം 32)***

ചുരുക്കത്തിൽ ഇവിടെ വിവരിക്കപ്പെട്ട പതിനാലാം രാവിലെ ബദർ എന്നത്കൊണ്ട് ഉദ്ദേശ്യം നബി (സ) തിരുമേനിയുടെ ആത്മീയ സുതനായ ഹദ്റത്ത് ഇമാം മഹ്ദി (അ) തന്നെയാണെന്ന് വ്യക്തമാണ്. ***'വലഖദ് നസറക്കുമുല്ലാഹു ബിബദ്റിൻ'*** എന്നത് കൊണ്ട് ***'ലി യുള്ഹിറഹു അലദ്ദീനി കുല്ലിഹീ '*** (ഇസ്‌ലാമിന് മറ്റെല്ലാ മതങ്ങളുടെമേലും വിജയം ലഭിക്കും. 61: 10) എന്ന പ്രവചനം മഹ്ദി ഇമാമിന്റെ കാലത്തായിരിക്കും പൂർത്തിയാവുക എന്ന് പല ഇമാമീങ്ങളും വ്യാഖ്യാതാക്കളായ സലഫു സാലിഹീങ്ങളും ഏറ്റു പറഞ്ഞിട്ടുണ്ട്. ഈ വിജയം ദൃഷ്ടാന്തങ്ങളാലും തെളിവുകളാലും ഉള്ളതായിരിക്കുമെന്നും അവർ വ്യക്തമാക്കിയിട്ടുണ്ട്.

പ്രസ്തുത പ്രവചനങ്ങളുടെയെല്ലാം പൂർത്തീകരണമെന്നോണം അല്ലാഹു അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)നെ വാഗ്ദത്ത മഹ്ദി മസീഹായി നിയോഗിച്ചിരിക്കുന്നു.

അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫയായിരുന്ന ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) ഒരു ചോദ്യത്തിന് മറുപടി നൽകിക്കൊണ്ടു പറഞ്ഞു: 'ഇമാം മഹ്ദിയുടെ സത്യസാക്ഷ്യമായി രണ്ട് വിധത്തിലുള്ള അടയാളമുണ്ട്. ഒന്ന് അദ്ദേഹത്തിന്റെ ആഗമനത്തിന് മുമ്പുള്ള അടയാളങ്ങൾ. മറ്റൊന്ന് ആഗമനത്തിന് ശേഷം വെളിപ്പെട്ടത്. മുമ്പുണ്ടാകേണ്ടത് നൂറു വർഷങ്ങൾക്ക് മുമ്പുതന്നെ പൂർത്തിയായിക്കഴിഞ്ഞു. അതായത് മുസ്‌ലിംകളുടെ ഹൃദയത്തിൽ നിന്ന് ഈമാൻ ഉയർന്ന് പോയി. മുസ്‌ലിംകൾക്കിടയിൽ പലവിധ ഭിന്നിപ്പുകളും ഉടലെടുത്തു. വലിയ വലിയ പള്ളികൾ നിർമിക്കപ്പെട്ടു. പക്ഷേ അവയിൽ ഹിദായത്ത് കാണുന്നില്ല. ഇസ്‌ലാം പേരിന് മാത്രമായി. അവയുടെ ആചാരാനുഷ്ഠാനങ്ങളെല്ലാം അമുസ്‌ലിംകളുടേതിന് തുല്യമായി കളവ്, ചതി, വിശ്വാസ വഞ്ചന, ദുനിയാവിനോടുള്ള അതിരറ്റ സ്നേഹം, ആക്രമണ പ്രവണത, കൊള്ള, കൊല, വ്യഭിചാരം തുടങ്ങിയവയിൽ മുസ്‌ലിംകൾ മുൻപന്തിയിൽ എത്തി. ഇതെല്ലാം നൂറു വർഷങ്ങൾക്ക് മുമ്പേ പൂർത്തിയായതാണ്.

ഹിജ്റ പതിനാലാം നൂറ്റാണ്ടിൽ ഇമാം മഹ്ദിയുടെ ആവിർഭാവമുണ്ടാകുമെന്ന് സലഫുസ്സാലിഹീങ്ങളായ ഉലമാഉം ഇമാമീങ്ങളും പ്രവചിച്ചിരുന്നതാണ്. എന്നാൽ പതിനാലാം നൂറ്റാണ്ട് പിറന്നപ്പോൾ

ശേഷം പേജ് 31 ൽ

അതായത് മുസ്‌ലിം കളുടെ ഹൃദയത്തിൽ നിന്ന് ഈമാൻ ഉയർന്ന് പോയി. മുസ്‌ലിംകൾക്കിടയിൽ പലവിധ ഭിന്നിപ്പുകളും ഉടലെടുത്തു. വലിയ വലിയ പള്ളികൾ നിർമിക്കപ്പെട്ടു. പക്ഷേ അവയിൽ ഹിദായത്ത് കാണുന്നില്ല. ഇസ്‌ലാം പേരിന് മാത്രമായി. അവയുടെ ആചാരാ നുഷ്ഠാനങ്ങളെല്ലാം അമുസ്‌ലിം കളുടേതിന് തുല്യമായി കളവ്, ചതി, വിശ്വാസ വഞ്ചന, ദുനിയാവി നോടുള്ള അതിരറ്റ സ്നേഹം, ആക്രമണ പ്രവണത, കൊള്ള, കൊല, വ്യഭിചാരം തുടങ്ങിയവയിൽ മുസ്‌ലിംകൾ മുൻപന്തിയിൽ എത്തി. ഇതെല്ലാം നൂറു വർഷങ്ങൾക്ക് മുമ്പേ പൂർത്തിയായതാണ്.

# മാംസാഹാരം ഹിന്ദുമതഗ്രന്ഥങ്ങളിൽ

**ലേഖകൻ അഹ്മദി വേദ പണ്ഡിതനാണ്. അരനൂറ്റാണ്ടു മുമ്പ് എഴുതിയ ലേഖനത്തിന്റെ മലയാള വിവർത്തനം ഇവിടെ പുനഃ പ്രസിദ്ധീകരിക്കുന്നു.**

**മഹാശ: മുഹമ്മദ് ഉമർ ശർമ. എച്ച്. എ.**

വിവ: എൻ. ഹാമിദ് സാഹിബ് (മർഹൂം)

ഹിന്ദുക്കളുടെ മതഗ്രന്ഥങ്ങളിൽ അവർക്ക് മാംസ ഭക്ഷണം അനുവദിച്ചിരിക്കുന്നു എന്നത് ആ ഗ്രന്ഥങ്ങൾ വായിച്ചു നോക്കിയിട്ടുള്ള ഏവർക്കും അറിയാവുന്ന സംഗതിയാണ്. മഹാഭാരതം തുടങ്ങി വേദങ്ങൾ വരെയുള്ള ധാർമിക ഗ്രന്ഥങ്ങളെല്ലാം പ്രാചീന കാലത്തെ ഋഷിമാർ മാംസം ഭക്ഷിച്ചുവന്നവരായിരുന്നുവെന്നും അവർക്ക് ശ്രാദ്ധത്തിലും യജ്ഞത്തിലും മാംസം നൽകപ്പെടാറുണ്ടുവെന്നും അത് ഭക്ഷിക്കുന്നത് പാപമായി അവർ കരുതിയിരുന്നില്ലയെന്നും പറഞ്ഞുതരുന്നു.

നാം വേദ ഗ്രന്ഥങ്ങളിലേക്ക് കണ്ണോടിക്കുന്ന പക്ഷം അവയിൽ മാംസഭോജനം വിഹിതമെന്ന് സ്ഥാപിക്കുന്ന അനേകം മന്ത്രങ്ങൾ കണ്ടെത്തുന്നതാണ്. അഥർവവേദത്തിൽ പോലും മാംസാഹാരം ആകാമെന്ന് പഠിപ്പിക്കുന്ന മന്ത്രങ്ങൾ കാണാം. ഉദാഹരണമായി അതിലൊരിടത്ത് ഈശ്വരൻ മനുഷ്യരോട് ഇപ്രകാരം ഉപദേശിക്കുന്നു.

***പശുവിന്റെ പാലും ഇറച്ചിയും അതിഥികൾക്ക് നൽകിയല്ലാതെ കഴിക്കരുത്. (അഥർവം കാണ്ഡം 9 സൂക്തം 30 ,മം 37)***

ഈ മന്ത്രത്തിൽ നിന്നും വ്യക്തമാവുന്നത് അതിഥി ഒരു ഗൃഹത്തിൽ വന്നാൽ അയാൾ ഭക്ഷിക്കാൻ പശുവിൻ മാംസവും കുടിപ്പാൻ പശുവിൽ പാലും കൊടുത്താലല്ലാതെ വീട്ടുകാർ അതുകൾ കഴിക്കരുതെന്നാകുന്നു.

ഗോപഥബ്രാഹ്മണത്തിൽ ഹവിർഭാഗം* ആർക്കെല്ലാം ലഭിക്കണമെന്നതിനെക്കുറിച്ച് ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു. ***നാക്കും താടിയെല്ലുകളും പ്രസ്ഥാതാവിനും ** താലുവോടുകൂടിയ കാണ്ഡം പ്രതിഹർത്താവിന്നും ശേന്യപക്ഷിയുടെ ചിറകു വിരിച്ചത് പോലെയുള്ള ഭാഗം അഥവാ നെഞ്ച് ഉൽഗാതാവിന്നും...... തുട പോതാവിന്നും അണ്ഡ കോശങ്ങൾ, അംഗുലീയ സന്ധികൾ, വലതു ഭുജം ഇവ അഗ്നീദ്ധ്റനും, വലതു കാൽ രണ്ടും യജമാനനും യാഗം ചെയ്യിക്കുന്ന ഗൃഹപതിക്കും ഇടതു കാൽ രണ്ടും ഗൃഹപത്നിക്കും ഉള്ളതാകുന്നു.....ഇപ്രകാരം പശുവിനെ 36 ഭാഗങ്ങളായി വിഭജിക്കപ്പെടേണ്ടതാണ്. (പൂർവഭാഗം (പ 30, ക. 180)***

ശ്രാദ്ധത്തിൽ വിധി പ്രകാരം പ്രയുക്തമായ മാംസം ആർ ഭക്ഷിക്കുകയില്ലയോ അവൻ മരിച്ചാൽ 21 ജന്മം വരെ പശു യോനിയിൽ ജനിച്ചു കൊണ്ടേയിരിക്കുന്നതാണ് എന്ന് മനുവിന്റെ ധർമശാസ്ത്രം 5-ാം അദ്ധ്യായം 35 ാം ശ്ലോകത്തിൽ പറഞ്ഞിരിക്കുന്നു. ഏതൊരാൾ തനിക്ക് ധർമാത്മാവും വിദ്വാനും വേദജ്ഞനുമായ പുത്രൻ ജനിക്കണമെന്നാഗ്രഹിക്കുന്നുവോ അയാൾ മാംസവും ചോറും പാകം ചെയ്ത് ഭക്ഷിച്ചുകൊള്ളട്ടെ എന്ന് ബൃഹദാരണ്യകോപനിഷത്ത് അ.8 ബ്രാ 4 മം, 17 ൽ പ്രസ്താവിച്ചു കാണാം. മഹാഭാരതത്തിൽ പറയുന്നു:

എള്ള്, അരി, യവം, കിഴങ്ങ്, പഴം ഇത്യാദികൾ കൊണ്ട് ശ്രാദ്ധം ചെയ്താൽ ഒരു മാസത്തോളവും മത്സ്യമാംസം കൊണ്ടായാൽ രണ്ട് മാസം വരെയും ചെമ്മരിയാടി ന്റെ മാംസം കൊണ്ടായാൽ മൂന്നു മാസം വരെയും മുയൽ മാംസം കൊണ്ടായാൽ നാലു മാസം വരെയും കോലാടിന്റെ മാംസം കൊണ്ടായാൽ അഞ്ചു മാസംവരെയും പോത്തിറച്ചി കൊണ്ടായാൽ പതിനൊന്ന് മാസം വരെയും ഗോമാംസം കൊണ്ടായാൽ പന്ത്രണ്ട് മാസം വരെയും

* യാഗത്തിൽ ഹോമിക്കപ്പെടുന്ന ദ്രവ്യാംശം

** യാഗത്തിൽ ക്രിയ ചെയ്യുന്ന ഋത്വിക്കുകൾ എന്ന് പറയപ്പെടുന്ന ആചാര്യന്മാരിൽ ഒരാൾ. ഋത്വിക്കുകൾ ആകെ 16 ആളാകുന്നു.1 അഗ്നിദ്ധ്റൻ 2. ബ്രഹ്മണാച്ഛംസി 3.മൈത്രാവരുണൻ 4. ഹോതാവ് 5. പോതാവ് 6. പ്രശസ്താവ് 7. അദ്ധ്വര്യു 8. ഗ്രാവസ്തുത്ത് 9. ബ്രഹ്മൻ 10. പ്രതിഹർത്താവ് 11. സുബ്രഹ്മണ്യൻ 12. ഉൽഗാതാവ്

പിതൃക്കൾ തൃപ്തരാകുന്നു..... കറുത്തതോ ചുകന്നതോ ആയുള്ള ആടിന്റെ മാംസത്താൽ ശ്രാദ്ധം ചെയ്യുന്നതുകൊണ്ട് അവർ അനന്തമായി തൃപ്തിയടയുന്നു. (മഹാഭാരതം അനുശാസിക പർവം അ 88 ശ്ലോ 301)

മനു മഹാരാജ് നർമ്മദാ തീരത്തിൽ ആയിരക്കണക്കായ രാജസൂയ യജ്ഞങ്ങൾ നടത്തുകയും മുന്നു കോടി ബ്രാഹ്മണർക്ക് ബ്രഹ്മ ഭോജനം നൽകുകയും അതിലേക്ക് ആറ് ലക്ഷം ഗോക്കളെ വധിച്ചു മാംസം പാകം ചെയ്യിക്കുകയും ചെയ്തു എന്നു ബ്രാഹ്മണ വൈവർത്ത പുരാണത്തിൽ പറഞ്ഞിട്ടുള്ളതായി ജെ ബി പിസ്തൊൾ ഉദ്ധരിച്ചിരിക്കുന്നു. ബ്രാഹ്മണർക്ക് മാംസം ഭക്ഷിക്കണമെന്ന് ആഗ്രഹമുണ്ടാകുന്ന പക്ഷം യജ്ഞത്തിൻ പ്രോക്ഷണ വിധി പ്രകാരം ശുദ്ധി ചെയ്ത് അവർ അത് ഭക്ഷിച്ചു കൊള്ളട്ടെ എന്നു മനു സ്മൃതി അഞ്ചാം അദ്ധ്യായം 27-ാം ശ്ലോകത്തിൽ പറഞ്ഞിരിക്കുന്നു. യജ്ഞനനിമിത്തം മാംസം ഭക്ഷിക്കുന്നത് ദേവവിധിയും അതല്ലാത്ത നിലയിൽ മാംസം ആഹരിക്കുന്നത് രാക്ഷസ വിധിയുമാണെന്നാണ് പറയപ്പെടുന്നത്.

ഹൈന്ദവ ഗ്രന്ഥങ്ങളിൽ പല സ്ഥലങ്ങളിലായി മാംസ ഭക്ഷണം വിധിച്ചു കാണാം. വൈദിക കാലത്ത് ഋഷിമാർ മാംസാഹാരം പാപമായി കരുതിയിരുന്നില്ല തന്നെ. വർത്തമാന കാലത്ത് തങ്ങളുടെ മതഗ്രന്ഥങ്ങൾ നല്ലത്പോലെ പഠിച്ചിട്ടുള്ള ഹിന്ദു പണ്ഡിതന്മാർ പ്രാചീനകാലത്ത് മാംസാഹാരം പാപമായി കരുതപ്പെട്ടിരുന്നില്ലെന്ന വാസ്തവത്തെ ഏറ്റു പറയുകയും തന്മൂലം അവർ ഇക്കാലത്തും മാംസ ഭോജനം പാപകരമല്ലെന്ന് വിചാരിക്കുകയും ചെയ്യുന്നു.

ഹൈന്ദവ ഗ്രന്ഥങ്ങളിൽ പല സ്ഥലങ്ങളിലായി മാംസ ഭക്ഷണം വിധിച്ചു കാണാം. വൈദിക കാലത്ത് ഋഷിമാർ മാംസാഹാരം പാപമായി കരുതിയിരുന്നില്ല തന്നെ. വർത്തമാന കാലത്ത് തങ്ങളുടെ മതഗ്രന്ഥങ്ങൾ നല്ലത്പോലെ പഠിച്ചി ട്ടുള്ള ഹിന്ദു പണ്ഡിതന്മാർ പ്രാചീ നകാലത്ത് മാംസാഹാരം പാപമായി കരുതപ്പെട്ടിരുന്നില്ലെന്ന വാസ്തവത്തെ ഏറ്റു പറയുകയും തന്മൂലം അവർ ഇക്കാലത്തും മാംസ ഭോജനം പാപകരമല്ലെന്ന് വിചാരി ക്കുകയും ചെയ്യുന്നു.

ഇൻഡോ ആര്യൻസ് (Indo Aryans) എന്ന വിശിഷ്ട ഗ്രന്ഥത്തിന്റെ കർത്താവായ രാജേന്ദ്രലാൽ മിത്ര എൽ എൽ ഡി ഇപ്രകാരം പറയുന്നു: പശുവെ അറുക്കുമ്പോൾ തങ്ങളുടെ ഹൃദയത്തിൽ യാതൊരു വികാരവും ഉൽപ്പന്നമാകാതിരിക്കുന്ന ഒരു കാലം പ്രാചീന ഹിന്ദുക്കളിൽ കഴിഞ്ഞിട്ടുണ്ടായിരുന്നു. അന്നു അവർ ഈ മൃഗത്തെ തങ്ങളുടെ പവിത്രമായ ഭോജ്യ വസ്തുവായി കരുതുകയും അവർ യഹൂദികളെ പോലെ അതിഥിയുടെ ആഗമനത്തിങ്കൽ കൊഴുത്ത പശുവിനെ അറുത്ത് ഭക്ഷണത്തിന് ഏർപ്പാട് ചെയ്യുകയും ചെയ്തു പോന്നിരുന്നു.

ശ്രീ. മന്നുലാൽ സിദ്ധാന്ത സാരത്തിൽ പറയുന്നു. യാഗത്തിൽ ഗോവധം ചെയ്യാൻ ആജ്ഞാപിതമായിരിക്കുന്നത് പോലെതന്നെ മധുപർക്കത്തിന്നായും ഗോവധം വിധിക്കപ്പെട്ടിരിക്കുന്നു. മാംസം കൂടാതെ മധുപർക്കം ആകാവതല്ല. പ്രാചീന കാലത്ത് യജ്ഞത്തിൽ വധിക്കപ്പെട്ട് പോന്നിരുന്ന പശുവാകട്ടെ ഇന്നു ഇത്രയധികം പവിത്രതയുള്ള ഒന്നായി വിചാരിക്കപ്പെടുന്നത് ആശ്ചര്യം തന്നെയാണ്. (ജെ ബി. പിസ്തോൺ, 102 ാം ഭാഗം) വേറെയും പല നേതാക്കന്മാരുടെയും അഭിപ്രായമുള്ളത് ദൈർഘ്യ ഭയത്താൽ ഇവിടെ ഉദ്ധരിക്കുന്നില്ല. ഹിന്ദു സഹോദരങ്ങളോട് സവിനയം ഒരു അപേക്ഷ ചെയ്തുകൊള്ളട്ടെ. നിങ്ങളുടെ ധർമ ശാസ്ത്രങ്ങൾ നിങ്ങൾക്ക് മാംസ ഭക്ഷണം അനുവദിച്ചിരിക്കുന്നു. അല്ല, അതിലേക്ക് നിങ്ങൾക്ക് അനുജ്ഞ നൽകിയിരിക്കുന്നു. ഞങ്ങളും പ്രേമപൂർവം വീക്ഷിക്കുന്ന നിങ്ങളുടെ പൂജ്യരായ ആ ഋഷിമാർ തന്നെ മാംസം ഭക്ഷിച്ചവരായിരുന്നു. ഇതെല്ലാം ശാസ്ത്ര ഗ്രന്ഥങ്ങൾ പ്രകാരം തെളിഞ്ഞതാണ്. നിങ്ങൾ നിഷ്പക്ഷ നിലയിൽ നിങ്ങളുടെ മതഗ്രന്ഥങ്ങൾ വായിച്ചു നോക്കുവീൻ. അപ്പോൾ പരമാർത്ഥം ഗ്രഹിക്കുന്നതിന്ന് ഇശ്വരൻ നിങ്ങളെ സഹായിക്കുമെന്ന് ഞാൻ പൂർണമായി വിശ്വസിക്കുന്നു. സത്യത്തെ കൈകൊള്ളുവീൻ. പരമാത്മാവ് നിങ്ങൾക്ക് ശക്തിയേകുമാറാകട്ടെ!


Statement about ownership and other particulars about newspaper

**Sathyadoothan**

(Form IV-See Rule-8)

1. Place of publication : Ernakulam
2. Periodicity of its publication : Monthly
3. Printer's Name : B.B. Ahmad Kabeer
   Nationality : Indian
   Address : Blayil, Karama Road Elamakkara, Pin 682026
4. Publisher's Name : B.B. Ahmad Kabeer
   Nationality : Indian
   Address : Blayil, Karama Road Elamakkara, Pin 682026
5. Editor's Name : A.M. Muhammad Salim
   Nationality : Indian
   Address : Darussalam, Near Zeena Plastic, pavangad, Calicut
6. Names and addresses of individuals who own the newspaper and partners or shareholders holding More than one per cent of the total capital.

I, B.B. Ahmad Kabeer, hereby declare that the particulars given above are true to the best of my knowledge and belief.

Dated: 01.05.2015 sd/- Publisher

# പ്രകൃതിദുരന്തങ്ങളുടെ നാനാർത്ഥങ്ങൾ

എ. എം. മുഹമ്മദ് സലിം

ധാർമികമായി അധ:പതിച്ച സമൂഹങ്ങളെ സംസ്ക്കരിക്കാൻ ദൈവം പ്രവാചകന്മാരെ അയക്കുന്നു. അധാർമികതയിൽ മുഴുകി നിൽക്കുന്ന ധിക്കാരികളായ അത്തരം ജനത കാരുണ്യവാനായ ദൈവത്തിന്റെ രക്ഷയുടെ വഴി തിരസ്ക്കരിച്ച് നാശത്തിന്റെ വഴി സ്വയം തിരഞ്ഞെടുക്കുന്നു. അവർ പ്രകൃതി ദുരന്തങ്ങൾക്ക് വിധേയരായി ശിക്ഷിക്കപ്പെടുന്നു. വിശുദ്ധ ഖുർആനിലും മറ്റു ദൈവിക ഗ്രന്ഥങ്ങളിലും വിശ്വസിക്കുന്നവർ പൊതുവേ പുലർത്തുന്ന ചരിത്ര വീക്ഷണമാണിത്. 26 നാഗരികതകളുടെ ചരിത്രം പഠിച്ചതിന് ശേഷം വിശ്വപ്രസിദ്ധ ബ്രിട്ടീഷ് ചരിത്ര പണ്ഡിതനും ദാർശനികനുമായ ആർനോൾഡ് ജോസഫ് ടോയൻബി (1889 –1975) ചരിത്ര നിയമത്തെ പറ്റിയുള്ള മതവിശ്വാസികളുടെ ഈ നിയമം അംഗീകരിക്കുകയും പിന്തുണക്കുകയുമാണ് ചെയ്തത്. 12 വാല്യങ്ങളുള്ള A Study of History (1934–61) എന്ന ഗ്രന്ഥത്തിൽ പറയുന്നത് ധാർമികവും സാംസ്കാരികവുമായ വെല്ലുവിളികളെ നേരിടാനാവാതെയാണ് നാഗരികതകൾ നശിക്കുന്നത് എന്നാണ്. 1940–50 കളിൽ ലോകത്ത് ഏറ്റവും ആദരപൂർവം ചർച്ച ചെയ്യപ്പെട്ട ചരിത്രകാരൻ ടോയൻബിയാണെന്നും നാം ഓർക്കണം. നാഗരികതകളുടെ ഉത്ഥാന പതനങ്ങൾക്ക് കാരണമായി ഒരു അദൃശ്യ ധാർമിക നിയമം പ്രവർത്തിക്കുന്നു എന്നാണ് അദ്ദേഹത്തിന്റെ വീക്ഷണത്തിന്റെ ചുരുക്കം. അല്ലാതെ വെറും ഭൗതിക സാഹചര്യങ്ങൾ കൊണ്ട് മാത്രമല്ല നാഗരികതകൾ നശിക്കുന്നത്. അതോടൊപ്പം നാം മനസ്സിലാക്കേണ്ട മറ്റൊരു യുക്തി ശാസ്ത്രം വിഷം കഴിച്ചാൽ മനുഷ്യൻ മരിക്കും അതുകൊണ്ട് മരിക്കുന്നവരെല്ലാം വിഷം കഴിക്കുന്നത് കൊണ്ടാകണമെന്നില്ല. ധാർമികമായും സാംസ്കാരികമായും അധ:പതിക്കുകയും ദൈവത്താൽ താക്കീത് ചെയ്യപ്പെടുകയും ചെയ്ത ജനതകൾക്ക് നാശം സംഭവിക്കും എന്ന് ഉറപ്പാണ്. പക്ഷേ സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങളെല്ലാം ദൈവ ശിക്ഷയാന്നെന്ന് കരുതുന്നതും ശരിയല്ല.

നാം ഇവിടെ ഭൂകമ്പങ്ങളെക്കുറിച്ചാണല്ലോ ചർച്ചചെയ്യുന്നത്. ഭൂകമ്പങ്ങൾ ആത്മീയമായും ഭൗതികമായും പാരിസ്ഥിതികമായും മനുഷ്യന് ഒരു പാട് പാഠങ്ങൾ നൽകുന്നു.നേരത്തെ പറഞ്ഞത് പോലെ കുറ്റവാളികളായ സമുഹങ്ങൾക്ക് ലഭിക്കുന്ന ശിക്ഷയാണ് പ്രകൃതികോപങ്ങൾ എന്ന് എല്ലാ പ്രകൃതി കോപങ്ങളെ പറ്റിയും നമുക്ക് പറയാനാവില്ല. തീർച്ചയായും ധാർമികകുറ്റങ്ങൾ കൊണ്ടുള്ളതാവട്ടെ അല്ലാത്തതാകട്ടെ ഏത് വിധത്തിലുള്ള പ്രകൃതി കോപമായാലും മനുഷ്യ സമൂഹത്തിന്ന് അത് വലിയ ദുരിതങ്ങൾ സമ്മാനിക്കുന്നു. അതെല്ലാം തന്നെ പ്രാഥമികമായി മനുഷ്യൻ തന്നെ വരുത്തിവെക്കുന്നതാണെന്നോർക്കണം. ഭൂമി കുലുങ്ങുന്നത് കൊണ്ട് മാത്രം ആളുകൾ മരിക്കുന്നില്ല. ഭൂകമ്പവും മറ്റു പ്രകൃതി കോപങ്ങൾ ഉണ്ടാവുമ്പോഴും ആ പ്രദേശത്തെ മനുഷ്യർ ഒഴികെയുള്ള ബഹുഭൂരിപക്ഷം ജീവജാലങ്ങൾക്കും ജീവഹാനി സംഭവിക്കുന്നുമില്ല. നാശം മുഴുവൻ സംഭവിക്കുന്നത് മനുഷ്യൻ നിർമിച്ച കെട്ടിടങ്ങൾ പതിച്ചാണ്. അല്ലാഹു ഖുർആനിൽ പറയുന്നു: ***മനുഷ്യരുടെ കരങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു അവർ മടങ്ങുന്നതിന് വേണ്ടി (30: 42)***

ഭൂകമ്പങ്ങൾക്ക് കാരണം ഭൂഫലകങ്ങളുടെ നീക്കങ്ങളാണെന്ന (പ്ലെയിറ്റ് റെക്റ്റോണിക്ക്) സിദ്ധാന്തം 1912 ൽ ആൽഫ്രഡ് വെഗ്നർ എന്ന ശാസ്ത്രജ്ഞനാണ് മുന്നോട്ടു വെച്ചത്. അതിന്ശേഷം ഈ സിദ്ധാന്തം വളരെയേറെ മുന്നോട്ടുപോയെങ്കിലും പ്ലെയിറ്റ് റെക്റ്റോണിക്സിന്റെ യഥാർഥ കാരണങ്ങൾ ഇന്നും അജ്ഞാതമാണ്. ഭൂമി നിർമിക്കപ്പെട്ടിരിക്കുന്നത് 7 വൻ ഭൂഫലകങ്ങളും

20 ചെറിയ ഭൂഫലകങ്ങളും കൊണ്ടാണ്. അവ പരസ്പരം അകലുകയും അടുക്കുകയും ചെയ്യുന്ന പ്രതിഭാസമാണ് പ്ലെയിറ്റ് റ്റെക്റ്റോണിക്സ്. അതിന് മുമ്പ് ഭൂമി ഏകശിലാ ഘടനയുള്ള ഒരു ഖണ്ഡമായിട്ടാണ് കരുതിപ്പോന്നത്. ഭൂഖണ്ഡങ്ങളുടെ രൂപീകരണം, ഭൂകമ്പങ്ങൾ, അഗ്നിപർവതങ്ങൾ, പർവതങ്ങളുടെ വളർച്ച ഇവയെല്ലാം സംഭവിക്കുന്നത് ഈ ഭൗതിക പ്രതിഭാസത്തിന്റെ ഫലമായിട്ടാണ്. നമ്മുടെ കാൽചുവട്ടിൽ നിരന്തരം നടന്നുകൊണ്ടിരിക്കുന്ന ഇത്തരം നിർമാണാത്മകവും സംഹാരാത്മകവുമായ ഭൗമപ്രതിഭാസങ്ങളെപ്പറ്റി ഭൂമിയുടെ സ്രഷ്ടാവായ അല്ലാഹു വിശുദ്ധ ഖുർആനിൽ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. ദൈവത്തിന്റെ സൃഷ്ടി വൈഭവത്തെക്കുറിച്ച് മനുഷ്യൻ മനസ്സിലാക്കി അവന് സ്തോത്രം ചെയ്യാനാണ് ഈ വചനങ്ങളിലൂടെ അല്ലാഹു ഉദ്ദേശിക്കുന്നത്. ഖുർആൻ പറയുന്നു:

**ഭൂമിയിൽ അടുത്തടുത്ത് കിടക്കുന്ന പല ഖണ്ഡങ്ങളുമുണ്ട് (13:5) അവൻ ഭൂമിയിൽ അടിയുറച്ച മലകൾ സ്ഥാപിച്ചിരിക്കുന്നു; നിങ്ങളേയും കൊണ്ട് ഭൂമികുലുങ്ങാതിരിക്കാൻ വേണ്ടി (16:16) പർവതങ്ങൾ ഉറച്ചുനിൽക്കുന്നതായി നീ കാണുന്നു. എന്നാൽ അവ മേഘങ്ങൾ ചലിക്കുന്നത്പോലെ ചലിക്കുന്നതാണ്. എല്ലാ വസ്തുക്കളേയും സൃഷ്ടിച്ചു ബലപ്പെടുത്തിയിരിക്കുന്ന അല്ലാഹുവിന്റെ പ്രവർത്തനമാണിത് (27:89).**

ഭൂകമ്പങ്ങളെക്കുറിച്ച് മനുഷ്യർ എത്രതന്നെ മനസ്സിലാക്കിയാലും ഭൂകമ്പങ്ങളുടെ കാരണവും അതിന്റെ അളവും സംഭവിക്കുന്ന സമയവും അപ്രവചനീയമായി തന്നെ തുടരാനാണ് സാധ്യത. കാരണം ഭൗമ ഫലകങ്ങളുടെ ബലതന്ത്രത്തിന്റെ എല്ലാ ഘടകങ്ങളും നിർണയിച്ചു ഗണിച്ചെടുക്കാൻ മനുഷ്യന് സാധ്യമല്ല. സൂക്ഷ്മകണങ്ങളെ (Particle physics) പറ്റിയുള്ള ശാസ്ത്രം മുതൽ ഖഗോള ശാസ്ത്രം വരെയുള്ള മേഖലകളിൽ ഈ അപ്രവചനീയതയെ അഥവാ അരേഖീയത (Non Linearity) യെ സംബന്ധിച്ച് ശാസ്ത്രത്തിന് ബോദ്ധ്യം വന്നിരിക്കുന്നു. എല്ലാ ഭൗതിക പ്രവർത്തനങ്ങളും നാം അറിഞ്ഞുകഴിഞ്ഞു, അല്ലെങ്കിൽ നമുക്ക് അറിയാൻ കഴിയുന്ന നിശ്ചിത നിയമങ്ങൾ പ്രകാരമാണ് സംഭവിക്കുന്നത് എന്നായിരുന്നു ക്ലാസ്സിക്കൽ ഭൗതികശാസ്ത്രം ധരിച്ചിരുന്നത്. അതായത് ഒരു വസ്തുവിന്റെ അല്ലെങ്കിൽ ഒരു വ്യൂഹത്തിന്റെ ചലനത്തിൽ, പ്രാരംഭികാവസ്ഥ എത്ര കൃത്യമായി അറിയുന്നുവോ അതേ കൃത്യതയോടെ അതിന്റെ ഭാവി അവസ്ഥകളും പ്രവചിക്കാൻ കഴിയുമെന്നാണ് ക്ലാസിക്കൽ ഭൗതികത്വത്തിന്റെ നിലപാട്. ഈ ദർശനധാരക്കാണ് നിർണയ തത്ത്വം അഥവാ നിശ്ചിത തത്ത്വം (Determinism) എന്ന് പറയുന്നത്. ഭൗതികശാസ്ത്രത്തിന്റെ ക്ലാസിക്കൽ കാലഘട്ടത്തിലുണ്ടായിരുന്ന നിർണിത തത്വം ക്വാണ്ടം തിയറിയുടെ വരവോടെ ചോദ്യം ചെയ്യപ്പെടുകയുണ്ടായി. അതായത് ഒരു ഭൗതിക പിണ്ഡത്തിന്റെ അസ്തിത്വം നിർണയിക്കണമെങ്കിൽ അതിന്റെ സ്ഥാനവും വേഗതയും അറിയേണ്ടതുണ്ട്. എന്നാൽ സൂക്ഷ്മകണങ്ങളെ ഈ ഭൗതിക മാനദണ്ഡങ്ങളുപയോഗിച്ച് അളക്കാൻ സാധ്യമല്ല. ഉദാഹരണത്തിന് ചലിച്ചുകൊണ്ടിരിക്കുന്ന ഇലക്ട്രോണിന്റെ സ്ഥാനം എത്ര കൂടുതൽ കൃത്യമായി അളക്കാൻ ശ്രമിക്കുന്നുവോ അത്രയും കൂടുതൽ തെറ്റായിരിക്കും അതിന്റെ വേഗതയെ സംബന്ധിച്ച അറിവ്. അപ്രകാരം വേഗത കൃത്യമായി നിർണയിക്കാൻ ശ്രമിച്ചാൽ സ്ഥാനത്തെ സംബന്ധിച്ച അകൃത്യതയായിരിക്കും ഫലം. സ്ഥാനത്തിന്റെയും ചലനത്തിന്റെയും അടിസ്ഥാനത്തിൽ അനിശ്ചിതവും ചലനാത്മകവുമായ നിരവധി ഘടകങ്ങൾ സംയോജിക്കുമ്പോൾ അതിന്റെ ഫലവും ഒരു നിശ്ചിതസ്ഥലകാലത്തിൽ സംഭവിക്കുമെന്ന് ഉറപ്പിച്ചു പറയാൻ സാധ്യമല്ല. ഈ കണ്ടെത്തലോടെ സ്ഥാനത്തിന്റേയും ചലനത്തിന്റേയും അടിസ്ഥാനത്തിലുള്ള പ്രതിഭാസങ്ങൾ പ്രവചിക്കാമെന്ന ഭൗതികശാസ്ത്രത്തിന്റെ അവകാശവാദത്തിന് ഇളക്കം തട്ടുകയുണ്ടായി. പദാർഥങ്ങൾ നിർമിച്ചിരിക്കുന്ന അതിസൂക്ഷ്മ കണങ്ങൾ പദാർഥങ്ങളെ സംബന്ധിക്കുന്ന ഭൗതിക നിയമങ്ങൾക്ക് വഴങ്ങുന്നില്ല എന്ന അറിവ് ആധുനിക കാലത്ത് ഭൗതിക ശാസ്ത്രത്തിനേറ്റ മറ്റൊരു പ്രഹരമാണ്. ക്ലാസിക്കൽ ഭൗതികശാസ്ത്രത്തിന് ഇത് ഉൾക്കൊള്ളാൻ പ്രയാസമായിരുന്നു. ക്വാണ്ടം തിയറി ഇത് ചൂണ്ടിക്കാണിച്ചപ്പോൾ ഒരു ഭൗതിക ശാസ്ത്രജ്ഞൻ ആത്മഹത്യയ്ക്ക് ശ്രമിച്ചത് അതുകൊണ്ടാണ്.

അനിശ്ചിതത്വം, സംഭവ്യത (probability) അതായത് സംഭവിക്കുമോ ഇല്ലയോ എന്ന സാധ്യത, സ്ഥാനം നിർണയിക്കാൻ സാധിക്കായ്ക മുതലായ പ്രതിഭാസങ്ങൾ ഭൗതിക ശാസ്ത്രം അംഗീകരിച്ചു കഴിഞ്ഞു. ഇത്തരം പരികല്പനകളുടെ അടിസ്ഥാനത്തിൽ അനിശ്ചിതത്വം എന്നത് അദൃശ്യങ്ങളിൽക്കൂടി വേരുകളുള്ള ഒരു സ്ഥൂല യാഥാർഥ്യമാണെന്ന തിരിച്ചറിവ് ശാസ്ത്രത്തിന് കൈവന്നിട്ടുണ്ട്. ആധുനിക ശാസ്ത്രത്തിൽ ഉടലെടുത്ത ‘കയോസ് സിദ്ധാന്തം’ അഥവാ ‘അവ്യവസ്ഥാ സിദ്ധാന്തം’ അതാണ് വ്യക്തമാക്കുന്നത്. എല്ലാം പ്രവചനത്തിന് വിധേയമാണെന്ന നിർണിത ശാസ്ത്രവാദത്തിന്റെ ശവപ്പെട്ടിയിൽ അടിച്ചിറക്കിയ മറ്റൊരു ആണിയാണ് കയോസ് സിദ്ധാന്തം.

ഖഗോള ബലതന്ത്രത്തിൽ ഏറെ ശ്രദ്ധ പിടിച്ചു പറ്റിയ ഒരു വിഷയമായിരുന്നു മൂന്നു വസ്തുക്കളുടെ ചലനം. രണ്ട് വസ്തുക്കൾ നിശ്ചിത വേഗത്തിൽ പരസ്പരം ആകർഷിച്ച് ചുറ്റിത്തിരിയുമ്പോൾ അത് നമുക്ക് കൃത്യമായി പ്രവചിക്കാൻ സാധിക്കുന്നു. എന്നാൽ മൂന്നാമതൊരു ഗുരുത്വാകർഷണ വസ്തു കൂടി ഈ ചലനത്തിൽ പങ്കെടുക്കുമ്പോൾ പ്രവചനം സങ്കീർണവും അസാധ്യ

വുമാവും. ചലനത്തിൽ പങ്കെടുക്കുന്നത് വിവിധങ്ങളായ വലിപ്പവും ശക്തിയുമുള്ള മൂന്നിൽ കൂടുതൽ വസ്തുക്കളാണെങ്കിൽ സങ്കീർണതകൾക്ക് മേൽ സങ്കീർണത സൃഷ്ടിച്ച് ഈ പ്രതിഭാസത്തെ കൂടുതൽ അപ്രവചനീയമാക്കിത്തീർക്കുന്നു. ഗോളചലനങ്ങളുടെ അതിസൂക്ഷ്മതലത്തിൽ ഈ അപ്രവചനീയതയുടെ വിരൽ സ്പർശമുണ്ട്. തിളയ്ക്കുന്ന വെള്ളത്തിലെ കോർക്കിന്റെ ചലനം, പുകച്ചുരുളുകളുടെ ചലനം, തിരമാലകളുടെ ചലനം, ഗ്ലാസ്സിന്റെ പൊട്ടിച്ചിതറൽ എന്നീ ഭൗതിക പ്രതിഭാസങ്ങൾ ഏതു രൂപത്തിൽ സംഭവിക്കുമെന്ന് ശാസ്ത്രത്തിന് പ്രവചിക്കാൻ സാധ്യമല്ല. ആകാശത്തിലെ നക്ഷത്രങ്ങളുടെ വിന്യാസം തൊട്ട് കോശഘടനയിൽ വരെ പ്രപഞ്ചത്തിൽ മുഴുവൻ വ്യാപിച്ചു നിൽക്കുന്ന ഈ ക്രമരാഹിത്യ പ്രതിഭാസത്തിന്റെ സൂത്രവാക്യം ശാസ്ത്രത്തിന് പിടികിട്ടിയിട്ടില്ല. പ്രകൃതി പ്രതിഭാസങ്ങളെല്ലാം കുഴഞ്ഞ് മറിഞ്ഞതാണെന്നോ അസ്ഥിരമാണെന്നോ ഇതിന് അർഥമില്ല. സംഭവിച്ചുകഴിഞ്ഞ ഈ യാഥാർഥങ്ങളെയാണ് ശാസ്ത്രം ക്രമരാഹിത്യം എന്നു പറയുന്നത്. വാസ്തവത്തിൽ ഇതാണ് ക്രമം. അതായത് ശാസ്ത്രത്തിന് പിടി കിട്ടാത്ത ദൈവത്തിന്റെ ക്രമം. അതിനെ ശാസ്ത്രമുണ്ടാക്കിയ ക്രമത്തിന്റെ സമവാക്യങ്ങളുടെ അടിസ്ഥാനത്തിൽ ക്രമരാഹിത്യം എന്നു വിളിക്കുന്നത് വിവരക്കേടാണെന്ന് ശാസ്ത്രത്തിന് ഇന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ടാണ് ഈ ക്രമരാഹിത്യങ്ങളെ കയോസ് സിദ്ധാന്തം ഭവ്യതയോടെ 'ക്രമമില്ലായ്മയിൽ മറഞ്ഞിരിക്കുന്ന ക്രമം' എന്ന് വിളിക്കുന്നത്.

അത്ഭുതകരമെന്ന് പറയട്ടെ ഭൂകമ്പങ്ങളടക്കമുള്ള പ്രകൃതി കോപങ്ങളെപറ്റിയും പ്രവാചകന്മാർ പ്രവചിക്കുകയും അത് അതേപടി പുലരുകയും ചെയ്യുമ്പോൾ അവർക്ക് ലഭിച്ച ദിവ്യവെളിപാടുകളുടെ സ്രോതസ്സിനെയാണ് അത് സത്യപ്പെടുത്തുന്നത്. പ്രവചനങ്ങൾ പുലരുന്നത് നമ്മുടെ അനുഭവ യാഥാർഥ്യങ്ങളാവുമ്പോൾ ശാസ്ത്രത്തിന് ഇത്തരം അതീത യാഥാർഥ്യങ്ങൾക്ക് മുമ്പിൽ വിനയാന്വിതമായി നില്ക്കാനേ അവകാശമുള്ളൂ. കാരണം ഭൗതികമേഖലയിൽ തന്നെ വിശദീകരണങ്ങളില്ലാതെ അദൃശ്യങ്ങളിലും അനിശ്ചിതത്വത്തിലും ചൂഴ്ന്ന് നില്ക്കുന്ന, അതീത യാഥാർഥ്യങ്ങൾക്ക് മുമ്പിൽ എത്തും പിടിയും കിട്ടാതെ അന്തം വിട്ടു നിൽക്കുന്ന ഭൗതിക ശാസ്ത്രത്തിന് വെളിപാടുകളിലൂടെ ലഭിക്കുന്ന പ്രവചനങ്ങൾ പുലർന്ന്, അനുഭവ യാഥാർഥ്യങ്ങളായി മാറുമ്പോൾ അതിനെ നിഷേധിക്കാൻ അർഹതയും അവകാശവുമില്ല. അത് വിശകലനം ചെയ്യാനുള്ള രീതിശാസ്ത്രം ശാസ്ത്രത്തിന്റെ കൈയി ലില്ല.

ദൈവം സൃഷ്ടിച്ച പ്രകൃതിയുടെ ഭൗതിക നിയമങ്ങളിൽ തന്നെ ലീനമായി കിടക്കുന്ന നീതിയുടെ നിയമങ്ങളുമുണ്ട്. ദൈവത്തിന്റെ വിധിവരുമ്പോൾ അത് പ്രാവർത്തികമാവുന്നു. പാപങ്ങൾ ലോകത്ത് അധികരിക്കുമ്പോൾ പ്രകൃതി പ്രകമ്പിതവും പ്രകോപിതവുമാവുന്നു. പ്രവാചകന്മാരിലൂടെ ലോകത്ത് അവതരിപ്പിക്കപ്പെട്ട ധാർമിക നിയമത്തിന്റെയും പ്രകൃതിയുടേയും സ്രഷ്ടാവ് ദൈവമാണ്. ദൈവത്തിന്റെ നീതിയും നിയമങ്ങളുമാണ് മനുഷ്യനെയും പ്രകൃതിയെയും ഭരിക്കുന്നത്. അതായത് പ്രകൃതിയും മനുഷ്യനും ഉൾപ്പെട്ട പ്രപഞ്ച സാകല്യത്തിന് ഒരു ധാർമ്മിക പരിപ്രേക്ഷ്യമുണ്ട് എന്ന് സാരം. സ്വതന്ത്ര ജീവിയായ മനുഷ്യന് വേണ്ടിയാണ് ദൈവം പ്രപഞ്ചം സൃഷ്ടിച്ചത്. മനുഷ്യൻ പരിധി ലംഘിച്ച് പാപങ്ങൾ ചെയ്ത് മാർഗഭ്രംശത്തിലാകുമ്പോൾ അല്ലാഹുവിന്റെ അധീനതയിലുള്ള പ്രകൃതി പ്രകോപിതയാകുന്നു. ദുരന്തങ്ങൾ വിതയ്ക്കുന്നു. ഇങ്ങനെ നാശവും ദുരന്തങ്ങളും ഉണ്ടാകുന്നതിന് മുമ്പ് ഒരു പ്രവാചകനെ അയച്ചു കൊണ്ട് കാരുണ്യവാനായ അല്ലാഹു ആ ജനതയെ താക്കീത് ചെയ്യുന്നു. ഇത് അല്ലാഹുവിന്റെ അലംഘനീയമായ ഒരു നിയമമാണെന്ന് ഖുർആൻ ആവർത്തിച്ചു പറയുന്നു. **"ഒരു ദൂതനെ അയയ്ക്കുന്നത് വരെ നാം ശിക്ഷിക്കാറില്ല'' (17:16) 'നിന്റെ നാഥൻ നാടുകളെ നശിപ്പിക്കുന്നവനല്ല; അവയുടെ കേന്ദ്രസ്ഥാനത്ത് നമ്മുടെ വചനങ്ങൾ ഓതിക്കേൾപ്പിക്കുന്ന ഒരു ദൂതനെ നിയോഗിച്ച് മുന്നറിയിപ്പു നൽകുന്നത് വരെ . നാട്ടുകാർ അക്രമികളാകുന്ന അവസ്ഥയിലല്ലാതെ നാം നാടുകളെ നശിപ്പിക്കാറില്ല (28:60)** റസൂൽ തിരുമേനി(സ)യുടെ പ്രവചനപ്രകാരം ഈ കാലഘട്ടത്തിൽ ആഗതരായ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) ആധുനിക യുഗത്തിന്റെ സന്മാർഗ ഭ്രംശങ്ങളേയും അപഥസഞ്ചാരങ്ങളേയും പാപത്തിന്റെ ആധിക്യത്തേയും നോക്കി ഭൂകമ്പം പോലെയുള്ള വമ്പിച്ച പ്രകൃതി കോപങ്ങളെപ്പറ്റി താക്കീത് നൽകുകയുണ്ടായി. ഭൂകമ്പങ്ങളടക്കമുള്ള പ്രകൃതി കോപങ്ങൾ നമ്മുടെ ഹൃദയത്തിലും പ്രകമ്പനം സൃഷ്ടിക്കുന്നു. മരിച്ചവർക്ക് ഒരു നിമിഷം മാത്രമേ ദുരിതമനുഭവിക്കേണ്ടതുള്ളൂ. ലോകത്ത് ജീവിച്ചിരുന്ന സർവ മനുഷ്യരിലും ഈ ദുരന്തങ്ങൾ ആധിയും ആശങ്കയും സൃഷ്ടിക്കുന്നു. മനുഷ്യനിർമിതമായ ഒരു സുരക്ഷാ സംവിധാനത്തിനും അവനെ സഹായിക്കാൻ കഴിയാത്ത ഇത്തരം ഘട്ടങ്ങൾ മനുഷ്യന്റെ നിസ്സാഹയതയും നിസ്സാരതയും അവനെ ഓർമിപ്പിക്കുന്നു. ദുരന്തങ്ങൾ മനുഷ്യനിൽ ദൈവചിന്ത ഉണർത്തുകയും മനുഷ്യഹൃദയം ആർദ്രചിത്തമായിത്തീരുകയും ചെയ്യുന്നു. സമൂഹത്തിന് അവരുടെ പാപകൃത്യ ങ്ങളെ സംബന്ധിച്ച് വീണ്ടുവിചാരത്തിന് അത് അവസരമൊരുക്കുകയും ചെയ്യുന്നു. പക്ഷേ ദുരന്തങ്ങൾ മനുഷ്യ മനസ്സിൽ ഉണർത്തുന്ന വീണ്ടു വിചാരങ്ങൾ അവനെ യഥാർഥ പരിഷ്ക്കരണത്തിലേക്ക് നയിക്കുമോ എന്നതാണ്

പ്രശ്നം.

ഈ കാലഘട്ടത്തെ സന്മാർഗത്തി ലേക്ക് നയിക്കാൻ ദൈവനിയുക്ത നായ വാഗ്ദത്ത മസീഹി(അ)ന്റെ വ ചനങ്ങൾ ഒന്നുകൂടി നാം ശ്രദ്ധിക്കു ക.

“അല്ലാഹുവിന്റെ വഹ്യിൽ ഭൂക മ്പങ്ങളെപ്പറ്റി അടിക്കടി പറയപ്പെ ട്ടിരിക്കുന്നു. ഖിയാമത്തിന്റെ മാതൃ കയിലുള്ള ഭൂകമ്പങ്ങൾ ആയിരിക്കു മെന്നും വിവരിക്കുന്നു. വിശുദ്ധ ഖുർ ആൻ 99 -ാം അദ്ധ്യായം തുടക്ക ത്തിൽ വിവരിച്ചത് പോലെയുള്ള ഭൂകമ്പം തന്നെയായിരിക്കുമെന്ന് ഉ റപ്പിച്ചു പറയാൻ എനിക്ക് സാധ്യമല്ല. ഇത് സാധാരണ ഭൂകമ്പം അല്ലാതി രിക്കാനും സാധ്യതയുണ്ട്.... ഈ ഭയ ങ്കരമായ വിപത്ത് മതപരമായ ഭിന്നിപ്പിന്റെ കാരണത്താലോ ക്രിസ്ത്യാനിയോ ഹിന്ദുവോ ആയി രിക്കുന്നത് കാരണമായോ ആരുടേ യെങ്കിലും മേൽ ആപതിക്കുന്നതല്ല. ആരെങ്കിലും എന്റെ അനുയായി വൃ ന്ദത്തിൽ പ്രവേശിച്ചിട്ടില്ലാത്തതി നാൽ സംഭവിക്കുന്നതുമല്ല. ഇവ രെല്ലാം ഈ അസ്വാസ്ഥ്യത്തിൽ നിന്നും മുക്തരാകുന്നു. ഏതെ ങ്കിലും മതവുമായി ബന്ധപ്പെട്ടവരാ യിരിക്കെ കുറ്റകൃത്യങ്ങളിൽ ഏർപ്പെ ടുന്ന സ്വഭാവക്കാരനും ചതിയിലും വഞ്ചനയിലും മുഴുകിയവനും, വ്യഭിചാരിയും കൊലയാളിയും കള്ളനും ദ്രോഹിയും എല്ലാ ഭൂകമ്പങ്ങളും കുറ്റകൃത്യങ്ങളുടെ ശിക്ഷയാണെന്ന് പറയാനാവില്ല. സമൂഹങ്ങൾ അധാർമികതയിൽ മുഴുകുമ്പോൾ അല്ലാഹുവിന്റെ പ്രവാചകന്മാർ പൊതുവിലും പ്രത്യേകമായും താക്കീത് നൽകി കൊണ്ട് ദൈവത്തിൽനിന്നുമുള്ള ശിക്ഷയെ പറ്റി താക്കീത് നൽകുക യും അപ്രകാരം സംഭവിക്കുകയും ചെയ്യുന്നു. ചിലപ്പോൾ ആ സമൂഹം പശ്ചാത്തപിച്ചു നേർ വഴിയിലാവു മ്പോൾ ശിക്ഷ ഒഴിഞ്ഞു പോവുക യും ചെയ്യുന്നു.

***എല്ലാ പ്രകൃതി ദുരന്തങ്ങളിൽ നിന്നും അല്ലാഹു നമ്മെ രക്ഷിക്കട്ടെ( ആമീൻ)***

---

പേജ് 25 ൽ നിന്ന് തുടർച്ച

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) അല്ലാതെ മറ്റാരും തന്നെ മഹ്ദി വാദം പുറപ്പെടുവിച്ചിരുന്നില്ല. അങ്ങനെ പതിനാലാം നൂറ്റാണ്ട് കഴിഞ്ഞ് കടന്നു. മുമ്പില്ലാത്ത വിധം മുസ്ലിംകൾ പതിനഞ്ചാം നൂറ്റാണ്ടി നെ അത്യാഹ്ലാദപൂർവം സ്വാഗതം ചെയ്യുകയും ചെയ്തു. ഇതൊരു അത്ഭുതമാണ്. കാരണം നബി (സ) തിരുമേനി യുടെ വിയോഗാനന്തരം ഇന്നുവരെ ഒരു നൂറ്റാണ്ടും മുസ്ലിം കൾ ഇത്വരെ ആഘോഷിച്ചിട്ടില്ല.

പതിനാലാം നൂറ്റാണ്ടിൽ നിങ്ങൾ വരുമെന്ന് പ്രതീക്ഷിച്ചു കൊണ്ടിരുന്ന നിങ്ങളുടെ മഹ്ദി വരാതെ നൂറ്റാണ്ടു കഴിഞ്ഞുപോ യെന്ന് ലോകത്തെ അറിയിക്കാൻ അല്ലാഹു ചെയ്ത ഒരേർപ്പാടാണ് ഈ ഹിജ്റ പതിനഞ്ചാം നൂറ്റാണ്ടാഘോഷം.

ഇത്തരുണത്തിൽ നമുക്ക് ആലിംകളോട് പറയാനുള്ളത്. പുതുമാരൻ വരുമ്പോഴാണ് ആൾ ക്കൂട്ടവും ആഘോഷവുമെല്ലാം നടക്കുന്നത്. നിങ്ങൾ പ്രതീക്ഷിച്ച ആൾ വന്നില്ല. പതിനഞ്ചാം നൂറ്റാണ്ട് ആരംഭിച്ചിട്ട് വർഷങ്ങളേറെ കഴിയു കയും ചെയ്തു. പുതുമാരനില്ലാത്ത കല്യാണം പോലെയാ ണോ നിങ്ങൾ നൂറ്റാണ്ടാഘോഷിച്ചത്?

പിന്നീട് ചില ആലിംകൾ പറഞ്ഞത് പതിനാലാം നൂറ്റാണ്ടിൽ മഹ്ദി ഇമാം വരുമെന്നുള്ള പ്രതീക്ഷ വെറും വ്യാമോഹവും അടിസ്ഥാനരഹിതവുമാണെന്നായിരുന്നു. സിഹാഹുസിത്തയിലെ ഒരു ഗ്രന്ഥത്തിലും അതില്ലത്രെ.

നമുക്ക് ചോദിക്കാനുള്ളത് മഹ്ദി ഇമാം പതിനാലാം നൂറ്റാണ്ടിൽ വന്നില്ല എന്നാണ് നിങ്ങൾ പറയുന്ന തെങ്കിൽ ആ നൂറ്റാണ്ടിൽ വരുന്ന മുജദ്ദിദ് എവിടെപോയി? ഒരോനൂറ്റാണ്ടിന്റേയും തലക്കൽ മുജദ്ദിദ് വരുമെന്ന വിശ്വാസം നിങ്ങൾക്കുണ്ടല്ലോ? പതിമൂന്ന് നൂറ്റാണ്ടുവരെ മുജദ്ദിദുമാർ വന്ന സ്ഥിതിക്ക് പതിനാലാം നൂറ്റാണ്ടിൽ എന്തുകൊണ്ട് മുജദ്ദിദ് വന്നില്ല? പതിനാലം നൂറ്റാണ്ടിൽ വരേണ്ട മഹ്ദിയെ കൈവിട്ട പോലെ ആ നൂറ്റാണ്ടിൽ വരേണ്ട മുജദ്ദിദിനേയും ഉപേക്ഷിച്ചോ?

ഇമാം മഹ്ദിക്ക് മുമ്പുള്ള അടയാളങ്ങൾ പൂർത്തിയായത് പോലെ അദ്ദേഹം വന്നതിന് ശേഷമുള്ള അടയാളങ്ങളും പൂർത്തിയായിരിക്കുന്നു. അതായത് ഇമാം മഹ്ദിയുടെ ആവിർഭാവത്തിന് റസൂൽ തിരുമേനി(സ) പ്രവചിച്ചി രുന്ന അടയാളത്തിലൊന്ന് ഒരു റമസാൻ മാസത്തിലുണ്ടാകുന്ന സൂര്യചന്ദ്ര ഗ്രഹണങ്ങളാണല്ലോ. ഹദ്റത്ത് അഹ്മദ് (അ) വാഗ്ദത്ത മസീഹാണെന്നും മഹ്ദിയാണെന്നും വാദിച്ചപ്പോൾ മുസ്ലിം പണ്ഡിത ന്മാർ ഇമാം മഹ്ദിയുടെ അടയാള മായി നബി (സ) പ്രവചിച്ച സൂര്യചന്ദ്രഗ്രഹണങ്ങൾ പൂർത്തി യാകാത്തതുകൊണ്ട് ( നഊദു ബില്ലാഹ്) അദ്ദേഹം വ്യാജ വാദിയാണെന്ന് പറഞ്ഞു തങ്ങളാ ലാവുംവിധം എതിർത്തുകൊണ്ടിരു ന്നു. എന്നാൽ പ്രസ്തുത അടയാളം അക്ഷരം പ്രതി പുലർന്നപ്പോൾ തഖ്വയുടെ മാർഗം അവലംബി ക്കാതെ അതിനെ നിഷേധിച്ചു.**’** (മജ്ലിസെ ഇർഫാൻ പേ 32 39 സംഗ്രഹം)

അങ്ങനെ ആലിംകൾക്കും അവരുടെ അധീനതയിലുള്ള ബഹു ഭൂരിപക്ഷം മുസ്ലിംകൾക്കും ഇമാം മഹ്ദിയെ സ്വീകരിക്കാനുള്ള ഭാഗ്യമില്ലാതെ വിശുദ്ധ ഖുർആനിൽ പറഞ്ഞ ***‘ഫലമ്മാ ജാഅക്കും മാ അറഫു കഫറു ബിഹി’*** തങ്ങൾ ശരിക്ക് പരിചിതമായ സത്യം അവർക്ക് വന്നുകിട്ടിയപ്പോൾ അതിനെ അവർ നിഷേധിക്കുക യാണ് ചെയ്തത് (2:90) എന്ന തിരുവചനത്തെ അവർ അന്വർഥ മാക്കുകയാണുണ്ടായത്.

# വാഗ്ദത്ത മസീഹ് (അ)
# ആര്യസമാജവുമായി നടത്തിയ തൂലികാ സമരം

**ആര്യസമാജവുമായി നടത്തിയ സംവാദങ്ങൾ വാഗ്ദത്ത മസീഹ് (അ)ന് അനുകൂലമായി മാറുകയായിരുന്നു. സത്യത്തിന് വേണ്ടി ശിക്ഷ ഏറ്റുവാങ്ങാൻ സന്നദ്ധനായി നീതി പീഠത്തിന് മുമ്പിൽ നിന്ന ആ സംഭവം ഹദ്റത്ത് അഹ്മദി(അ)ന്റെ ദിവ്യത്വത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണ്.**

എ. ക്യു. മഹ്ദി

ആര്യസമാജം വടക്കേ ഇന്ത്യയിലാണ് രൂപീകൃതമായത്. ഇതിന്റെ ആദ്യ ശാഖ 1875 ൽ ബോംബേയിൽ സ്ഥാപിതമായി. ഹൈന്ദവ വിശ്വാസികളിൽ ചില നവീന ആശയങ്ങൾ നടപ്പാക്കിക്കൊണ്ട് പണ്ഡിറ്റ് ദയാനന്ദ സരസ്വതിയാണ് ആര്യസമാജം സ്ഥാപിച്ചത്. ഇന്ത്യയിൽ പൊതുവേയും പഞ്ചാബിൽ പ്രത്യേകിച്ചും ദയാനന്ദ സരസ്വതി ഇതിന് ഏറെ പ്രചാരം നൽകാൻ ശ്രമങ്ങൾ ആരംഭിച്ചു. തെക്കെ ഇന്ത്യയിൽ ഈ സംഘടനക്ക് വേരോട്ടം ഉണ്ടായില്ല. പ്രത്യേകിച്ചും കേരളത്തിൽ. നാട്ടിലെ ഹിന്ദുക്കൾക്ക് ഇങ്ങനെ ഒരു സംഘടനയെ പറ്റി അറിയുക പോലുമില്ല. വടക്കെ ഇന്ത്യയിൽ തന്നെ അപൂർവം ചില ഭാഗങ്ങളിൽ ഇത് ഒതുങ്ങി നിന്നു. സ്വാമിജി പഞ്ചാബിൽ പര്യടനം നടത്തി, മുൽത്താൻ റാവൽപിണ്ഡി, ലാഹോർ, അമൃത്സർ, ജലന്തർ, ലുധിയാന തുടങ്ങിയ സ്ഥലങ്ങളിൽ ഈ സംഘടനയുടെ ആദ്യകാല പ്രവർത്തനങ്ങൾ ആരംഭിച്ചു. ഖാദിയാന്റെ പരിസരപ്രദേശങ്ങളാണ് ഇതൊക്കെയും.

ഒരു തരം മതമൗലിക തീവ്രവാദമായിരുന്നു ഈ സംഘടനയുടെ അജണ്ട. അതിനായി അവർ വേദങ്ങളെ കൂട്ടുപിടിച്ചിരുന്നു. ഹിന്ദുമതം ഒഴികെയുള്ള ഇതര മതങ്ങളെയൊന്നും അംഗീകരിക്കാൻ ഇവർ കൂട്ടാക്കിയില്ല. അക്കാലത്ത് ഹിന്ദുക്കളിൽ ഒരു വിഭാഗം ഈ നവീന പ്രസ്ഥാനത്തിൽ വളരെ ആകൃഷ്ടരായി തീർന്നു. സ്വാമിജിയും അനുയായികളും ഇസ്‌ലാമിനെതിരെ തിരിയുകയുണ്ടായി. ബ്രിട്ടീഷ് ഭരണ കാലത്തെ ക്രിസ്തീയ സ്വാധീനം ഭയന്ന് അക്കാലത്തെ ക്രൈസ്തവരോട് എതിർപ്പ് കാട്ടാനുള്ള ധൈര്യം ആര്യസമാജികർക്കുണ്ടായിരുന്നില്ല. ഇസ്‌ലാംമതത്തെ അതിരൂക്ഷമായി എതിർക്കുകയും ഇസ്‌ലാം മതസ്ഥാപകരെ അതിനിന്ദ്യമായി അധിക്ഷേപിക്കുകയും ചെയ്ത് തുടങ്ങിയപ്പോൾ ഈ പ്രസ്ഥാനത്തിന് നേരെ ഹദ്റത്ത് അഹ്മദ്(അ) ശ്രദ്ധ തിരിച്ചു. ഇസ്‌ലാമിക തത്ത്വങ്ങളുടെ യഥാർഥ നില വിശദീകരിച്ചുകൊണ്ട് അദ്ദേഹം തുടർച്ചയായി ലേഖനങ്ങളെഴുതി ഈ നീക്കത്തെ ചെറുക്കാൻ ശ്രമങ്ങൾ ആരംഭിച്ചു. അദ്ദേഹം ആഹ്വാനങ്ങളുടെ രൂപത്തിലാണ് എഴുതുവാൻ മുതിർന്നത്. അതുകൊണ്ട് തന്നെ ആ വാക്കുകൾ ജനശ്രദ്ധ പിടിച്ചു പറ്റുകയും പണ്ഡിതന്മാരുടെയും ചിന്തകന്മാരുടെയും ശ്രദ്ധക്ക് വിഷയീഭവിക്കുകയും അവരുടെ ഹൃദയങ്ങളിൽ അത് ചലനങ്ങളുണ്ടാക്കുകയും ചെയ്തു.

ബാംഗ്ലൂരിൽ നിന്ന് പുറപ്പെട്ടുകൊണ്ടിരിക്കുന്ന *മൻസൂറെ മുഹമ്മദി* എന്ന പത്രത്തിൽ ഹദ്റത്ത് അഹ്മദ് (അ) എഴുതിയ ഒരു ലേഖനം ഈ വിഷയത്തിൽ അതിപ്രധാനമായ ഒന്നായിരുന്നു. സത്യസന്ധതയാണ് എല്ലാ നന്മകളുടെയും ഉറവിടം. സത്യസന്ധതക്ക് ഒരു മതം നൽകുന്ന പ്രാധാന്യവും ശക്തിയുമാണ് മതത്തിന്റെ യഥാർഥ മൂല്യം നിർണയിക്കുന്നത്. ഇസ്‌ലാം സത്യത്തിന് നൽകുന്ന സ്ഥാനവും പ്രാധാന്യവും മറ്റൊരു മതവും നൽകുന്നില്ല. സത്യത്തെക്കുറിച്ച് ഇസ്‌ലാംമത ഗ്രന്ഥങ്ങൾ നൽകുന്ന പാഠത്തിൽ നിന്ന് താൻ സ്വീകരിക്കുന്നതിലധികമോ അത്രയെങ്കിലുമോ അതിൽ പകുതിയോ എന്തിന് കേവലം മൂന്നിലൊന്നോ ഉൽബോധനങ്ങൾ സ്വമതഗ്രന്ഥങ്ങളിൽ നിന്ന് ഉദ്ധരിച്ചു കാട്ടുന്ന ഏതൊരു വിമതസ്ഥനും, താൻ 500 രൂപ ഇനാം നൽകുന്നതാണെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. ഈ

ആഹ്വാനം സ്വീകരിക്കാനോ വെല്ലു വിളി നേരിടാനോ ഇതര മതങ്ങളിൽ പെട്ട ആരും തന്നെ തയ്യാറായില്ല. ഇനാം തുകയെന്നാൽ മൂല്യ വർധന യനുസരിച്ച് ഇന്നത്തെ ലക്ഷക്കണ ക്കിന് ഉറുപ്പികക്ക് തുല്യമാണു താനും.

ആത്മാക്കൾ അനന്തമാ ണെന്നും അവയുടെ എണ്ണം പരമേശ്വരന് (ദൈവം) പോലും അറിയുകയില്ലെന്നും സൂചിപ്പിച്ചു കൊണ്ട് ആര്യസമാജ സ്ഥാപകൻ വക്കീൽ എന്ന പത്രത്തിൽ ഒരു പ്രസ്താവന ചെയ്തപ്പോൾ അതൊ രു ദൈവദൂഷണമായി കരുതിയ ഹദ്റത്ത് അഹ്മദ് (അ) അമൃത്സ റിലെ *സഫീറെ ഹിന്ദ്* പത്രത്തി ലൊരു ലേഖന പരമ്പര പ്രസിദ്ധീ കരിച്ച് അതിന് യുക്തമായ മറുപടി നൽകുകയുണ്ടായി. മേൽ തത്ത്വം ശരിയാണെന്ന് സമർഥിക്കാൻ ആര്യസമാജ പണ്ഡിതന്മാരെ അദ്ദേഹം ക്ഷണിക്കുകയും അ ങ്ങനെ ചെയ്തു വിജയിക്കുന്ന വർക്ക് ഒരു വൻ തുക ഇനാം നൽകുന്നതാണെന്ന് പ്രഖ്യാപിക്കു കയും ചെയ്തു. ഈ ആഹ്വാനം പുറത്ത് വന്നപ്പോൾ ആര്യ സമാജ ക്കാരിൽ ഒരമ്പരപ്പാണുണ്ടായത്. ഹദ്റത്ത് അഹ്മദ് (അ) ഉന്നയിച്ച ന്യായ യുക്തികളുടെ അഖണ്ഡത കാരണം, ആര്യസമാജത്തിന്റെ പഞ്ചാബ് കേന്ദ്രകമ്മിറ്റി സെക്രട്ടറി ലാലാ ജീവൻ ദാസ് ഒരു പ്രസ്താവന പുറപ്പെടുവിക്കാൻ ബാദ്ധ്യസ്ഥനായി. ആ പ്രസ്താവന യിലൂടെ സ്വാമി ദയാനന്ദ സരസ്വതി യുടെ, ആത്മാക്കൾ അനന്തമാണെ ന്നും ഈശ്വരൻ പോലും അവയുടെ എണ്ണം അറിയില്ലെന്നുമുള്ള സിദ്ധാ ന്തത്തെ ലാലാ ജീവൻദാസ് തള്ളിപ്പ റയുകയും അത് ആര്യസമാജ പാഠങ്ങളിൽ നിന്നുള്ളതല്ല എന്നു കൂട്ടി ചേർക്കുകയും ചെയ്തു. സ്വാമി പറഞ്ഞത് മുഴുവൻ ഒരു യുക്തി വിചാരവും കൂടാതെ വിശ്വസിക്കുവാനും വിഴുങ്ങുവാ നും തങ്ങൾ തയ്യാറല്ലെന്നും പണ്ഡിറ്റ് ജീവൻ ദാസ് വ്യക്ത മാക്കി.

ഈ സംഭവങ്ങൾ നടക്കു മ്പോൾ സ്വാമി ദയാനന്ദ സരസ്വതി തന്റെ പ്രസ്ഥാനത്തിന് വേണ്ടി പഞ്ചാബിൽ പ്രചാരണ പര്യടനം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ആര്യസമാജം കേന്ദ്ര കമ്മിറ്റി അംഗമായ ലാലാ ജീവൻ ദാസിന്റെ, സ്വാമിജിയുടെ വാദങ്ങളെ നിഷേധി ച്ചുകൊണ്ടുള്ള പ്രസ്താവനയും ലോക്കൽ സെക്രട്ടറി ലാലാ നാരായൺ സിംഗിന്റെ പ്രസ്ഥാന ത്തിൽ നിന്നുള്ള പിന്മാറ്റവും സ്വാമിയുടെ അന്തസ്സിനും പദവി ക്കും ഏറ്റ കനത്ത ഒരു പ്രഹരം തന്നെയായിരുന്നു.

താമസിയാതെ സ്വാമി മറ്റൊരു വിവാദത്തിന് വഴിമരുന്നിട്ടു. എങ്ങനെയും ഇസ്ലാം മതത്തിനെ തിരെ ഹൈന്ദവ മതത്തെ പ്രകോപി പ്പിക്കുകയായിരുന്നു അദ്ദേഹത്തി ന്റെ ലക്ഷ്യം.

ഹിന്ദു എന്ന പേര് മുസ്ലിംകൾ വിദ്വേഷത്താൽ ദുഷ്ടാർഥത്തോടെ ഈ രാജ്യ ക്കാർക്ക് നൽകിയതാണെന്നും ആ നാമത്തിന്റെ അർഥം കള്ളൻ, കവർച്ചക്കാരൻ, വഞ്ചകൻ എന്നൊ ക്കെയാണെന്നും ഹിന്ദുക്കൾ തങ്ങളെ മേലിൽ ഹിന്ദു എന്നതിന് പകരം ആര്യ എന്നാണ് പറയേണ്ട തെന്നും സ്വാമി *സത്യാർഥ പ്രകാശ്* എന്ന പുസ്തകത്തിൽ പ്രസ്താവി ക്കുകയുണ്ടായി. 1875 ൽ ബനാറസ് സ്റ്റാർ പ്രസ്സിലച്ചടിച്ച സത്യാർഥ പ്രകാശ് ഹിന്ദി ഒന്നാം പതിപ്പിൽ കാണപ്പെട്ടിരുന്ന ഈ പ്രസ്താവന പിന്നീട് വന്ന പുതിയ പതിപ്പുകളിൽ നിന്നും ബോധപൂർവം ഒഴിവാക്ക പ്പെടുകയും ചെയ്തിരുന്നു. സത്യാർഥ പ്രകാശത്തിന് മലയാള വിവർത്തനം ഇറക്കിയിട്ടുണ്ട്. അതിലും വിവാദ വിഷയമായ ഈ ഖണ്ഡിക ഒഴിവാക്കിയിട്ടുണ്ട്. സ്വാമിയുടെ ഹിന്ദി വാചകം ശ്രദ്ധിക്കുക.

മുസൽ മാനോം നേ അദാവത്ത് സെ ആര്യോം കാ നാം ഹിന്ദു ഹിന്ദു രഖാ ഹൈ ഇസ്കെ മാനേ ഹൈ ദുഷ്ട് നീച്ച് ജഹലി ഔർ ഗുലാം. ഇസ് സെ യഹ് നാം ഭ്രഷ്ട് ഹൈ.... .

അടിസ്ഥാന രഹിതവും പ്രകോപനപരവുമായ ഈ പ്രസ്താ വന ശ്രദ്ധയിൽ പെട്ട ഉടൻ ഹദ്റത്ത് അഹ്മദ് (അ) അതിനെ ഖണ്ഡിച്ചു കൊണ്ട് അമൃത്സറിലെ വക്കീലെ ഹിന്ദ് പത്രത്തിലൊരു വിശദീകരണ ലേഖനം എഴുതി. ഹിന്ദു എന്ന പേർ ഇസ്ലാമിന്റെ ആവിർ ഭാവത്തിനും എത്രയോ മുമ്പ് തന്നെ പ്രചാരത്തി ലുണ്ടായിരുന്നതാണെന്ന് വളരെ പഴയ അറബി സാഹിത്യത്തിൽ നിന്ന് ഉദാഹരണങ്ങൾ സഹിതം അദ്ദേഹം തെളിയിച്ചു. സ്വാമിജിയാ കട്ടെ ഇതിന് മറുപടി നൽകാതെ മൗനത്തിന്റെ മാളത്തിൽ ഒളിച്ചു.

ഹദ്റത്ത് അഹ്മദ്(അ) നിരവധി തവണ ആര്യസമാജ സ്ഥാപകരായ സ്വാമി ദയാനന്ദ് സരസ്വതിയെ വിവാദത്തിന് ക്ഷണി ച്ചുവെങ്കിലും ഒരിക്കലും അദ്ദേഹ മതിന് തയ്യാറായിരുന്നില്ല. ഒടുവിൽ സ്വന്തം മാനം രക്ഷിക്കാൻ രംഗത്തിറങ്ങാതെ നിവർത്തിയില്ലെ ന്നായി സ്വാമിയ്ക്ക്. നിലവിലുള്ള ഓരോ വിവാദ രംഗങ്ങളിലൂടെ യുള്ള തന്റെ പരാജയമോരോന്നും സ്വാമിയെ വിഷമ ഘട്ടത്തിലാക്കി യെന്നതാണ് യാഥാർഥ്യം. ഈ അപമാനങ്ങളിൽ നിന്നൊക്കെ രക്ഷപ്പെടാൻ പുനർജന്മത്തെ കുറിച്ച് ഒരു വാദ പ്രതിവാദം നടത്താൻ ഹദ്റത്ത് അഹ്മദി(അ) നെ ക്ഷണിച്ചു കൊണ്ട് ഒരു കത്തയച്ചു. ആ മഹാത്മാവാകട്ടെ സ്വാമിജിയുടെ ക്ഷണവും വെല്ലുവി ളിയും സ്വീകരിച്ചു കൊണ്ട് ലാഹോറിലെ ബ്രദറെ ഹിന്ദ് പത്രത്തിൽ ഒരു തുറന്ന കത്ത് പ്രസിദ്ധീകരിച്ചു. വാദപ്രതിവാദത്തി ന്റെ നിബന്ധനകളും അദ്ദേഹം ഉന്നയിച്ചു. സാമിജിയുടെ ഭാഗത്ത് നിന്ന് മുമ്പുണ്ടായത് പോലെ ഇതിനും പ്രതികരണമൊന്നുമുണ്ടാ യില്ലെങ്കിൽ അദ്ദേഹം സ്വയം വമ്പു പറഞ്ഞ് ആര്യ സമാജികളെ സമാധാനിപ്പിക്കുകയാണ് ചെയ്യുന്ന തെന്ന് ധരിക്കേണ്ടി വരുമെന്നും പ്രസ്തുത കത്തിൽ ഹുസൂർ തിരു മനസ്സ് പ്രസ്താവിച്ചിരുന്നു. ഓരോ

വിവാദ വിഷയത്തിലും പരാജയം സംഭവിച്ച് എന്നാലത് സ്വയം സമ്മതിക്കാതെ മൗനഭാവം കൈ കൊള്ളുന്ന ദയാനന്ദ് സരസ്വതിയു ടെ ഈ രീതി ഇതിനകം പൊതു രംഗത്ത് വിമർശന വിധേയമാകാൻ തുടങ്ങി.

ഈ വിഷയത്തിൽ സ്വാമി ക്കെതിരെ ആദ്യമായി പ്രതികരിച്ചത് ബ്രദർ ഹിന്ദ് പത്രത്തിന്റെ പത്രാധി പരായിരുന്ന ശിവനാരായണനാണ്. വേദങ്ങളിൽ നിന്ന് പരസ്പര വിരുദ്ധമായ തത്ത്വങ്ങൾ എടുത്തു കാണിച്ച് അംഗങ്ങളിൽ ചിന്താ ക്കുഴപ്പം സൃഷ്ടിച്ച സ്വാമിയുടെ നേതൃത്വത്തെ ശിവനാരായൺ തള്ളി പറഞ്ഞു.

സ്വാമി ദയാനന്ദ സരസ്വതി യുടെ ദേഹ വിയോഗം അടുത്തിരി ക്കുന്നുവെന്ന് 1883 ൽ ഹദ്റത്ത് അഹ്മദി (അ) ന് ഒരു വെളിപാടു ണ്ടായി. ദയാനന്ദ സരസ്വതി മരിച്ചു കഴിഞ്ഞതായിട്ടാണ് ഒരു ദിവ്യദർശ നത്തിൽ കണ്ടത്. ഈ ദർശന വിവരം ഹുസൂർ ഖാദിയാനിലെ പല ആര്യനേതാക്കന്മാരോടും മുൻകൂട്ടി പറയുകയും ചെയ്തിരുന്നു. അമൃത്സറിലെ ഒരു പ്രമുഖ ആര്യസമാജ പ്രവർത്തകനായി രുന്ന പണ്ഡിറ്റ് കടക് സിംഗ് 1878 ൽ ഖാദിയാൻ സന്ദർശിക്കുകയും ഹ്ദറത്ത് അഹ്മദു(അ)മായി ഒരു വിവാദം നടത്താൻ ആഗ്രഹിക്കുന്നു ണ്ടെന്ന് അറിയിക്കുകയും ചെയ്തി രുന്നു. വേദങ്ങൾ, ഖുർആൻ, പുനർജന്മം എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി നടത്തിയ ആ വിവാദ രംഗത്ത് വെച്ച് ഹദ്റത്ത് അഹ്മദ് (അ) വായിച്ച പ്രബന്ധ ത്തിൽ, വിശുദ്ധ ഖുർആന്റെ മഹത്വം തെളിയിക്കുന്നതിന് വേദഗ്രന്ഥ ത്തിൽ നിന്ന് പതിനേഴ് ഉദ്ധരണി കൾ ഹുസൂർ എടുത്ത് കാട്ടുകയു ണ്ടായി. ആ വിവാദത്തിൽ പൂർണ മായും പരാജയം ഏറ്റു വാങ്ങിയ കടക് സിംഗ് ഒടുവിൽ ആര്യ സമാജത്തിൽ തന്നെ വിശ്വാസം നഷ്ടപ്പെട്ട് ക്രിസ്തു മതം സ്വീകരിക്കുകയാണ് ചെയ്തത്.

ഹദ്റത്ത് അഹ്മദ് (അ) നെ നേരിടാനായി ഖാദിയാനിലെ ആര്യ സമാജ പ്രവർത്തകർ ആശ്രയിച്ചിരു ന്ന ആര്യ നേതാവ് ഒടുവിൽ ആര്യ ധർമത്തിൽ അവജ്ഞയും അവി ശ്വാസവും പ്രകടിപ്പിച്ചു കൊണ്ട് നീരസപൂർവം അതിന്റെ എതിരാളിയായി തിരിഞ്ഞത് ഹുസൂർ തിരുമനസ്സിന്റെ ഐന്ദ്ര ജാലികമായ തൂലികാ വിലാസ ത്തിന്റെ ഒരു ഉത്തമ ദൃഷ്ടാന്തമാ യിരുന്നു. ഒരു വർഷത്തിന് ശേഷം 1879 ൽ ബ്രഹ്മ സമാജം നേതാവും പത്ര പ്രവർത്തകനുമായ പണ്ഡിറ്റ് വേദ നാരായണൻ അഗ്നി ഹോത്രിയുമായും ദിവ്യവെളിപാടു കൾ എന്ന വിഷയത്തിൽ ഒരു വിവാദം നടത്തുകയുണ്ടായി. ഈ ബ്രഹ്മ സമാജികളും വാചിക വെളിപാടുകളിൽ വിശ്വസിക്കുന്ന വരായിരുന്നില്ല. എന്നാൽ വിവാദ രംഗത്ത് വെച്ച് തന്നെ പരാജയം ഏറ്റു വാങ്ങിയ അഗ്നിഹോത്രി ക്കും പണ്ഡിറ്റ് കടകിന്റെ തന്നെ അനുഭവമാണുണ്ടായത്. അയാളും ഉപേക്ഷിച്ചു തന്റെ ബ്രഹ്മ സമാജം. എന്നാൽ മറ്റൊരു വിചിത്ര അവതാരത്തിലാണ് അഗ്നി ഹോത്രി വീണ്ടും അഭയം തേടിയത്. വെളിപാടുകളെ നിഷേധിച്ച അയാൾ ഇപ്പോൾ തനിക്കും വെളിപാടുകൾ ഉണ്ടാവാറുണ്ടെന്ന് വാദിക്കുകയുണ്ടായി. പിന്നീട് ആ മനുഷ്യൻ ബ്രഹ്മസമാജത്തിന് പകരം മറ്റൊരു പുതിയ സംഘടനക്ക് രൂപം നൽകുകയു ണ്ടായി. അതിന്റെ പേര് **'ദേവസമാജം'** എന്നായിരുന്നു.

സമാജങ്ങളുടെ ഒരു നിരതന്നെ ഇതിനകം രൂപം കൊണ്ടി രുന്നു. ആര്യസമാജം, ബ്രഹ്മ സമാജം, ദേവസമാജം!

ഹദ്റത്ത് അഹ്മദ് (അ) ആര്യസമാജക്കാരുടെയും ക്രിസ്ത്യാനികളുടെയും ആക്ഷേപ ങ്ങൾക്ക് തക്ക മറുപടി നൽകുകയും ഇസ്‌ലാമിന്റെ ശ്രേഷ്ഠത തെളിയിച്ചു കാട്ടുകയും ചെയ്തുകൊണ്ടിരുന്ന തിനാൽ ആ രണ്ടു കൂട്ടരും അദ്ദേഹ ത്തിന്റെ കഠിന ശത്രുക്കളായി മാറി. അവരിൽ ചിലർ ഹുസൂറിനെതിരെ ചില കുടില തന്ത്രങ്ങൾ മെനഞ്ഞു കൊണ്ടിരുന്നു. അങ്ങനെയാണ് തികച്ചും നിർഭാഗ്യകരമായ ഒരു സംഭവം ഉണ്ടാവുന്നത്.

1877 ലാണ് ആ സംഭവം ഹദ്റത്ത് അഹ്മദ് (അ) വക്കീൽ എന്ന പത്രത്തിന് ഒരു ലേഖനം തപാലിൽ അയച്ചു. ലേഖനം ബുക്ക്പോസ്റ്റ് നിരക്കിൽ സ്റ്റാമ്പ് പതിച്ചാണ് പോസ്റ്റ് ചെയ്തത്. എന്നാൽ ലേഖനത്തോടൊപ്പം അത് സംബ ന്ധിച്ച് ചില നിർദേശങ്ങളടങ്ങിയ ഒരു കത്തും അദ്ദേഹം അടക്കം ചെയ്തിരുന്നു. ബുക്ക് പോസ്റ്റിനു ള്ളിൽ ഇങ്ങനെയൊരു കത്ത് വെക്കുന്നത് അന്നും ഇന്നും പോസ്റ്റോഫീസ് ചട്ടങ്ങൾക്കെതി രാണ്. എന്നാൽ ഇത് നിയമ വിരുദ്ധമാണെന്നറിയാതെയാണ് ഹുസൂർ അങ്ങനെ ചെയ്തത്. ബ്രിട്ടീഷ് കാലമാണ്. ചെറിയ കുറ്റങ്ങൾക്ക് പോലും ഗവൺമെന്റ് കടുത്ത ശിക്ഷകൾ നൽകിയിരുന്ന കാലം. ഈ പോസ്റ്റൽ കുറ്റങ്ങൾക്ക് അന്നത്തെ കുറഞ്ഞ ശിക്ഷ 500 രുപ പിഴയോ ആറു മാസം കഠിന ശിക്ഷയോ ആണ്.

വക്കീൽ പത്രം അച്ചടിച്ചിരു

ഹദ്റത്ത് അഹ്മദ് (അ) നെ നേരിടാനായി ഖാദിയാനിലെ ആര്യസമാജ പ്രവർത്തകർ ആശ്രയിച്ചിരുന്ന ആര്യ നേതാവ് ഒടുവിൽ ആര്യ ധർമത്തിൽ അവജ്ഞയും അവിശ്വാസവും പ്രകടിപ്പിച്ചു കൊണ്ട് നീരസപൂർവം അതിന്റെ എതിരാളിയായി തിരിഞ്ഞത് ഹുസൂർ തിരുമനസ്സിന്റെ ഐന്ദ്രജാലികമായ തൂലികാ വിലാസ ത്തിന്റെ ഒരു ഉത്തമ ദൃഷ്ടാന്തമായിരുന്നു.

ന്നത് റലിയാ റാം എന്ന് പേരുള്ള ക്രിസ്തീയ പ്രവർത്തകന്റെ ഉടമസ്ഥതയിലുള്ള പ്രസ്സിലായിരുന്നു. ഒരു അഡ്വക്കേറ്റ് കൂടിയായ അയാൾ ഒരു കടുത്ത മത ഭ്രാന്തനും ഒരു മുസ്ലിം വിരോധിയുമായിരുന്നു. ഈ പോസ്റ്റൽ സംഭവം ഹദ്റത്ത് അഹ്മദ് (അ)നെ കുടുക്കാനുള്ള ഒരു സുവർണാവസരമായി അയാൾ കരുതി. ഇതൊരു നിയമ ലംഘന പ്രശ്നമായി പെരുപ്പിച്ച് ഇക്കാര്യം തപാലധികൃതരുടെ ശ്രദ്ധയിൽ അദ്ദേഹം കൊണ്ട്വന്നു. പോസ്റ്റലധികൃതർ ഹദ്റത്ത് അഹ്മദി (അ) ന്റെ നേരെ കേസ് ചാർജ് ചെയ്യുകയും ചെയ്തു. വിശദീകരണം ബോധിപ്പിക്കാൻ അധികൃതരുടെ മുമ്പാകെ ഹാജരാവാൻ ഉത്തരവിടുകയും ചെയ്തു.

ഈ വിഷയത്തിൽ നിയമോപദേശം തേടിക്കൊണ്ട് ഹദ്റത്ത് അഹ്മദ് (അ) ഗുരുദാസ്പുരിലെ ചില വക്കീലന്മാരെ സമീപിച്ചു. ശിക്ഷയിൽ നിന്ന് രക്ഷപ്പെടാൻ യാതൊരു പോം വഴിയുമില്ലെന്ന് അവർ അറിയിച്ചു. എന്നാൽ രക്ഷപ്പെടാൻ ഒരു മാർഗവും ഇല്ലാതെയുമില്ല. കത്ത് ലേഖനത്തോടൊപ്പം വെച്ചിരിന്നുവെന്ന് തെളിയിക്കാൻ സാധ്യമല്ലാത്തതിനാൽ അങ്ങനെ അടക്കം ചെയ്തിട്ടില്ലെന്ന് നിഷേധിച്ച് പറയുന്ന പക്ഷം ശിക്ഷയിൽ നിന്ന് ഒഴിവാകാമെന്നും വക്കീലന്മാർ ഉപദേശിച്ചു. കോടതിക്ക് വേണ്ടത് തെളിവാണല്ലോ. എന്നാൽ ഹദ്റത്ത് അഹ്മദ് (അ) ഒരിക്കലും അതിന് തയ്യാറായിരുന്നില്ല. സത്യത്തിന്റെ പാതയിൽ അണുകിടപോലും വ്യതിചലിക്കാൻ തനിക്ക് ആവില്ലെന്നാണ് ആ മഹാത്മാവ് അറിയിച്ചത്. അദ്ദേഹം ആ കത്ത് അടക്കം ചെയ്ത വിഷയം നിഷേധിക്കില്ല എന്ന് റലിയാ റാമിന് ഉറപ്പുണ്ടായിരുന്നു. അതുകൊണ്ടാണ് അയാൾ തപാൽ അധികാരികളിലൂടെ ഹുസൂറിനെതിരെ കേസിന് പോയതും. കുറ്റകരമാണെന്ന് അറിയാതെയാണെങ്കിൽ പോലും താൻ കത്ത് അടക്കം ചെയ്തത് ഒരു യാഥാർഥ്യമായിരിക്കെ അതെങ്ങനെ നിഷേധിക്കും? കേസ് ജയിക്കാൻ വേണ്ടി മാത്രം എന്തിന് കള്ളം പറയണം? എന്തു വില കൊടുക്കേണ്ടിവന്നാലും എന്ത് ശിക്ഷ ഏറ്റെടുക്കേണ്ടി വന്നാലും സത്യത്തെ ബലികഴിക്കാനും ആ പുണ്യാത്മാവിന് കഴിയുമായിരുന്നില്ല. അദ്ദേഹത്തിന് നിയമോപദേശം നൽകിയ വക്കീലിന്റെ പേര് അലി അഹ്മദ് എന്നായിരുന്നു. തനിക്ക് ഈ കേസ് വാദിക്കാനാവില്ല എന്ന് പറഞ്ഞ് അദ്ദേഹം കൈയൊഴിയുകയും ചെയ്തു.

മിർസാ ഗുലാം അഹ്മദ് (അ) ഒരു ഭീരുവായിരുന്നില്ല. കർമധീരനായ അദ്ദേഹം നേരിട്ട് കേസ് വാദിക്കാനുള്ള ഒരുക്കത്തോടെ തന്നെ ഗുരുദാസ്പൂർ കോടതിയിൽ ഇംഗ്ലീഷുകാരനായ ന്യായാധിപന് മുന്നിൽ ഹാജരായി..

തപാൽ ഉരുപ്പടി തന്റേത് തന്നെയെന്നും പായ്ക്കറ്റിൽ കത്ത് അടക്കം ചെയ്തത് സത്യമാണെന്നും ഹദ്റത്ത് അഹ്മദ് (അ) കോടതിയിൽ ബോധിപ്പിച്ചു. അദ്ദേഹത്തിന്റെ ഈ സത്യവാങ് പ്രസ്താവന കേട്ട് കോടതിയിലുണ്ടായിരുന്ന മറ്റ് വക്കീലന്മാർ ഹാസ്യ ഭാവത്തിൽ ചിരിച്ചു. സത്യം പറഞ്ഞും പറയിച്ചും ശീലമില്ലാത്ത അവരിൽ ചില വക്കീലന്മാർക്ക് ഉറപ്പായിക്കഴിഞ്ഞിരുന്നു ഹദ്റത്ത് അഹ്മദി (അ)ന് ഉടൻ തന്നെ ശിക്ഷ ലഭിക്കുമെന്ന്.

ഹുസൂർ കോടതിയിൽ തന്റെ മൊഴി തുടർന്നു. കത്ത് അടക്കം ചെയ്തുവെങ്കിലും ഗവൺമെന്റിനോ തപാൽ വകുപ്പിനോ എന്തെങ്കിലും നഷ്ടം വരുത്തണമെന്ന യാതൊരു ദുരുദ്ദേശ്യവും എനിക്കുണ്ടായിരുന്നില്ല. മാത്രമല്ല കത്തിന്റെ ഉള്ളടക്കം ലേഖനത്തിലെ ഒരു നിർദേശം മാത്രമാകയാൽ അത് ലേഖനത്തിൽ നിന്ന് ഭിന്നമല്ലെന്നുമാണ് താൻ കരുതിയത്, ഹുസൂർ മൊഴിയിൽ കൂട്ടിച്ചേർത്തു.

അന്ന് കോടതിയിലരങ്ങേറിയ രംഗങ്ങളെ പറ്റി, റൂഹാനീ ഖസായിൽ എന്ന തന്റെ പുസ്തകത്തിലൂടെ ഹുസൂർ തിരുമനസ്സ് പറഞ്ഞത്, അദ്ദേഹത്തിന്റെ സ്വന്തം വാക്കുകളിൽ തന്നെ കേൾക്കാം.

എന്റെ മൊഴിയിലെ വാക്കുകൾ കേട്ട മാത്രയിൽ ആ ഇംഗ്ലീഷുകാരനായ ന്യായാധിപന്റെ ഹൃദയത്തിൽ അല്ലാഹു എന്റെ നേരെ അലിവുണ്ടാക്കി. എനിക്കെതിരിൽ തപാലുദ്യോഗസ്ഥൻ ഇംഗ്ലീഷിൽ വാചാലമായി വിഷയങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. അതൊന്നും എനിക്ക് മനസ്സിലായതുമില്ല. എന്നാൽ തപാൽ ഉദ്യോഗസ്ഥന്റെ ഓരോ വാദത്തിന് ശേഷവും ന്യായാധിപൻ നോ ... നോ എന്ന് പറഞ്ഞ് കൊണ്ട് ഒക്കെയും നിഷേധിക്കുന്നത് മാത്രം എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഒടുവിൽ ആ പോസ്റ്റൽ ഉദ്യോഗസ്ഥൻ തന്റെ വാദമുഖങ്ങളെ കുറേ കൂടുതൽ ശക്തമായി ഉന്നയിക്കുകയും, തന്റെ ആവനാഴിയിലെ അവസാനത്തെ അസ്ത്രവും എനിക്കെതിരെ പ്രയോഗിക്കുകയും ചെയ്തു.

പുസ്തകത്തിലെ വരികൾ തുടരുന്നു. ന്യായാധിപൻ വിധിയെഴുതാൻ തുടങ്ങി. ഒന്നോ രണ്ടോ വരി എഴുതിക്കഴിഞ്ഞതിന് ശേഷം അദ്ദേഹം മുഖമുയർത്തി എന്റെ നേരേ നോക്കി പറഞ്ഞു. ശരി അങ്ങയെ ഞാൻ വെറുതെ വിട്ടിരിക്കുന്നു.

ഞാൻ മെല്ലെ കോടതി മുറിയിൽ നിന്ന് പുറത്തു വന്നു. കരുണാ മൂർത്തിയായ ദൈവത്തിന് നന്ദി പറഞ്ഞു. സർവ ശക്തൻ തപാലുദ്യോഗസ്ഥനെതിരിൽ ആ ഇംഗ്ലീഷ് ന്യായാധിപനിലൂടെ എനിക്ക് വിജയം നൽകി. സത്യസന്ധതയുടെ അനുഗ്രഹത്താലാണ് അല്ലാഹു ആ രൂപത്തിൽ എനിക്ക് ഈ മോചനം സാദ്ധ്യമാക്കിയത് എന്ന് എനിക്ക് ഉറച്ച വിശ്വാസവുമായി.

ഇസ്ലാം മതത്തിന്റെ സത്യത്തിന്റേയും അഹ്മദിയ്യാ ജമാഅത്തിന്റെയും വിജയത്തിന് ഉത്തമ ദൃഷ്ടാന്തമായി, ഈ സംഭവം ചരിത്രത്തിൽ രേഖപ്പെട്ടുകിടക്കുന്നു.

# ഖലീഫ:

## ഭീതിയുടെ ആൾ രൂപമോ?
## സ്വർഗീയ ശാന്തിയുടെ ഉറവിടമോ?

മുഊൻ അഹ്മദ് സിദ്ദീഖ്, പഴയങ്ങാടി

ലോകത്തെ ബഹുഭൂരി ഭാഗം മുസ്‌ലിംകൾക്കും ഇന്നു നടക്കുന്ന തീവ്രവാദ പ്രവർത്തനവുമായി യാതൊരു ബന്ധവുമില്ല. അവരിൽ ഭൂരിഭാഗവും സമാധാനത്തിനു വേണ്ടി നിലകൊള്ളുന്നവരാണ്. മുസ്‌ലിംകളിൽ ഒരു ചെറു ന്യൂന പക്ഷം ഇസ്‌ലാമിനെ ദുർവ്യാഖ്യാനിച്ചുകൊണ്ട് കലാപത്തിന്റെ പാതയിൽ പ്രവർത്തിക്കുന്നുണ്ട്. അവരുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ഇസ്‌ലാമിനെ വിലയിരുത്തരുത്. ഭൂരിപക്ഷ മുസ്‌ലിംകളെ, തീവ്രവാദികളായ മുസ്‌ലിംകളുടെ പരിപ്രേക്ഷ്യത്തിൽ കാണുകയുമരുത്. ഇവിടുത്തെ മുഖ്യധാരാ മാധ്യമങ്ങൾ ഇസ്‌ലാമിക തീവ്രവാദം കൈകാര്യം ചെയ്യാൻ കാണിക്കുന്ന താൽപ്പര്യത്തിന്റെ പകുതി പോലും, ഇസ്‌ലാമിക സംഘടനകൾ സമാധാനം പ്രചരിപ്പിക്കാൻ ശ്രമിക്കുന്നത് വാർത്തയാക്കാൻ കാണിക്കാറില്ല എന്നതാണ് വാസ്തവം. ഖിലാഫത്ത് വിഷയത്തിലും ഈ ഇരട്ടത്താപ്പ് നമുക്ക് കാണാവുന്നതാണ്. ഒരു ഗർഭകാലം മുൻപ് ഐ എസ് ഐ എസ് അവരുടെ ഖലീഫയെ പ്രഖ്യാപിച്ചത് മാധ്യമങ്ങൾ ആഘോഷമാക്കിയപ്പോൾ ഒരു നൂറ്റാണ്ട് പിന്നിട്ട അഹ്മദിയ്യാ ഖിലാഫത്തിന്റെ വാർത്ത അർഹിക്കുന്ന പ്രാധാന്യത്തോടെ ഇവിടുത്തെ മാധ്യമങ്ങൾ നൽകിയിരുന്നില്ല. എന്നാൽ ഒരു സത്യന്വേഷിയെ സംബന്ധിച്ചിടത്തോളം ഇസ്‌ലാമിക ഖിലാഫത്ത് എങ്ങനെ ആയിരിക്കണം എന്ന് വിലയിരുത്താൻ കഴിഞ്ഞ പത്തുമാസം കൊണ്ട് സാധിച്ചിട്ടുണ്ടാകും. ഐ എസ് ഐ എസിന്റെ സ്വയം പ്രഖ്യാപിത ഖലീഫ അബൂബക്കർ ബാഗ്ദാദി സമാധാന കാംക്ഷികളുടെ ഹൃദയങ്ങൾ സംഭീതമാക്കുമ്പോൾ, യഥാർഥ ഇസ്‌ലാമിക ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) 200 ൽ പരം രാജ്യങ്ങളിൽ കോടിക്കണക്കിന് ജനങ്ങളുടെ ഹൃദയങ്ങൾ കീഴടക്കി തന്റെ ജൈത്രയാത്ര തുടരുകയാണ്.

ഇസ്‌ലാമിന്റെ വിജയം അല്ലാഹുവിന്റെ വാഗ്ദാനമാണെങ്കിൽ അത് ഒരിക്കലും അക്രമത്തിലൂടെ നേടിയെടുക്കേണ്ട ആവശ്യമില്ല. മറിച്ച് സമാധാനത്തിന്റെ പാതയിലൂടെ നേടുന്ന വിജയമാണ് ദൈവീക പ്രസ്ഥാനത്തിന് എന്നും ഭൂഷണ മായിതീരുക. ആയതിനാൽ ഇസ്‌ലാമിന്റെ വിജയത്തിന് എന്ന പേരിൽ നടത്തപ്പെടുന്ന അക്രമണങ്ങൾ തീർച്ചയായും പരാജയത്തിൽ ചെന്നു അവസാനിക്കുന്നതായിരിക്കും. ഇസ്‌ലാമിക ചരിത്രത്തിൽ ഉമറിന്റെ ഭരണം അമുസ്‌ലിംകൾക്ക് പോലും ആശ്വാസമായിരുന്നെങ്കിൽ ബാഗ്ദാദിയുടെ ഭരണത്തിൽ മുസ്‌ലിംകൾ തന്നെയും പരിഭ്രാന്തരാണ്. എന്നാൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ ഒരേ സമയം അല്ലാഹുവിനോടും സമസൃഷ്ടികളോടുമുള്ള സേവനത്തിൽ മുഴുകിയിരിക്കുന്ന ഒരു നേതാവിനെയും അവരുടെ അനുയായികളെയും കാണാം. ഇവിടെ നിങ്ങൾക്ക് ഒരേസമയം തന്റെ വിശ്വാസത്തോടും രാജ്യത്തോടും സ്നേഹവും ആദരവും വച്ചുപുലർത്തുന്ന ഒരു ജനവിഭാഗത്തെ കാണാം. റസൂൽ (സ)യോടും വി. ഖുർആനോടും അങ്ങേയറ്റത്തെ ആദരവ് വച്ചുപുലർത്തുന്ന വിശ്വാസസമൂഹത്തെ കാണാം. ദൈവികമായ ശാന്തിയുടെയും സമാധാനത്തിന്റെയും ആത്മീയ വിഭൂതിയുടെ മുദ്രകൾ മിർസാ മസ്റൂർ അഹ്മദ്

ഇസ്‌ലാമിക ചരിത്രത്തിൽ ഉമറിന്റെ ഭരണം അമുസ്‌ലിംകൾക്ക് പോലും ആശ്വാസമായിരുന്നെങ്കിൽ ബാഗ്ദാദിയുടെ ഭരണത്തിൽ മുസ്‌ലിംകൾ തന്നെയും പരിഭ്രാന്തരാണ്. എന്നാൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ ഒരേ സമയം അല്ലാഹുവിനോടും സമസൃഷ്ടികളോടുമുള്ള സേവനത്തിൽ മുഴുകിയിരിക്കുന്ന ഒരു നേതാവിനെയും അവരുടെ അനുയായികളെയും കാണാം. ഇവിടെ നിങ്ങൾക്ക് ഒരേസമയം തന്റെ വിശ്വാസത്തോടും രാജ്യത്തോടും സ്നേഹവും ആദരവും വച്ചുപുലർത്തുന്ന ഒരു ജനവിഭാഗത്തെ കാണാം.

(അയ്യദഹു) നേതൃത്വം നൽകുന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ ദർശി ക്കാം.

അല്ലാഹു വിശുദ്ധ ഖുർ ആനിൽ പറയുന്നു, ***നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർ മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യു ന്നവരോട്, അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയത് പോലെ തീർച്ചയായും അവരെയും ഭൂമി യിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടു ത്തികൊടുക്കുകയും, അവരുടെ ഭയത്തിനുശേഷം രക്ഷയും സമാ ധാനവും അവർക്ക് പകരം നൽകു കയും ചെയ്യുന്നതാണെന്ന് അല്ലാ ഹു വാഗ്ദാനം ചെയ്തിരിക്കുന്നു*** (വിശുദ്ധ ഖുർആൻ 24:56). അതുകൊണ്ടുതന്നെ ഖിലാഫത്ത് എന്നത് ആരാലും തടയപ്പെടാൻ സാധിക്കാത്ത ദൈവീക പ്രസ്ഥാന മാണ്. ബാഗ്ദാദി ഖിലാഫത്തുമായി യഥാർഥ ഇസ്‌ലാമിക ഖിലാഫത്തി നുള്ള പ്രകടമായ വ്യത്യാസവും ഇത് തന്നെയാണ്. മാത്രമല്ല, ഈ ഖിലാഫത്ത് പുനഃസ്ഥാപിക്കപ്പെട്ടത് പ്രവാചക ശ്രേഷ്ഠൻ മുഹമ്മദ് മുസ്തഫാ (സ)യുടെ പ്രവചന പ്രകാരവുമാകുന്നു. തിരുനബി (സ) പറഞ്ഞു: ***' അല്ലാഹു ഉദ്ദേശിക്കു ന്നിടത്തോളം കാലം നിങ്ങളിൽ നുബുവ്വത്ത് നിലനിൽക്കും. പിന്നീട് അവൻ ഉദ്ദേശിക്കുമ്പോൾ അതിനെ ഉയർത്തും. തുടർന്നു പ്രവാചകത്വത്തിന്റെ മാർഗത്തി ലുള്ള ഖിലാഫത്ത് നിലവിൽ വരും. അല്ലാഹു ഉദ്ദേശിക്കുന്ന കാലമത്ര യും അത് നിലനിൽക്കും. പിന്നെ അവൻ അതിനെ ഉയർത്തും. പിന്നീട് പരുക്കൻ ഭരണകൂടങ്ങൾ വരും. അല്ലാഹു ഇച്ഛിക്കുന്നിട ത്തോളം അത് നിലനിൽക്കും. അതിനു ശേഷം അത് എടുക്ക പ്പെടും. പിന്നീട് സ്വേച്ഛാധിപത്യ ഭരണകൂടങ്ങൾ വരും. അല്ലാഹു ഇച്ഛിക്കുന്നിടത്തോളം അത് നിലനിൽക്കും. പിന്നീട് അല്ലാഹു അതിനെ എടുത്തുകളയും. അതിനുശേഷം നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുന്നതാണ്. ഇതിനു ശേഷം നബി(സ) മൗനമവലംബി ച്ചു.'*** (മിശ്കാത്ത്).

റസൂൽ (സ)യുടെ മരണാ നന്തരം നാല് ഖലീഫമാർ തുടർച്ച യായി ഇസ്‌ലാമിനെ നയിക്കുകയു ണ്ടായി. നാലാമത്തെ ഖലീഫ ഹസ്രത്ത് അലി (റ) വധിക്കപ്പെട്ട തിനു ശേഷം ആത്മീയ ഖിലാഫ ത്ത് വ്യവസ്ഥിതി ഇസ്‌ലാമിനു നഷ്ടപ്പെടുകയാണുണ്ടായിട്ടു ള്ളത്. ഖുലഫാഉ റാശിദയ്ക്കു ശേഷം ഇസ്‌ലാമിൽ ഏകാധിപത്യ ഭരണം വന്നതായി ചരിത്രം രേഖപ്പെടു ത്തുന്നു. സ്വേച്ഛാധി പത്യത്തിന്റെ ക്രൂരതയ്ക്കു ഇസ്‌ലാം വിധേയമാ യതും ഈ കാലയള വിലാണ്. 1300 വർഷമായി മുസ്‌ലിംകൾക്ക് തിരികെ കൊണ്ടു വരാൻ കഴിയാതി രുന്ന ആ ഖിലാഫത്ത് വ്യവസ്ഥിതി യാണ് 1908ൽ മഹ്ദി ഇമാമിലൂടെ പുനഃസ്ഥാപിക്കപ്പെട്ടത്. ഖിലാഫ ത്തിന്റെ പുനഃസ്ഥാപനത്തെക്കുറി ച്ചുള്ള റസൂൽ (സ)യുടെ ദിവ്യ പ്രവചനം അദ്ദേഹത്തിന്റെ സത്യ സാക്ഷ്യത്തിനുള്ള തെളിവുകൂടിയാ ണ്. 1300 വർഷങ്ങൾക്കുശേഷം നടക്കാൻപോകുന്ന പ്രവൃത്തി യാദൃച്ഛികമായി പ്രവചിക്കുക അസാധ്യമാണ്, അതും ഇത്ര വ്യക്തമായ നിലയിൽ!!!

റസൂൽ (സ)യുടെ പ്രവച നം അഹ്മദിയ്യാ ഖിലാഫത്തിൽ പൂർത്തിയായോ എന്നറിയാൻ കഴിഞ്ഞ 100 വർഷത്തെ അഹ്മദി യ്യാ ഖിലാഫത്ത് ചരിത്രം നിരീക്ഷ ണങ്ങൾക്ക് വിധേയമാക്കിയാൽ മതി. 1908ൽ ഈ ഖിലാഫത്തിന്റെ രൂപീകരണം ഒരുപാട് വെല്ലുവിളി കളെ അതിജീവിച്ചു കൊണ്ടായിരു ന്നു. വാഗ്ദത്ത മഹ്ദീ മസീഹിന്റെ മരണത്തോടുകൂടി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ അന്ത്യമാ കുമെന്ന് വിമർശകർ വിധിയെഴുതി. എന്നാൽ നുബുവ്വത്തിന്റെ മാർഗ ത്തിലുള്ള ഖിലാഫത്ത് പുനഃസ്ഥാ പിക്കപ്പെടുകയും ഖിലാഫത്തിൽ പ്രവേശിക്കുന്നവരുടെ എണ്ണം ദിനം പ്രതി വർധിക്കുകയുമാണുണ്ടായ ത്. 1914ൽ ഒന്നാം ഖലീഫ വഫാ ത്തായപ്പോൾ ചിലർ ജമാഅത്ത് വിട്ടുപോവുകയുണ്ടാ യി. എന്നാൽ മിർസാ മഹ്മൂദ് അഹ്മദി(റ)ന്റെ കീഴിൽ ജമാഅത്ത് കൂടുതൽ ശക്തിപ്പെടുകയാണു ണ്ടായത്. 1974ൽ മുസ്‌ലിം ഉലമാക്കൾ ഐകകണ്ഠ്യേന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെ ഇസ്‌ലാ മിൽ നിന്ന് പുറത്താക്കിയപ്പോൾ ലോകം അഹ്മദിയ്യാ ഖിലാഫത്തി ന്റെ ചരമക്കുറിപ്പിനായി കാതോർ ത്തു. മൂന്നാം ഖിലാഫത്തിന്റെ കീഴിൽ അവിടെയും അഹ്മദിയ്യ ത്തിന് വർധനവല്ലാതെ കോട്ടമൊ ന്നും സംഭവിച്ചില്ല. 1984ൽ അറസ്റ്റും വധഭീഷണിയും കാരണം നാലാം ഖലീഫ പാകിസ്താൻ വിട്ടപ്പോൾ ഖിലാഫത്തിന്റെ അന്ത്യമാണെന്നു ശത്രുക്കൾ പാടിനടന്നു. എന്നാൽ ഒരു ഫീനിക്സ് പക്ഷിയെപോലെ അഹ്മദിയ്യാ ഖലീഫ അവിടുന്നു പറന്നുയരുകയാണുണ്ടായത്. ഇന്ന് ലോകവ്യാപകമായി ഇസ്‌ലാമിനെ തിരെയുള്ള ശത്രുത വളരുകയും അതേ അളവിൽ അഹ്മദികളോ ടുള്ള മറ്റു മുസ്‌ലിം സംഘടന കളുടെ ശത്രുത ക്രമാതീതമായി വളരുകയും ചെയ്തിരിക്കുന്നു. എന്നാൽ മിർസാ മസ്റൂർ അഹ്മദി (അയ്യദഹു)ന്റെ കീഴിൽ അഹ്മദിയ്യാ ഖിലാഫത്ത് 100 വർഷം പിന്നിട്ടിരി ക്കുന്നു. ഇന്നു ലോകത്തെ ഏറ്റവും വലിയ സംഘടിത മുസ്‌ലിം വിഭാഗവും, ഏറ്റവും വേഗം വളരുന്ന മുസ്‌ലിം വിഭാഗവും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്താ ണ്. ഒരു അഹ്മദി ലോകത്ത് എവിടെയായാലും, അത് അമേരിക്ക യിലായാലും ആഫ്രിക്കയിലായാ ലും, ഇന്ത്യയിലായാലും ഇന്തോനേ ഷ്യയിലായാലും, പാകിസ്താനിലാ യാലും ജർമനിയിലായാലും, യു.കെയിൽ ആയാലും യു.എ.ഇ യിൽ ആയാലും അവന്റെ വിശ്വാസ പരമായ പ്രതിജ്ഞ (ബൈഅത്ത്) ഏക ഖിലാഫത്തിന്റെ കീഴിലായിരി ക്കും.

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ഖലീഫ ആയി തിരഞ്ഞെടുക്കപ്പെട്ട നാൾമുതൽ ഇസ്ലാമിന്റെ യഥാർഥ സന്ദേശം ലോകനേതാക്കൾക്ക് എഴുത്ത് മുഖേന എത്തിച്ചുകൊണ്ടിരിക്കുന്നു. സംഘർഷഭരിതമായ ലോകത്ത് ഒരു ലോകമഹായുദ്ധം ഒഴിവാക്കാൻ വേണ്ടി അദ്ദേഹം ലോകനേതാക്കളെ സമാധാനത്തിലേക്ക് ക്ഷണിക്കുന്നു. സമാധാന സന്ദേശവുമായി അദ്ദേഹം വിവിധ രാജ്യങ്ങളിലെ അസംബ്ലികളിലും പാർലമെന്റുകളിലും ആർമി ഹെഡ്കോർട്ടേഴ്സുകളിലും സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ഇസ്ലാമിനെ മറ്റു മതങ്ങളുടെമേൽ വിജയിപ്പിക്കുക എന്നത് കാലഘട്ടത്തിന്റെ ഇമാമിൽ അർപ്പിതമായിട്ടുള്ള കാര്യമാണ്. അതുകൊണ്ടു തന്നെ ഈ പ്രയാണത്തെ തടയുക ആരാലും സാധ്യമല്ല. സമാധാനത്തിന്റെ മാലാഖ മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ഇസ്ലാമിന്റെ യഥാർഥ സന്ദേശവുമായി ലോകത്തിന്റെ കോണുകളോളം സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. ഖലീഫയു ടെ നിയന്ത്രണത്തിൽ വിശ്വവ്യാപകമായി പ്രവർത്തിക്കുന്ന അഹ്മദിയ്യാ മുസ്ലിം ജമാഅത്തും ശാന്തിയിലധിഷ്ഠിതമായ യഥാർഥ ഇസ്ലാമിക അധ്യാപനങ്ങൾ ലോകത്താകമാനം പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നു. 2004ൽ ഖലീഫ തിരുമനസ്സ് തുടങ്ങിവെച്ച വാർഷിക രാഷ്ട്ര സമാധാന യോഗങ്ങൾ ജീവിതത്തിന്റെ വിവിധ തുറകളിൽ പ്രവർത്തിക്കുന്ന പ്രമുഖരെ ലോകസമാധാനത്തിനും ഐക്യത്തിനുമായി സമ്മേളിപ്പിച്ചു. ഇന്ന് ഈ പ്രവൃത്തി അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ കീഴിൽ ലോകവ്യാപകമായി നടത്തി വരുന്നു. 2009 മുതൽ ലണ്ടനിൽ വച്ചു നടക്കുന്ന പീസ് സിമ്പോസിയത്തിൽ, സമൂഹത്തിന്റെ വിവിധ മേഖലകളിൽ സേവന രംഗത്ത് ആഗോളതലത്തിൽ മികച്ചു നിൽക്കുന്നവരെ പീസ് അവാർഡ് നൽകി ആദരിച്ചു വരുന്നു. ഓരോ വർഷവും ഈ സിമ്പോസിയങ്ങൾ നിരവധി പ്രമുഖരെ ആകർഷിക്കുന്നുണ്ട്.

ഹസ്രത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ഇപ്പോൾ ലണ്ടൻ കേന്ദ്രമാക്കിയാണ് തന്റെ പ്രവർത്തനങ്ങളിൽ നിരതനായിരിക്കുന്നത്. ലോക അഹ്മദി മുസ്ലിംകളുടെ ആത്മീയ നേതാവെന്ന നിലയിൽ സമാധാന ത്തിന്റെയും സഹതാപത്തിന്റെയും ഇസ്ലാമിക ആദർശങ്ങൾ ഉയർത്തിപ്പിടിച്ചു കൊണ്ടുള്ളതാണ് അദ്ദേഹത്തിന്റെ പ്രവർത്തന ശൈലി. മനുഷ്യ സേവനം ലക്ഷ്യമാക്കികൊണ്ട് ഖലീഫ തിരുമനസ്സ് വിവിധ ലോകരാഷ്ട്രങ്ങൾ സന്ദർശിച്ചിട്ടുണ്ട്. അമേരിക്കൻ പ്രസിഡന്റ് ബരാക്ക് ഒബാമ, ബ്രിട്ടീഷ് പ്രധാനമന്ത്രി ഡേവിഡ് കാമറൂൺ, തുടങ്ങിയവർക്കയച്ച കത്തുകളെ സൂചിപ്പിച്ചുകൊണ്ട് ഹുസൂർ തിരുമനസ്സ് പറയുന്നു: എന്റെ കത്തുകൾക്ക് മേൽപറഞ്ഞ നേതാക്കൾ വല്ല വിലയും കൽപ്പിക്കുമോ എന്നത് മറ്റൊരുകാര്യമാണ്. അവരുടെ പ്രതികരണങ്ങൾ ഏത് തരത്തിലുള്ളതാകട്ടെ, ലോകത്തെമ്പാടുമുള്ള ലക്ഷോപലക്ഷം അഹ്മദി മുസ്ലിംകളുടെ ആത്മീയ നേതാവെന്ന നിലയിൽ അവരുടെ വിചാര വികാരങ്ങൾ ഞാൻ ലോകനേതാക്കളെ ധരിപ്പിക്കാൻ ഒരു ശ്രമം നടത്തിയിരിക്കുന്നു. മനുഷ്യകുലത്തോടുള്ള നിർവ്യാജസ്നേഹം മാത്രമാണിതിനെന്നെ പ്രേരിപ്പിക്കുന്നത്. ഒരു തരത്തിലുള്ള സ്വാർഥതാൽപര്യവും ഇതിൽ എനിക്കില്ല. മാനവസമൂഹത്തോടുള്ള കളങ്കമറ്റ ഈ സ്നേഹം മുഹമ്മദ് മുസ്തഫാ (സ) ആണ് എല്ലാ യഥാർത്ഥ മുസ്ലിംകളിലും അങ്കുരിപ്പിച്ചിരിക്കുന്നത്. മനുഷ്യരാശിക്കാകമാനം അദ്ദേഹം കാരുണ്യമായി അയക്കപ്പെട്ടിരിക്കുന്നു. ഞാൻ ഇത് പറയുമ്പോൾ, നിങ്ങൾ ഒരുപക്ഷേ, അത്ഭുതം കൂറിയേക്കാം. എങ്ങനെയാണ് മുസ്ലിം തീവ്രവാദികൾ നിരപരാധികളായ മനുഷ്യരെ ചുട്ടുകൊല്ലുന്നതെന്ന്, എങ്ങനെയാണ് പല മുസ്ലിം ഭരണകൂടങ്ങളും അധികാരഭ്രാന്ത് കൊണ്ട് അവരുടെ തന്നെ ജനങ്ങളെ കൂട്ടക്കൊല ചെയ്യുന്നത്? യഥാർഥ്യമെന്തെന്നാൽ, ഈ വക ദുഷ്കർമങ്ങൾ ഇസ്ലാമിക അധ്യാപനങ്ങൾക്ക് കടകവിരുദ്ധമത്രെ. യാതൊരു സാഹചര്യത്തിലും വിശുദ്ധ ഖുർആൻ തീവ്രവാദത്തിനും ഭീകരവാദത്തിനും അനുമതി നൽകുന്നില്ല.

ഒരു യഥാർഥ ഖലീഫ ഒരിക്കലും ലൗകിക സുഖലോലുപനായിരിക്കില്ല. ഗവൺമന്റ് സ്ഥാപനങ്ങളിൽ നിന്നോ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നോ കോർപ്പറേറ്റ് സ്ഥാപങ്ങളിൽ നിന്നോ പണമോ സംഭാവനയോ സ്വീകരിക്കുന്നതല്ല. ഇസ്ലാമിക മാനദണ്ഡമനുസരിച്ച് (ബൈത്തുൽ മാൽ സംവിധാനത്തിലൂടെ) വിശ്വാസികളിൽ നിന്നുമുള്ള വിഹിതത്തിൽ നിന്നുമാണ് ഓരോതുണ്ട് നാണയവും സമാഹരിക്കുന്നത്. ഐ. എസ്. ഐ. എസ് ഭീകരർ ജപ്പാനീസ് തടവുകാരെ വിട്ടുകൊടുക്കാൻ 200 മില്ല്യൺ ഡോളർ ആവശ്യപ്പെട്ടപ്പോൾ, ഇസ്ലാമിന്റെ യഥാർഥ ഖലീഫ നൂറുകണക്കിനു മില്യൺ ഡോളർ സൃഷ്ടിസേവനത്തിനായി ചെലവഴിക്കുന്നു. നൂറുകണക്കിനു ഹോസ്പിറ്റലുകൾ സ്ഥാപിച്ച് നിർധനരായവർക്ക് സൗജന്യ ചികിത്സ നൽകുന്നു. താലിബാൻ പെഷവാറിലെ പിഞ്ചുകുഞ്ഞുങ്ങളെ വിദ്യാലയത്തിനകത്തിട്ട് നിഷ്ഠൂരമായി കൊല്ലുമ്പോൾ ഹുസൂർ തിരുമനസ്സ് നൂറുകണക്കിന് വിദ്യാലയങ്ങൾ തുറന്ന് എല്ലാ വിശ്വാസാദർശങ്ങളിൽപെട്ട കുട്ടികളെയും സൗജന്യമായി പഠിപ്പിക്കുന്നു. അൽഖയ്ദ അവരുടെ തീവ്രവാദപ്രവർത്തനങ്ങൾക്കായി അസന്മാർഗിക പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ, നമ്മുടെ ഖലീഫ ഒരു സംഭാവന പോലും സ്വീകരിക്കാതെ മനുഷ്യത്വവും കാരുണ്യപരവുമായ അദ്ദേഹത്തിന്റെ സേവനങ്ങൾ വർധിപ്പിച്ചുകൊണ്ടേയിരിക്കുന്നു.

കുറിപ്പുകൾ

# യമൻ: കത്തിയെരിയുന്ന മറ്റൊരു പശ്ചിമേഷ്യൻ ഭൂമി

മുസാഫിർ




യമൻ! പുരാതന പ്രസിദ്ധമായ അറബ് നാഗരികത, പുഷ്ക്കലമായിരുന്ന ഈ ചരിത്ര ഭൂമിയും കണ്ണീരും ചോരയും ചാലിട്ടൊഴുകുന്ന മനുഷ്യമഹാദുരന്തങ്ങളുടെ ശപ്ത ഭൂമിയായി മാറിയിരിക്കുന്നു. സഊദി അറേബ്യയുമായി അതിർത്തി പങ്കിടുന്ന യമനിൽ ഇറാൻ പിന്തുണയുള്ള ശിയാവിഭാഗമായ ഹൂതി വിപ്ലവകാരികളുടെ ഭരണകൂടത്തിനെതിരെ സഊദിയുടെ നേതൃത്വത്തിൽ യു.എ.ഇ, ഖത്തർ, കുവൈത്ത്, ബഹ്റൈൻ, ജോർദാൻ, മൊറോക്കോ, സുഡാൻ, ഈജിപ്ത്, പാകിസ്താൻ എന്നീ ദശരാജ്യ സഖ്യം *ഓപ്പറേഷൻ ഡിസിസീവ് സ്റ്റോം* എന്ന പേരിട്ട് ആക്രമണം ആരംഭിച്ചിരിക്കുക യാണ്. മാർച്ച് 26 മുതൽ ആരംഭിച്ച സഊദി നേതൃത്വത്തിലുള്ള വ്യോമാക്രമണത്തിൽ 115 കുട്ടികൾ ഉൾപ്പെടെ 550 സിവിലിയന്മാർ കൊല്ലപ്പെട്ടതായി ഐക്യ രാഷ്ട്രസഭ പറയുന്നു. ഒന്നരലക്ഷം ജനങ്ങൾ വീടു കളിൽ നിന്ന് മാറ്റി പാർപ്പിക്കപ്പെട്ടു. ഒരു മുസ്ലിം രാഷ്ട്രത്തിന് മറ്റ് മുസ്ലിം രാജ്യങ്ങളിൽ നിന്നുള്ള സാഹോദര്യ സമ്മാനം!! പരമ ദരിദ്രരമായ യമന് സഊദിയിൽ നിന്നുള്ള ഈ ആക്രമണം സഹിക്കാവുന്നതിലേറെയാണ്. യമൻ ആക്രമിക്കപ്പെടുന്നത് ആരുടെ താൽപര്യം സംരക്ഷിക്കാനാണ്.....?

യൂറോപ്പിനേയും ഏഷ്യയേയും ബന്ധിപ്പിക്കുന്ന എണ്ണ ചരക്കുഗതാഗത ജലപാതയായ ചെങ്കടലിനരികെയുള്ള യമനിൽ ഇറാൻ ആഭിമുഖ്യമുള്ള ഭരണകൂടം വാഴുമ്പോൾ അത് മേഖലയിലെ രാഷ്ട്രീയ സാമ്പത്തിക സമവാക്യങ്ങളെയാകമാനം മാറ്റിമറിക്കും. അയൽ രാജ്യമായ സഊദി അറേബ്യക്ക് അസ്വസ്ഥതയുണ്ടാക്കുന്ന ഒരു ഗതിമാറ്റമാണിത്. ഇതിന് പിന്നിലുള്ള രാഷ്ട്രീയ നാടകങ്ങൾ ഇനിയും വ്യക്തമാകേണ്ടതുണ്ട്. അയൽ രാജ്യമായ യമനിലെ ശിയാ ഹുദി ഭരണകൂടത്തെ എന്ത് വില കൊടുത്തും തടഞ്ഞ് തൽസ്ഥിതി നിലനിർത്തുക എന്നത് സഊദി അറേബ്യയുടെ അടിയന്തിരാവശ്യമാണ്. പക്ഷേ അമേരിക്ക ഹൂദി ഭരണത്തോട് ഇപ്പോൾ അനുവർത്തിക്കുന്ന മൃദു

സമീപനം ദുരൂഹമാണ്. തുടക്കത്തിൽ സഊദിക്കൊപ്പം നിന്ന അമേരിക്ക ഇറാഖിൽ ഐ എസ് ഐ തീവ്രവാദികൾ അവിടത്തെ അതിവേഗം ആക്രമിച്ചു കയറുമ്പോൾ സൗകര്യപൂർവം പിന്മാറിയ ഇറാഖിലെ ശിയാ അനുകൂല മാലികി ഭരണകൂടത്തെ അനുസ്മരിക്കുന്ന വിധമാണ് യമനിലെ മുൻ പ്രസിഡന്റ് അലി അബ്ദുല്ലാ സാലിഹിന്റെ പിണിയാളുകൾക്ക് വ്യക്തമായ മേൽകൈ ഉണ്ടായിരുന്ന യമൻ ഭരണകൂടം ശിയാക്കളായ ഹൂദി കലാപ കാരികൾക്കായി ഭരണം ഒഴിഞ്ഞു കൊടുത്തത്. അദ്ദേഹം പുറമേ ഹൂദികളെ എതിർത്തിരുന്നുവെങ്കിലും രഹസ്യമായി അമേരിക്കക്കും ഇറാനുമൊപ്പം നിന്ന് ശിയാ ഹൂദികളെ സഹായിക്കുകയായിരുന്നു എന്ന് ആരോപിക്കപ്പെടുന്നു. അതുപോലെ ഇറാനുമായി അമേരിക്ക ഉണ്ടാക്കിയ പുതിയ നയതന്ത്രബന്ധവും ആണവക്കരാറും ഇതോടൊപ്പം കൂട്ടിവായിക്കേണ്ടതുണ്ട്. അമേരിക്കക്ക് ഈ മേഖലയിൽ അവരുടെ താൽപര്യങ്ങളല്ലാതെ സുസ്ഥാപിതമായ സമാധാനം വരണമെന്ന യാതൊരു ആഗ്രഹവുമില്ല എന്ന് അവരുടെ ഇരട്ട നിലപാടുകളിൽ നിന്ന് വ്യക്തമാണ്. അമേരിക്കയുടെ ഇറാനുമായുള്ള പുതിയ ബാന്ധവം സഊദിയെ ചൊടിപ്പിക്കുകയും ചെയ്യുന്നുണ്ട്.



യമൻ എന്ന രാജ്യം 1990 വരെ രണ്ട് രാജ്യമായിരുന്നു. വടക്ക് അറബ് റിപ്പബ്ലിക്ക് ഓഫ് യമനും തെക്ക് പീപ്പിൾസ് ഡമോക്രാറ്റിക്ക് റിപ്പബ്ലിക്ക് ഓഫ് യമൻ എന്നീ രണ്ടു രാജ്യങ്ങളായി വിഭജിച്ചു നിൽക്കുകയായിരുന്നു. അറബ് മേഖലയിലെ ഏക കമ്യൂണിസ്റ്റ് രാജ്യവും ഈ തെക്കൻ യമനായിരുന്നു. 1990 ൽ വടക്കൻ യമനിലെ അലി അബ്ദുല്ലാ സാലിഹ് പ്രസിഡന്റും തെക്കൻ യമനിലെ അലി സലിം അബെയ്ദിൻ വൈസ് പ്രസിഡന്റുമായി രണ്ടു യമനും യോജിച്ചു സമ്പൂർണ യമൻ നിലവിൽ വന്നു. 2011 ൽ അറബ് രാജ്യങ്ങളിൽ ആഞ്ഞുവീശിയ ജനാധിപത്യ വിപ്ലവത്തിൽ അലി അബ്ദുല്ലാ സാലിഹ് പുറത്തായി. തുടർന്ന് ജി സി സി ഇനിഷേറ്റീവ് പ്രകാരം 2012 ൽ നടന്ന തിരഞ്ഞെടുപ്പിൽ വൻഭൂരിപക്ഷത്തോടെയാണ് അബ്ദുൽ റബ്ബ് മൻസൂർ അൽഹാദി ഭരണാധികാരിയായി അധികാരത്തിൽ വന്നത്. ആ മൻസൂർ അൽ ഹാദിയെയാണ് ശിയാ ഹൂദി വിപ്ലവകാരികൾ ഇപ്പോൾ പുറത്താക്കി തലസ്ഥാനമായ സൻആയിൽ അധികാരം പിടിച്ചെടുത്തിരിക്കുന്നത്. കഴിഞ്ഞ പത്ത് വർഷമായി ഹൂതികളുമായി നടക്കുന്ന സംഘർഷത്തിൽ യമൻ ഭരണകൂടം ഇറാൻ അനുകൂലികളായ ഹൂതികൾക്ക് മുമ്പിൽ കീഴടങ്ങുകയായിരുന്നു. യമൻ മുൻ പ്രസിഡന്റും ശിയായുമായിരുന്ന അബ്ദുല്ലാ സാലിഹ് അധികാരത്തിൽ നിന്ന് പുറം തള്ളപ്പെട്ടപ്പോൾ ശിയാ ഹൂദി വിപ്ലവകാരികൾക്കൊപ്പമാണ് പ്രത്യക്ഷപ്പെട്ടത്. അബ്ദുല്ലാ സാലിഹിന്റെ പഴയ കൂട്ടാളികൾ സഹായിച്ചത് കൊണ്ടാണ് യമൻ ഭരണകൂടം യാതൊരു ചെറുത്തു നിൽപ്പുമില്ലാതെ ശിയാ ഹൂദികൾക്ക് കീഴ്പ്പെട്ടത്. മേൽ പറഞ്ഞതുപ്രകാരം യമനിൽ സംഭവിക്കുന്നത് അവരുടെ മുൻ പ്രസിഡന്റ് അബ്ദുല്ലാ സാലിഹും അമേരിക്കയും ഇറാനും ചേർന്നുള്ള നാടകമാണെന്ന് കരുതുന്നവർ ധാരാളമാണ്. ദരിദ്രരാജ്യമായ യമനെ അതിന്റെ ശക്തി വീണ്ടും ക്ഷയിപ്പിച്ച് ഒരു ശിയാ രാഷ്ട്രവും പ്രതിയോഗിയായ ഒരു സുന്നി രാഷ്ട്രവുമാക്കി വിഭജിക്കുക എന്ന പാശ്ചാത്യൻ പദ്ധതിയായിരിക്കുമോ യമനിൽ അരങ്ങേറുന്നത്?

യമനിലെ ശിയാക്കൾ സൈദികൾ എന്നാണ് വിളിക്കപ്പെടുന്നത്. സച്ചരിതരായ ഖലീഫമാരിൽപ്പെട്ട ഹദ്റത്ത് അലി (റ) യുടെ പുത്രൻ ഹുസൈനുബ്നു അലി (റ)യുടെ പേരക്കുട്ടിയായ സെയ്ദുബ്നു അലിയുടെ അനുയായികളായതു കൊണ്ടാണ് അവർ സൈദികൾ എന്ന് അറിയപ്പെടുന്നത്. സൈദി ശിയാക്കളെ ഹൂദികൾ എന്നാണ് സമീപ കാലത്ത് വ്യാപകമായി വിളിക്കപ്പെടുന്നത്. അതിന് കാരണം ശിയാക്കളുടെ സൈദി മിലിഷ്യാ നേതാവായിരുന്ന ഹുസൈൻ

അമേരിക്കക്ക് ഈ മേഖലയിൽ അവരുടെ താൽപര്യങ്ങളല്ലാതെ സുസ്ഥാപിതമയ സമാധാനം വരണമെന്ന യാതൊരു ആഗ്രഹവുമില്ല എന്ന് അവരുടെ ഇരട്ട നിലപാടുകളിൽ നിന്ന് വ്യക്തമാണ്. അമേരിക്കയുടെ ഇറാനുമായുള്ള പുതിയ ബാന്ധവം സഊദിയെ ചൊടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

ഐക്യരാഷ്ട്രസഭയുടെ മനുഷ്യ വികസന സൂചികയിൽ 176 ലോക രാഷ്ട്രങ്ങൾക്കിടയിൽ യമന്റെ സ്ഥാനം 154 ആണ്. അവികസിതവും ദുർഘടവുമായ പർവ്വത പ്രദേശങ്ങളിൽ ശക്തമായ ഗോത്രബോധത്തോടെ ജീവിക്കുന്ന ശിയാക്കൾ യമനിൽ പാർശ്വവത്ക്കരിക്കപ്പെട്ട ഒരു സമൂഹമാണ്.

ബദറുദ്ദീൻ അൽ ഹൂദി 2004 ൽ യമനി ഭരണ കൂടത്തിനെതിരെ നടത്തിയ ഒരു അക്രമണത്തിൽ കൊല്ലപ്പെടുകയും തുടർന്ന് തങ്ങളുടെ നേതാവിന്റെ പേരിനെ അനുസ്മരിച്ചുകൊണ്ട് ഹൂദികൾ എന്ന് സൈദി ശിയാ വിപ്ലവ മിലീഷ്യയിൽപ്പെട്ടവർ അറിയപ്പെടു കയും ചെയ്യുകയാണുണ്ടായത്.

മുപ്പത് ദശലക്ഷം ജന സംഖ്യയുള്ള യമനിൻ മുസ്ലിം ജനസംഖ്യയുടെ 35 മുതൽ 40 ശതമാനം വരെ ശിയാക്കളാണുള്ള ത്. വാസ്തവത്തിൽ യമനിലെ പ്രശ്നം ശിയാ സുന്നി മതവിഭാഗീ യത മാത്രമല്ല. യമനിലെ സൈദി ശിയാക്കൾക്ക് സുന്നി കളുമായുള്ള മതപരമായ വേർതിരിവ് അത്ര മാത്രം ശക്തമല്ല. മതപരം എന്നതി നേക്കാൾ ഭൗതിക സാഹചര്യങ്ങളാ ണ് ശിയാക്കളെയും സുന്നികളുടേ യും ജീവിതനിലവാരത്തിൽ നിഴലിക്കുന്നത്. യമന്റെ വടക്ക് ഭാഗത്താണ് ശിയാക്കൾ ജീവിക്കുന്ന ത്. യമൻ പൊതുവേ ഒരു ദരിദ്ര രാജ്യമാണ്. ഐക്യരാഷ്ട്രസഭയു ടെ മനുഷ്യ വികസന സൂചികയിൽ 176 ലോക രാഷ്ട്രങ്ങൾ ക്കിടയിൽ യമന്റെ സ്ഥാനം 154 ആണ്. അവികസിതവും ദുർഘടവുമായ പർവതപ്രദേശങ്ങളിൽ ശക്തമായ ഗോത്രബോധത്തോടെ ജീവിക്കുന്ന ശിയാക്കൾ യമനിൽ പാർശ്വവത്ക്ക രിക്കപ്പെട്ട ഒരു സമൂഹമാണ്. മുസ്ലിം രാജ്യങ്ങളിലെ എല്ലാ ഭരണ കൂടത്തേയും പോലെ പക്ഷപാതി ത്വങ്ങളും അഴിമതിയും നിറഞ്ഞ തായിരുന്നു ഭരണം. ആ ഭരണത്തിൽ നിന്ന് ആനുകൂല്യങ്ങളൊന്നും അവർക്ക് ലഭിച്ചിട്ടില്ല. ആയുധ ങ്ങൾ കൊണ്ടുനടക്കുന്ന ശീലമുള്ള സൈദിശിയാക്കളിൽ അൽഖായിദ സാന്നിദ്ധ്യവുമുണ്ട്. തെക്കൻ യമനിൽ ഏദൻ കേന്ദ്രമാക്കി പട്ടണ പ്രദേശങ്ങളിലാണ് സുന്നികൾ ജീവിക്കുന്നത്. താരതമ്യേന സുന്നികളുടെ ജീവിതനിലവാരം ശിയാക്കളേക്കാൾ മെച്ചപ്പെട്ടതാണ്. സുന്നികളിലെ ശാഫി മദ്ഹബുമായി ഏറ്റവും സാമ്യമുള്ളവരാണ് യമനിലെ സെയ്ദികൾ. അതായത് ശിയാക്കളിലെ തന്നെ ഇസ്നാ അശരിയ്യാ വിഭാഗക്കാരേക്കാൾ സുന്നികളുമായാണ് സൈദി ശിയാക്കൾക്ക് അടുപ്പമുള്ളത്. അതുകൊണ്ട് ഇവരും സുന്നികളു മായുള്ള മതപരമായ വ്യത്യാസ ങ്ങൾ ചരിത്രപരമായി ഒരു രാഷ്ട്രീയ സംഘർഷത്തിലേക്ക് ഇതുവരെ നീങ്ങിയിരുന്നില്ല.

പശ്ചിമേഷ്യ മുഴുവൻ ചരിത്രത്തിൽ മുമ്പെങ്ങും കാണാ ത്ത വിധം കൃത്രിമമായ ശിയാ സുന്നി വിഭജനത്തിലേക്ക് നീങ്ങുക യാണ്. പാശ്ചാത്യ സാമ്രാജ്യത്വ ത്തിന്റെ ലക്ഷ്യ സ്ഥാപനത്തിനാ യുള്ള ഒരു അരങ്ങൊരുക്കൽ എന്നതിൽ കവിഞ്ഞ് അത്യധികം ശാത്രവ ഭാവത്തോടെയുള്ള മാധ്യമ ങ്ങൾ അവതരിപ്പിക്കുന്ന ഈ വിഭജനം യാഥാർഥ്യവുമായി ബന്ധ മുള്ളതല്ല. ഇരുപക്ഷത്തും രഹസ്യ മായും പരസ്യമായും കളിക്കുന്ന പാശ്ചാത്യ ദജ്ജാലിയത്തിന്റെ വലയത്തിൽ നിന്ന് മുസ്ലിം രാജ്യങ്ങൾക്ക് കുതറി മാറാൻ സാദ്ധ്യമല്ല. വാസ്തവത്തിൽ പാശ്ചാ ത്യ സാമ്രാജ്യത്വത്തിന് എളുപ്പ ത്തിൽ വഴങ്ങിക്കൊടുക്കുന്ന സ്വാർഥവിധേയരും വിവര ശൂന്യരു മായ മുസ്ലിം രാഷ്ട്രീയവും മതപരവുമായ നേതൃത്വത്തിന്റെ ദൗർബല്യവും ജീർണതയും പാശ്ചാത്യ ശക്തികൾ സമർഥമായി ചൂഷണം ചെയ്ത് ആഗോള മുസ്ലിം സമൂഹത്തെ അവരുടെ ഇച്ഛകൾക്കനുസരിച്ച് രൂപപ്പെടുത്തു കയാണ്. ഈ ശിയാ സുന്നി വിഭജനത്തിന് ആക്കം പകരുന്ന രീതിയിലാണ് സഊദിയുടെയും ഇറാന്റെയും ലോകം മുഴുവനുമുള്ള ഗുണഭോക്താ ക്കൾ പെരുമാറുന്നത്. സുന്നി ശിയാ സംഘർഷങ്ങളും മതജിഹാദും വർധിപ്പിക്കുന്ന രീതിയിലാണ് അവരുടെ സാമ്പ ത്തിക സഹായം സ്വീകരിക്കുന്ന മത രാഷ്ട്രീയ സംഘടനകളും മതപണ്ഡിത ന്മാരും പെരുമാറുന്നത്. അവരുടെ പരിപാടികളിൽ സാഹി ത്യ പ്രവർത്തനം മുതൽ ബോംബ് വെക്കലും കൂട്ടക്കൊലകളും യുദ്ധങ്ങളും വരെയുണ്ട്. ഇറാൻ പാർലമെന്റ് അംഗം അലി റിദാ റസ്ഖാനി മദ്ധ്യപൗരസ്ത്യ ദേശ ത്തെ മൊത്തം സംഘർഷങ്ങളെയും യമൻ വിപ്ലവത്തെയും സൂചിപ്പി ച്ചുകൊണ്ട് ശിയാ വീക്ഷണ ത്തിൽ ഈയിടെ പറഞ്ഞത് ഇസ്ലാമിക വിപ്ലവത്തിന്റെ പ്രതിധ്വനി ബാഗ്ദാദ്, ദമസ്കസ്, ബൈറൂത്ത് തുടങ്ങി അറബ് തലസ്ഥാനങ്ങൾ പിന്നിട്ട് ഇപ്പോൾ യമനിലെ സൻആയിലും മുഴങ്ങുന്നു എന്നാണ്. ഈ സുന്നി ശിയാ വിഭാഗീയ ചിന്തകളും സമീപനങ്ങളും സാമ്രാജ്യത്വവും സയണിസ്റ്റുകളുടെയും മാത്രം സൃഷ്ടി എന്ന് പറഞ്ഞ് ഒഴിഞ്ഞു മാറാൻ മുസ്ലിം നേതൃത്വത്തിന്റെ സ്വാർഥ ലക്ഷ്യങ്ങൾ സാമ്രാജ്യത്വ ത്തിന്റെയും ലക്ഷ്യങ്ങളുമായി യോജിക്കുമ്പോഴാണ് ഈ വിഭാഗീയ ത പ്രവർത്തിച്ചു തുടങ്ങുന്നത് എന്ന് മുസ്ലിംകൾ മനസ്സിലാക്കണം. മുസ്ലിം രാജ്യങ്ങളിൽ സുന്നി ശിയാ വിഭാഗീയത ആളിക്കത്തുക യാണ്. ഈ കലാപാഗ്നി യിൽ പെട്ട് ചാമ്പലാവാൻ തക്കവണ്ണം മുസ്ലിം സമൂഹഗാത്രം സ്വയം ചാവേറാ യിക്കഴിഞ്ഞു എന്നതാണ് വാസ്ത വം. യമൻ അവസാനം എന്തായി ത്തീരും. നമുക്ക് കാത്തിരുന്ന് കാണാം.

# പ്രത്യേക അറിയിപ്പ്

ജമാഅത്തിൽ മരണപ്പെടുന്നവരുടെ അനുസ്മരണക്കുറിപ്പ് അടുത്ത ബന്ധുക്കൾ ജമാഅത്ത് അമീർ/സദർ സാഹിബിന്റെ സാക്ഷ്യത്തോടെ അറിയിക്കേണ്ടതാണ്. അക്ഷരത്തെറ്റു കൂടാതെ കഴിയുന്നതും ഡി. റ്റി. പി. ചെയ്ത് എഡിറ്ററുടെ ഈ മെയിൽ അഡ്രസിലും ഒരു പ്രിന്റ് ചെയ്തതോ എഴുതിയതോ ആയ കോപ്പി മേൽ പറഞ്ഞ സാക്ഷ്യത്തോടെ പോസ്റ്റലായും അയച്ചുതരണം. പരേതനെ/പരേതയെ സംബന്ധിച്ച് വളരെ ഹ്രസ്വമായ വിവരണമാണ് സത്യദൂതൻ നൽകുക. അത്കൊണ്ട് വസ്തുനിഷ്ഠവും കാര്യമാത്ര പ്രസക്തവുമായ ലഘു വിവരണം മാത്രം നൽകുക. ഫോണിലൂടെ അനുസ്മരണക്കുറിപ്പ് പറയുന്നത് ഒഴിവാക്കണം. പുരുഷന്മാരുടെ നല്ല റിസലൂഷനുള്ള കളർ ഫോട്ടോ കുറിപ്പിനോടൊപ്പം തന്നെ അയക്കണം.

പുരസ്ക്കാരങ്ങൾ, അംഗീകാരങ്ങൾ, നിയമനങ്ങൾ ഉന്നത വിജയം മുതലായ വാർത്തകളും മറ്റു ജമാഅത്തിന്റെ വാർത്തകളും അതാത് പ്രദേശത്തെ അമീർ/പ്രസിഡന്റ് സാഹിബിന്റെ സാക്ഷ്യത്തോടെയാണ് അയക്കേണ്ടത്. ഇ-മെയിൽ/പോസ്റ്റലിൽ അയക്കുന്ന മാറ്റർ ലഭ്യമായോ എന്ന് എഡിറ്ററെ ഫോണിൽ വിളിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

പരിപാടികളുടെ ഫോട്ടോകൾ പരിചയസമ്പന്നരായ ആളുകളോ പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാരെക്കൊണ്ടോ പ്രസ്സ് ഫോട്ടോയുടെ നിലവാരത്തിലും ശരിയായ ആംഗിളിലും എടുത്ത് പ്രസിദ്ധീകരണ യോഗ്യമായ രീതിയിൽ അയച്ചു തരണം. ഫോട്ടോകളും മാറ്ററുകളും അയച്ചു തരേണ്ട ഇ മെയിൽ വിലാസം salimqld@gmail.com എന്നാണ്. സഹകരം അഭ്യർഥിച്ച് കൊണ്ട്

**എഡിറ്റർ, സത്യദൂതൻ**

## തഹ്‌രീക്ക് ജദീദ് അർധ വാർഷികം പിന്നിട്ടു

നവംബർ 1-ാം തീയതി ആരംഭിച്ച തഹ്‌രീക്ക് ജദീദ് ആറുമാസം പിന്നിട്ടിരിക്കുന്നു. ജമാഅത്തംഗങ്ങൾ അവരുടെ വാഗ്ദാനങ്ങൾ അഭൂതപൂർവമാം വിധം വർദ്ധിപ്പിച്ചിട്ടുണ്ട്. അൽഹംദുലില്ലാഹ്. ചില ജമാഅത്തുകൾ അനുഗൃഹീതമായ ഈ പദ്ധതിക്ക് വേണ്ടത്ര ശ്രദ്ധ കൊടുക്കാത്തത് ഖേദകരമാണ്. ഈ പദ്ധതിയുടെ സ്ഥാപകരായ മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു: ചന്ദ തഹ്‌രീക്ക് ജദീദ് എത്രയും വേഗം അടച്ചുതീർക്കാൻ ജമാഅത്തംഗങ്ങൾ പരിശ്രമിക്കേണ്ടതാണ്. അത് വർഷാവസാനം വരെ നീട്ടി വെക്കരുത്. നിസ്സാരമാക്കി അതിനെ അവഗണിക്കരുത്. (മജ്‌ലിസെ ശൂറ: 1936 ഫെബ്രു:12) ബാക്കി വാഗ്ദാനതുക ഉടൻ തന്നെ അടച്ച് തീർക്കണമെന്ന് വിനയപൂർവ്വം ഉണർത്തുന്നു.

## അത്ഫാലുൽ അഹ്‌മദിയ്യ ത്രിദിന ക്യാമ്പ്

എറണാകുളം ജില്ലാ അത്ഫാലുൽ അഹ്‌മദിയ്യ ത്രിദിന ക്യാമ്പ് ഏപ്രിൽ 3,4,5 തീയതികളിലായി ഐരാപുരത്ത്‌വെച്ച് നടന്നു. എറണാകുളം ജില്ലാ അമീർ പി. കെ. ശാഹുൽ ഹമീദ് സാഹിബ് ക്യാമ്പിന്റെ ഉദ്ഘാടനം നിർവഹിച്ചു. ജില്ലാ ഖാഇദ് മുഹമ്മദ് സഫ്‌വാൻ സാഹിബിന്റെ അദ്ധ്യക്ഷ തയിൽ നടന്ന ഉദ്ഘാടന യോഗത്തിൽ ഐരാപുരം ജമാഅത്ത് സദർ കെ.എം.നൂറുദ്ദീൻ ആശംസകളർപ്പിച്ചു. ഇ.എച്ച്. നജീബ്, നൗഷാദ് പള്ളുരുത്തി, മൗലവി ആരിഫ്, മൗലവി ഹാഷിം, മൗലവി സൈനുൽ ആബിദീൻ, ബി. മുഹമ്മദ് താഹിർ തുടങ്ങിയവർ വ്യത്യസ്ത വിഷയങ്ങളിലായി ക്ലാസുകൾ എടുത്തു.

## തെറ്റായ വാർത്ത കൊടുത്തതിൽ ഖേദിക്കുന്നു

2015 ഏപ്രിൽ ലക്കം സത്യദൂതനിൽ, ബി ഇഫ്തികാർ അഹ്‌മദ് രാജ്യാന്തര റിസർച്ച് പേപ്പർ പ്രസാധകരായ മീററ്റിലെ ജേർണൽ അനു ബുക്സ് ഇന്ത്യയുടെ ഈ വർഷത്തെ റിസർച്ച് ഒഥേർസ് അവാർഡിന് അർഹനായി എന്ന വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത വാർത്ത തെറ്റാണ്. തെറ്റായ വാർത്ത കൊടുക്കേണ്ടി വന്നതിൽ ഖേദിക്കുന്നു.

പത്രാധിപർ, സത്യദൂതൻ

## ഷമീന ഫുആദ്

കരുനാഗപ്പള്ളി ജമാഅത്തിലെ ഡോ. ഫുആദ് ജലീൽ സാഹിബിന്റെ ഭാര്യയും ജനാബ് അബ്ദുൾ വാഹിദ് സാഹിബിന്റെ മകളുമായ ഷമീന ഫുആദ് (40) മാർച്ച് 11 നു നിര്യാതയായി. (ഇന്നാലില്ലാഹ്)
മക്കൾ: സംറ (19), ഇംറാൻ (12), സഹോദരങ്ങൾ: റജീന നസീം (എറണാകുളം), വസീന സജിത് (തിരുവനന്തപുരം), ഹസീന അനിൽ (ദുബായ്), സബീന വാജിദ് (കരുനാഗപ്പള്ളി). പരേതയ്ക്ക് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നല്കുമാറാകട്ടെ.

**- അബ്ദുൾ ജലീൽ കരുനാഗപ്പള്ളി**

(കഴിഞ്ഞ ലക്കത്തിലെ പിഴവ് തിരുത്തി വായിക്കാനപേക്ഷ)



കേരളത്തിൽ നിന്നുള്ള കുട്ടികൾ പരിശുദ്ധ ഖാദിയാൻ സന്ദർശന വേളയിൽ

# സൗഹൃദ സംഗമം

കണ്ണൂർ സിറ്റി മാർച്ച് 23 ന് മസീഹ് മൗഊദ് ദിനത്തോടനുബന്ധിച്ച് കണ്ണൂർ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ സൗഹൃദ സായാഹ്നം സംഘടിപ്പിച്ചു. കണ്ണൂർ ജവഹർ നഗർ ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി വിഖ്യാത കഥാകാരൻ ശ്രീ. ടി.പത്മനാഭൻ ഉദ്ഘാടനം ചെയ്തു. ഇസ്‌ലാമിന്റെ പേരിൽ അക്രമം അഴിച്ച് വിടുന്നവർ കാരുണ്യത്തിന്റെ മതമായ ഇസ്‌ലാമിനെ അറിയാത്തവരാണെന്നും പെഷവാറിൽ സ്കൂൾ കുട്ടികളെ ക്രൂരമായി വധിച്ച പൈശാചികതയെ ഇസ്‌ലാമിന്റെ കണക്കിൽപ്പെടുത്തുവാൻ മത്സരിക്കുന്ന ക്രൂരരെ എന്ത് പേരിലാണ് വിളിക്കേണ്ടതെന്നും അദ്ദേഹം ചോദിച്ചു. ജില്ലാ അമീർ മൻസൂർ അഹ്മദ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ നടന്ന പരിപാടിയിൽ എം.അബ്ദുർഹ്മാൻ സാഹിബ് ആമുഖ ഭാഷണം നടത്തി. എ. ഐ. ആർ പ്രോഗ്രാം ഡയറക്ടർ കെ. ബാലചന്ദ്രൻ, കെ. പി. എ. റഹിം എന്നിവർ പ്രസംഗിച്ചു. ഗാലിബ് റിഹാൻ ഖുർആൻ പരായണവും ടി. ഷറഫുദ്ദീൻ സ്വാഗതവും പറഞ്ഞു.




സൗഹൃദ സായാഹ്നം വിഖ്യാത കഥാകൃത്ത് ടി. പത്മനാഭൻ ഉദ്ഘാടനം ചെയ്യുന്നു. കണ്ണൂർ സിറ്റി ജമാഅത്ത് അമീർ എം. മസൂദ് സാഹിബ്, ജില്ലാ അമീർ യു. മൻസൂർ സാഹിബ് .കെ. ബാലചന്ദ്രൻ, കെ .പി. എ റഹിം എന്നിവർ വേദിയിൽ




പള്ളുരുത്തി ജമാഅത്ത് പള്ളുരുത്തി കോർപ്പറേഷൻ മിനി ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച പൊതുയോഗം എറണാകുളം ജില്ലാ അമീർ പി.കെ. ശാഹുൽ ഹമീദ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. സത്യദൂതൻ പത്രാധിപർ എ. എം. മുഹമ്മദ് സലീം, മൗലവി സുൽത്താൻ നസീർ, ഇ.എച്ച്. നജീബ്, മൗലവി ടി.എം. മുഹമ്മദ് എന്നിവർ വേദിയിൽ.

www.alislam.org

Published on 7 May 2015

Vol: 87 Issue.5
Price Rs. **20/-**

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17
Licensed to Post Without Prepayment

**The Sathyadoothan Monthly**

# Ahmadiyya Muslim Community

Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

## Quran

Read the Holy Quran in easy Yassarnal Quran Font

## Conditions of Bai'at

A pocket reference of Shara't-e-Bai'at in 7 languages

## Sermons

Huzoor's Friday Sermons In 15 languages

## MTA

Watch MTA Live, view Schedule and much more

## Ahmadiyya News

Stay up to date with the Latest jama'at news




View these apps at
alislam.org/apps
or scan the QR code below

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഒരു ദൈവീക പ്രസ്ഥാനം**
**കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020**

Toll Free (9 am to 9 pm)